www.malankaralibrary.com

Kerala Catholic Bishops' Council's
Commission for Social Harmony and Vigilance

# KCBC JAGRATHA

## കെസിബിസി ജാഗ്രതന്യൂസ്

Issue 283 2022 JANUARY



- കത്തോലിക്കാസഭയുടെ നിലപാടുകൾ പ്രകോപനമാകുന്നതാർക്ക്?
- ഗാഡ്ഗിൽ കസ്തൂരിരംഗൻ റിപ്പോർട്ടുകൾ വീണ്ടും ചർച്ചയാകുമ്പോൾ...
- ക്രൈസ്തവർ പീഡിപ്പിക്കപ്പെടുമ്പോൾ...

**പോക്സോ ആക്ടും ജുവനൈൽ ജസ്റ്റിസ് ആക്ടും**
**സ്ഥാപന അധികാരികൾ അറിഞ്ഞിരിക്കേണ്ട നിയമവശങ്ങൾ**

FOR PRIVATE CIRCULATION

www.malankaralibrary.com

## *മുഖവുര*

മനുഷ്യർ ഒറ്റക്കെട്ടായി നിന്ന് നേരിടേണ്ട വിഷയങ്ങൾ ഇന്ന് പലതാണ്. മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായി അത്തരം ഓർമ്മപ്പെടുത്തലുകൾ തുടരെ ആവർത്തിക്കുന്നു. ആരോഗ്യപരവും സാമ്പത്തികവും സാമൂഹികവും രാഷ്ട്രീയവും പാരിസ്ഥിതികവും തുടങ്ങി വിവിധ മേഖലകളിൽനിന്നുള്ള പ്രതിസന്ധികൾ രൂക്ഷമാകുമ്പോൾ പരസ്പരം അടുക്കാനും, സഹകരണവും സഹവർത്തിത്വവും ശക്തമാക്കാനുമാണ് ഏവരും ശ്രമിക്കേണ്ടത്. തമ്മിൽ അകലാനും അകറ്റാനും കാരണങ്ങൾ അന്വേഷിക്കുന്ന ഒരു ലോകത്തിന് പ്രതിസന്ധികളെ അതിജീവിക്കാനുള്ള കരുത്താർജ്ജിക്കാനാവില്ല എന്ന് തീർച്ച. കുറവുകളുള്ള ഒരു ലോകത്ത് കുറവുകളുള്ള അനേകർക്കിടയിലാണ് മനുഷ്യസഹജമായ കുറവുകളോടുകൂടി ഓരോരുത്തരും ജീവിക്കുന്നത്. കുറവുകൾ നികത്തി മികവോടെ മുന്നോട്ടുപോകാൻ ഏറ്റവും നല്ല മാർഗ്ഗം നിരുപാധികമായ സഹകരണ മനോഭാവമാണ്. ഇന്നോളമുള്ള മാനവചരിത്രത്തിൽ വ്യക്തതയോടെ രേഖപ്പെടുത്തപ്പെട്ടിട്ടുള്ള ഒന്നാണത്. പരിഹാരങ്ങൾ അന്യമായിരുന്ന വലിയ പ്രതിസന്ധികളുടെ ചരിത്രങ്ങളുണ്ട്. അത്തരം പ്രതിസന്ധികളാണ് അതാത് കാലഘട്ടങ്ങളിലെ മനുഷ്യർ ഒരുമയോടെ ചേർന്നു നിൽക്കാൻ പ്രധാന കാരണമായിരുന്നത്. എന്നാൽ, ഇന്നത്തെ കാഴ്ചകളും അനുഭവങ്ങളും വ്യത്യസ്തമാണ്. ഈ പ്രതിസന്ധികളുടെ കാലത്തും വ്യക്തികളും സമുദായങ്ങളും തമ്മിലുള്ള അകൽച്ച വർദ്ധിക്കുന്നു.

കഴിഞ്ഞ കാലങ്ങളിൽ വർദ്ധിച്ചുവന്ന മാധ്യമ സ്വാധീനവും, സാമൂഹ്യ മാധ്യമങ്ങളിലെ ദുഷ്പ്രചരണങ്ങളും, രാഷ്ട്രീയ സംവിധാനങ്ങളിലേക്കുള്ള വർഗ്ഗീയ ശക്തികളുടെ കടന്നുകയറ്റവും മനുഷ്യരിൽ അബദ്ധധാരണകളും തെറ്റായ കാഴ്ചപ്പാടുകളും രൂപപ്പെടുത്താൻ ഇടയാക്കിയിട്ടുണ്ട്.

സ്ഥാപിത താൽപര്യങ്ങൾ ഉള്ളിൽ സൂക്ഷിക്കുന്നവരുടെ ആഖ്യാനങ്ങൾക്ക് ചെവികൊടുക്കാത്ത ഒരു തലമുറ ഇവിടെ ശക്തിപ്രാപിക്കുക എന്നത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. സത്യത്തെ സ്നേഹിക്കുന്ന, നീതിക്കും ന്യായത്തിനും പക്ഷം ചേരുന്ന അത്തരമൊരു വിഭാഗത്തിന്റെ കൈകളിൽ ഈ നാടിന്റെ ഭാവി സുരക്ഷിതമായിരിക്കും.

KCBC
JAGRATHA
കെസിബിസി ജാഗ്രതന്യൂസ്

**JANUARY 2022 | Issue 283**

Pastoral Orientation Centre
Palarivattom, Kochi - 25
Phone: 0484 280 6262

**PATRON**
Rt. Rev. Dr. Joseph Kariyil

**CHIEF EDITOR**
Rev. Dr. Michael Pulickal CMI

**CONSULTANT EDITOR**
Rev. Dr. Joshy Mayyattil

**EXECUTIVE EDITOR**
Vinod Nellackal

**SUB EDITOR**
Rintu John

**DESIGN & LAYOUT**
Lithin Mahew

**OFFICE & DTP**
Vimala Shaji

www.malankaralibrary.com

# ഉള്ളടക്കം













കർഷകരുടെ മുറവിളി അവഗണിക്കരുത് 17

കസ്തൂരിരംഗൻ റിപ്പോർട്ട്: കേരളം ജാഗ്രതയോടെ നീങ്ങണം 22

ദേശീയ ബാലാവകാശ കമ്മീഷൻ ചെയർമാനും കത്തോലിക്കാ സന്യസ്തരും തമ്മിലെന്ത്? 37

ഒരു വലിയ വര വരച്ചാൽ മറ്റൊന്ന് ചെറുതാകുമോ? 41

സൈബർ ടെററിസം കേരളത്തിൽ പിടിമുറുക്കുന്നു 44

സന്യാസം ചോദ്യം ചെയ്യപ്പെടുന്നതിന് പിന്നിൽ... 48

സ്വന്തം ശരീരത്തോടുള്ള സ്നേഹം തെറ്റാണോ? 53

55ാമത് ലോക സമാധാനദിനത്തോടനുബന്ധിച്ച് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ നൽകുന്ന സന്ദേശം 56

മതനിയമങ്ങൾ കാലത്തിനൊത്തു മാറ്റാനാവുമോ? 61

**അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അറിയിക്കാനും**
**കെസിബിസി ജാഗ്രതാ ന്യൂസ് കോപ്പികൾ ലഭിക്കാനും:**

Secretary, KCBC Commission for Social Harmony and Vigilance
POC, Palarivattom, Kochi - 25
Whatsapp: +917594900555, E-mail: kcbcshvc@gmail.com

www.malankaralibrary.com



# കത്തോലിക്കാസഭയുടെ നിലപാടുകൾ പ്രകോപനമാകുന്നതാർക്ക്?

**ഫാ. മൈക്കിൾ പുളിക്കൽ സിഎംഐ**

**രാ**ഷ്ട്രീയവും വർഗ്ഗീയവുമായ സ്ഥാപിതതാൽപര്യങ്ങളും, ഉപഭോഗത്തിന്റെയും സുഖലോലുപതയുടെയും കച്ചവടതാൽപര്യങ്ങളും സാമൂഹ്യമാധ്യമങ്ങളുൾപ്പെടെയുള്ള മാധ്യമ സംവിധാനങ്ങളെയും ഭരണകൂടങ്ങളെയും അടക്കിഭരിക്കുമ്പോൾ സത്യവും നീതിയും ന്യായവും തിരിച്ചറിയാൻ പൊതുജനത്തിന് കഴിയാതെ പോകുന്നുണ്ടെന്നുള്ളത് നിസ്തർക്കമായൊരു വാസ്തവമാണ്. കരുതിക്കൂട്ടിയുള്ള തെറ്റിദ്ധരിപ്പിക്കലുകൾ വാർത്താവിനിമയ സംവിധാനങ്ങളുടെ സമസ്ത മേഖലകളിലും കണ്ടെത്താനാവും. ഊഹാപോഹങ്ങളിലും ഭാവനകളിലും മാത്രം ഊന്നിക്കൊണ്ട്, തെളിവുകളില്ലാത്തതും തെളിയിക്കപ്പെടാനാവാത്തതുമായ ആരോപണങ്ങളാൽ ചെളിവാരിയെറിഞ്ഞ് എല്ലാറ്റിനെയും, പ്രത്യേകിച്ച്, മൂല്യാധിഷ്ഠിതവും ധാർമികവുമായ ആശയങ്ങളെയും അവയ്ക്കുവേണ്ടി നിലകൊള്ളുന്ന സംവിധാനങ്ങളെയും വ്യക്തികളെയും അപകീർത്തിപ്പെടുത്താനും, അവഹേളിക്കാനുമുള്ള ശ്രമങ്ങൾ അനുദിനം വർദ്ധിച്ചു വരുന്നതായി കാണാം. കുറച്ചുകൂടി വ്യക്തമായി നിരീക്ഷിച്ചാൽ, ചില പ്രത്യയശാസ്ത്രങ്ങൾ ഈ സമൂഹത്തിൽ അധീശത്വം നേടിയെടുക്കാൻ ശ്രമിക്കുന്നതിന്റെ ഭാഗമായി ജനകീയവും ജനപക്ഷത്തുള്ളതും പക്വതയോടെ നിലകൊള്ളുന്നതുമായ എന്തിനെയും തകർക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയും ലഭ്യമായ അവസരങ്ങൾ അതിനായി ബോധപൂർവ്വം ഉപയോഗിക്കുകയും ചെയ്തുവരുന്നുണ്ട്. അത്തരത്തിൽ, മാധ്യമ സങ്കേതങ്ങളും രാഷ്ട്രീയ സ്വാധീനങ്ങളും ഉപയോഗിച്ചുള്ള കടന്നാക്രമണങ്ങളും അപവാദ പ്രചാരണങ്ങളും ഏറ്റവുമധികം നേരിട്ടുകൊണ്ടിരിക്കുന്നത് കത്തോലിക്കാസഭയുടെ നിലപാടുകളും നേതൃത്വവുമാണ് എന്നുള്ളത് നിസ്തർക്കമാണ്. യഥാർത്ഥത്തിൽ കത്തോലിക്കാസഭയെപ്പോലെ സ്വന്തം തെറ്റുകൾ തിരിച്ചറിഞ്ഞ് തിരുത്തുന്നതിൽ നിതാന്ത ജാഗ്രത പുലർത്തുന്ന മറ്റൊരു മത സമുദായവും ഈ ലോകത്തിലില്ല. എന്നിട്ടും, എന്തുകൊണ്ടാണ് സഭ ഇത്രമാത്രം സംഘടിതമായ മാധ്യമാതിക്രമങ്ങൾക്കും വിചാരണകൾക്കും വിധേയമാകുന്നത്?

കത്തോലിക്കാസഭ എന്നും ഉയർത്തിപ്പിടിച്ചിട്ടുള്ള മൂല്യാധിഷ്ഠിതവും ധാർമികവുമായ അചഞ്ചല നിലപാടുകൾതന്നെയാണ് ശക്തരായ പ്രതിയോഗികളെ സൃഷ്ടിച്ചിട്ടുള്ളത്. മനുഷ്യജീവന്റെ മഹത്ത്വത്തെയും കുടുംബങ്ങളുടെ കെട്ടുറപ്പിനെയും ധാർമ്മിക മൂല്യങ്ങളെയും എക്കാലവും ഉയർത്തിപ്പിടിക്കുകയും ആ പക്ഷത്ത് വിട്ടുവീഴ്ചകൾ കൂടാതെ നിലനിൽക്കുകയും ചെയ്തിട്ടുള്ള സഭയ്ക്ക് അത്തരത്തിലാണ് പ്രതിയോഗികളും രൂപപ്പെട്ടിട്ടുള്ളത്. സ്ഥാപിത താല്പര്യങ്ങളുടെയും ചില പ്രത്യേക അജണ്ടകളുടെയും തുടർച്ചയായി മനുഷ്യ ജീവൻ വിലമതിക്കപ്പെടാത്ത സാഹചര്യങ്ങൾ ഉണ്ടാവുമ്പോഴും, നിരപരാധികളായ അനേകായിരങ്ങളെ ദുരിതത്തിൽ അകപ്പെടുത്തുന്ന നിലപാടുകൾക്ക് കച്ചവടലോകം പ്രാമുഖ്യം കൽപിക്കുമ്പോഴും ശക്തമായി പ്രതികരിക്കാൻ സഭ ഒരിക്കലും വൈമുഖ്യം കാണിച്ചിട്ടില്ല. കേരളത്തിന്റെ പശ്ചാത്തലത്തിലും ആഗോള തലത്തിലും അത് എക്കാലവും അങ്ങനെ തന്നെയാണ്.

കുടുംബം, ലൈംഗികത തുടങ്ങിയ ധാർമ്മിക വിഷയങ്ങളിലെ സഭയുടെ ഉറച്ച നിലപാടുകൾക്ക് ഒരിക്കലും മാറ്റമുണ്ടായിട്ടില്ല. കുടുംബങ്ങളുടെ കെട്ടുറപ്പിനെ

www.malankaralibrary.com




ബാധിക്കുന്നവിധത്തിൽ ഉത്തരാധുനികത പിടിമുറുക്കുമ്പോൾ അവയുടെ വക്താക്കളോടു സമരസപ്പെടാൻ സഭ ഒരിക്കലും തയ്യാറായിട്ടില്ല. ധാർമ്മിക വിഷയങ്ങളിൽ മാത്രമല്ല, ആഗോളതലത്തിൽ മനുഷ്യനെയും പരിസ്ഥിതിയെയും ബാധിക്കുന്ന എല്ലാവിഷയങ്ങളെക്കുറിച്ചും ആഴമേറിയ പഠനങ്ങൾ നടത്തി ഏറ്റവും പക്വമായ നിലപാട് സ്വീകരിക്കാനാണ് എക്കാലവും കത്തോലിക്കാസഭ ശ്രമിച്ചിട്ടുള്ളത്. ഓരോ കാലഘട്ടത്തിലെയും മാർപ്പാപ്പമാരുടെ വിവിധ വിഷയങ്ങളിലുള്ള പ്രബോധനങ്ങൾ ശക്തമായ സാമൂഹിക ഇടപെടലുകൾക്ക് കാരണമായി മാറാൻ പ്രധാന കാരണം പഠനങ്ങളുടെ പിൻബലമാണ്. പോപ്പ് ഫ്രാൻസിസിന്റെ ചാക്രികലേഖനങ്ങളായ ഫ്രത്തെല്ലി തൂത്തി, ലൗദാതോ സി തുടങ്ങിയവ സമീപകാല ഉദാഹരണങ്ങളാണ്.

പരിസ്ഥിതിയോടുള്ള ആധുനിക മനുഷ്യന്റെ അനാരോഗ്യകരമായ നിലപാടുകളുടെ പശ്ചാത്തലത്തിൽ പരിസ്ഥിതി സംരക്ഷണത്തിന്റെ ശക്തമായ സന്ദേശം നൽകിയ ഒരു ചാക്രിക ലേഖനമായിരുന്നു ലൗദാതോ സി (അങ്ങേക്ക് സ്തുതി). ലോകനേതാക്കളെയും നാനാജാതി മതസ്ഥരെയും ക്രിയാത്മകമായി സ്വാധീനിക്കാൻ ആ ഗ്രന്ഥത്തിലൂടെ പാപ്പയ്ക്ക് സാധിച്ചു എന്നുള്ളത് അന്തർദേശീയ മാധ്യമങ്ങൾ ഒരേസ്വരത്തിൽ അടിവരയിട്ടുറപ്പിച്ചിട്ടുള്ള വസ്തുതയാണ്. കത്തോലിക്കാസഭയുടെ പരിസ്ഥിതിയോടുള്ള നിലപാടിന് മാറ്റങ്ങളില്ല. എന്നാൽ, പരിസ്ഥിതി തീവ്രവാദത്തെ സഭ പിന്തുണയ്ക്കുന്നില്ല. ഗാഡ്ഗിൽ കസ്തൂരിരംഗൻ കമ്മീഷൻ റിപ്പോർട്ടുകളുമായി ബന്ധപ്പെട്ട് വർഷങ്ങൾക്ക് മുമ്പുണ്ടായ വിവാദങ്ങളും ഇപ്പോഴും ആവർത്തിച്ചുകൊണ്ടിരിക്കുന്ന പ്രചാരണങ്ങളും തെറ്റിദ്ധാരണാജനകമായ ആഖ്യാനങ്ങളുടെ തുടർച്ചയാണ്. മനുഷ്യജീവിതങ്ങൾക്കും ജീവനും മറ്റെന്തിനെക്കാളും വിലയുണ്ട് എന്ന മാറ്റമില്ലാത്ത നിലപാടിന്റെ ഭാഗമായാണ് അത്തരം ഘട്ടങ്ങളിൽ സഭയും വൈദികരും സാധാരണക്കാരുടെ ആശങ്കകൾ ഏറ്റെടുക്കാൻ തയ്യാറായിട്ടുള്ളത്. മനുഷ്യനെ പുറത്താക്കി പ്രകൃതി സംരക്ഷിക്കണമെന്നുള്ള കാഴ്ചപ്പാടല്ല സഭയ്ക്കുള്ളത്.

ഫ്രാൻസിസ് മാർപ്പാപ്പ തലവനായിരിക്കുന്ന ആഗോള കത്തോലിക്കാ സഭയും, കേരള സഭാനേതൃത്വവും ചില വിഷയങ്ങളിൽ രണ്ടു തട്ടിലാണെന്നുള്ള വിധത്തിൽ നിരന്തര പ്രചരണങ്ങൾ നടക്കുന്നത് യാദൃശ്ചികമാണെന്ന് കരുതാനാവില്ല. ഏതെങ്കിലും ഒരു സംഭവത്തിൽ മാത്രമല്ല, കഴിഞ്ഞ ചില വർഷങ്ങളായി ഒട്ടേറെ വിഷയങ്ങളിലെ സഭയുടെ നിലപാടുകളും അവയുമായി ബന്ധപ്പെട്ട പ്രബോധനങ്ങളും തെറ്റായ വ്യാഖ്യാനങ്ങളോടെയും ദുരുദ്ദേശ്യപരമായ ആഖ്യാനങ്ങളുടെ അകമ്പടിയോടെയും മുഖ്യധാരാ മാധ്യമങ്ങളിൽ മുതൽ രാഷ്ട്രീയക്കാരുടെ തെരുവ് പ്രസംഗങ്ങളിൽ വരെ അവതരിപ്പിക്കപ്പെട്ടുവരുന്നുണ്ട്. സാമൂഹ്യ മാധ്യമങ്ങളുടെ സ്വാധീനം വർദ്ധിച്ചുവരുന്നതിനൊപ്പം ശക്തിയാർജ്ജിച്ചിട്ടുള്ള വിവിധ സൈബർ വിംഗുകളും ഓൺലൈൻ മാധ്യമ സംവിധാനങ്ങളും ഇത്തരം കാര്യങ്ങൾക്ക് പ്രത്യേക ശ്രദ്ധ കൊടുത്ത് കാണാറുമുണ്ട്.

അബോർഷൻ, സ്വവർഗ്ഗലൈംഗികത, വിവാഹം, പരിസ്ഥിതി സംരക്ഷണം, വിവിധ ജീവശാസ്ത്ര ഗവേഷണങ്ങൾ തുടങ്ങി ഈ കാലഘട്ടത്തിൽ ചർച്ച ചെയ്യപ്പെടുകയും സംവാദങ്ങളും ആശയ സംഘട്ടനങ്ങളും പതിവായി ദൃശ്യമാവുകയും ചെയ്യുന്ന ഒട്ടേറെ വിഷയങ്ങളിൽ സുവ്യക്തമായ നിലപാടുകളോടെ ഉറച്ചുനിൽക്കുകയും മാനുഷികവും നീതിപൂർണ്ണവും ധാർമികവുമായ നിലപാടുകൾ സ്വീകരിക്കാൻ വിവിധ ഭരണകൂടങ്ങളെയും പൊതുസമൂഹത്തെയും ശക്തരാക്കുകയും ചെയ്യുക എന്ന വലിയ ദൗത്യം സഭയ്ക്കുണ്ട്. ഉത്തരാധുനികതയുടെ വക്താക്കൾ ചമഞ്ഞ് സാമൂഹിക ധാർമ്മിക ചട്ടക്കൂടുകൾ പൊളിച്ചുമാറ്റി തങ്ങളുടെ ഇഷ്ടാനുസരണം മറ്റൊന്ന് പണിയാൻ വ്യഗ്രതപ്പെടുന്ന പ്രത്യയശാസ്ത്രങ്ങളും ശക്തികേന്ദ്രങ്ങളും കത്തോലിക്കാസഭയെ ശത്രുപക്ഷത്ത് നിർത്തുകയും ആക്രമിച്ച് തോൽപിക്കാൻ ശ്രമിക്കുകയും ചെയ്യുന്നതിൽ അത്ഭുതപ്പെടേണ്ടതില്ല. ആഴമുള്ള വിശകലനങ്ങളും വായനയും ഇല്ലാതായ ഈ ലോകത്തിൽ തെറ്റിദ്ധാരണകൾ പ്രചരിപ്പിക്കാൻ വളരെ എളുപ്പവുമാണ്. അബദ്ധ ധാരണകൾ വെടിഞ്ഞ് യാഥാർത്ഥ്യം ഉൾക്കൊള്ളുന്നവരാകാൻ ഈ പുതിയവർഷത്തിൽ എല്ലാവർക്കും സാധ്യമാകട്ടെ.

www.malankaralibrary.com

# ക്രൈസ്തവർ പീഡിപ്പിക്കപ്പെടുമ്പോൾ...

***ഫാ. ജേക്കബ് ജി പാലക്കാപ്പിള്ളി***
*ഡെപ്യൂട്ടി സെക്രട്ടറി, കെസിബിസി*



**ഒ**രുപാട് കയറ്റിറക്കങ്ങളിലൂടെ സഞ്ചരിച്ച് രണ്ടു സഹസ്രാബ്ദങ്ങൾ പിന്നിട്ട ചരിത്രമാണ് ക്രൈസ്തവരുടേത്. പിന്നിട്ട വഴികളിൽ കടുത്ത പീഡനങ്ങളും അടിച്ചമർത്തലുകളും മർദ്ദനങ്ങളും കൂട്ടക്കൊലകളും രക്തപ്പുഴകളും എല്ലാമുപേക്ഷിച്ചുള്ള പലായനങ്ങളും പലപ്പോഴായി ഉണ്ടായിട്ടുണ്ട്. ക്രിസ്തുവിന്റെ പീഡാസഹനത്തിലും കുരിശുമരണത്തിലും, ശേഷമുള്ള ഉത്ഥാനത്തിലും വേരാഴ്ത്തിയ ക്രൈസ്തവാധ്യാത്മികത വെല്ലുവിളികൾക്ക് മുന്നിൽ പതറുന്ന ഒന്നല്ല. മറിച്ച്, പീഡാനുഭവത്തിൽനിന്ന് ഉത്ഥാനത്തിനുള്ള ശക്തി സംഭരിക്കുന്ന സവിശേഷമായ ഒന്നാണത്. മാനുഷികമായ കണക്കുകൂട്ടലുകൾക്കും ആശങ്കകൾക്കും അതീതമായി ദൈവത്തിന്റെ പരിപാലനയിൽ ആശ്രയിച്ച അനുഭവങ്ങളാണ്, പിന്നോട്ടുനോക്കിയാൽ എവിടെയും കാണാനാവുക.





വിവിധ രീതികളിലുള്ള ക്രൈസ്തവ പീഡനങ്ങളെക്കുറിച്ച് നമുക്കിടയിൽ ഏറ്റവുമധികം ചർച്ചകൾ നടന്ന ഒരു വർഷമാണ് കടന്നുപോയിരിക്കുന്നത്. കേരളത്തിൽ ക്രൈസ്തവ സമൂഹങ്ങൾക്കെതിരേയും ക്രൈസ്തവവിശ്വാസത്തിനെതിരേയും നടക്കുന്ന പലതരം അതിക്രമങ്ങൾ മുതൽ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലും ലോകത്തിൽ പല രാജ്യങ്ങളിലും ക്രൈസ്തവർ നേരിടുന്ന പീഡനങ്ങളും ഒട്ടേറെ ചർച്ചകൾക്കും നിരന്തരമായ പ്രതികരണങ്ങൾക്കും വഴിയൊരുക്കുകയുണ്ടായി. മുൻകാലങ്ങളിൽനിന്നു വ്യത്യസ്തമായി ഇനിയുള്ള കാലത്ത് സംഭവിക്കില്ല എന്ന് മുമ്പ് നാം കരുതിയിരുന്ന വലിയ ഞെരുക്കങ്ങൾ ഇന്ന് നാം നേരിട്ടുകൊണ്ടിരിക്കുന്നു എന്നുള്ളതിന് കഴിഞ്ഞ വർഷത്തെ എണ്ണമറ്റ പത്രറിപ്പോർട്ടുകൾതന്നെ സാക്ഷ്യം നൽകുന്നു.

തീവ്രവാദസ്വഭാവമുള്ള വർഗ്ഗീയ സംഘടനകൾ, മതമൗലികവാദികൾ, നിരീശ്വരവാദികൾ, രാഷ്ട്രീയപ്രസ്ഥാനങ്ങൾ, ഗൂഢമായ ലക്ഷ്യങ്ങളോടെ സഭയ്ക്കും സഭയുടെ സ്ഥാപനങ്ങൾക്കും എതിരേ നീക്കങ്ങൾ നടത്തുന്നവർ എന്നിങ്ങനെയുള്ളവരുടെ പ്രവർത്തനങ്ങൾ വഴിയായാണ് ക്രൈസ്തവരും ക്രൈസ്തവ വിശ്വാസവും സഭ

www.malankaralibrary.com

യും നിരന്തരമായി പലരീതിയിലുള്ള അതിക്രമങ്ങൾ നേരിടേണ്ടിവന്നിട്ടുള്ളത്. വിപരീത ധ്രുവങ്ങളിലുള്ള പ്രത്യയശാസ്ത്രങ്ങൾ ഒരേസമയം ഇത്തരം പ്രതിസന്ധികൾ സൃഷ്ടിക്കുന്നതായി കാണാറുണ്ട്. ഇതുപോലുള്ള വിഷയങ്ങളെ സമഗ്രമായി മനസ്സിലാക്കാൻ കഴിയാതെ പോകുന്നവർക്കിടയിൽ ഒട്ടേറെ തെറ്റിദ്ധാരണകൾ ഇതുമൂലം രൂപപ്പെടാറുമുണ്ട്.

### പ്രതിസന്ധികൾക്ക് പരിഹാരങ്ങൾ അന്വേഷിക്കുന്നവർ

സാമുദായികവും വിശ്വാസപരവുമായി ക്രൈസ്തവർ നേരിടുന്ന അതിക്രമങ്ങളെയും പീഡനങ്ങളെയും എങ്ങനെ അഭിമുഖീകരിക്കണം എന്നുള്ളത് കഴിഞ്ഞ കുറെ മാസങ്ങൾക്കിടയിൽ ഒട്ടേറെ ചർച്ചകൾക്ക് വഴിയൊരുക്കിയ ഒരു ചോദ്യമാണ്. എല്ലാ സമുദായങ്ങളും എല്ലാക്കാലത്തും ഏതെങ്കിലും വിധത്തിലുള്ള വെല്ലുവിളികളെ നേരിടുന്നുണ്ട് എന്നുള്ളത് ഒരു യാഥാർത്ഥ്യംതന്നെയാണ്. എന്നാൽ, മറ്റുള്ള സമുദായങ്ങൾക്ക് രാഷ്ട്രീയ പാർട്ടികളുടെയും ചില സാമൂഹിക സംഘടനകളുടെയും പിന്തുണയും സഹായവും അത്തരം ഘട്ടങ്ങളിൽ ഉണ്ടാവാറുണ്ട്. അതേസമയം, ക്രൈസ്തവരുടെ പ്രശ്നങ്ങളിൽ ആത്മാർത്ഥമായി ഇടപെടാൻ തയ്യാറുള്ള രാഷ്ട്രീയ പാർട്ടികളോ മറ്റു സാമൂഹിക സംവിധാനങ്ങളോ മുഖ്യധാരാമാധ്യമങ്ങളോ ഒന്നുംതന്നെയില്ല എന്നതാണ് അനേകരെ കൂടുതൽ ആശങ്കപ്പെടുത്തുന്ന വസ്തുത. പലപ്പോഴും സമൂഹമാധ്യമങ്ങളിലൂടെയും പൊതുമാധ്യമങ്ങളിലൂടെയും പ്രചരിച്ചിട്ടുള്ള തെറ്റിദ്ധാരണാജനകവും അവാസ്തവവുമായ റിപ്പോർട്ടുകൾ ഇത്തരം വിഷയങ്ങളിൽ പൊതുസമൂഹത്തിലും ക്രൈസ്തവർക്കിടയിൽത്തന്നെയും ആശയക്കുഴപ്പങ്ങളും യഥാർത്ഥ വിഷയങ്ങളെക്കുറിച്ചുള്ള അവ്യക്തതയും രൂപപ്പെടാൻ ഇടയാക്കിയിട്ടുണ്ട്. അതും പ്രശ്നപരിഹാരങ്ങൾക്ക് പ്രതിബന്ധമായി മാറി.

ശരിയായ പരിഹാരങ്ങൾ മുഖ്യമായും സർക്കാരുകൾക്കാണ് കണ്ടെത്താൻ കഴിയുന്നത്. ഭരണസംവിധാനത്തിൽ സ്വാധീനമുള്ള വ്യക്തികളോ പ്രസ്ഥാനങ്ങളോ ഭരണാധികാരികളെയും സമൂഹത്തെയും സ്വാധീനിക്കാൻ കഴിയുന്ന മാധ്യമങ്ങളോ സഹായത്തിനില്ലെങ്കിൽ വേണ്ടവിധമുള്ള പരിഗണന ഇക്കാലത്ത് ലഭിക്കില്ല എന്നുള്ളത് വ്യക്തം. പ്രത്യേകമായ അന്വേഷണങ്ങളും രാഷ്ട്രീയ ഇടപെടലുകളും ആവശ്യമുള്ള ഗൗരവമായ വിഷയങ്ങളിൽനിന്ന് അധികാരികളും ഭരണകൂടവും മുഖംതിരിക്കുകയും നിഷേധാത്മക നിലപാട് സ്വീകരിക്കുകയും ചെയ്യുന്ന സാഹചര്യം തികച്ചും ദൗർഭാഗ്യകരമാണ്. കഴിഞ്ഞ കുറെ കാലമായി ഇത്തരമൊരു പ്രതികൂലസാഹചര്യത്തിലൂടെയാണ് ഭാരതത്തിലെയും, വിശിഷ്യാ കേരളത്തിലെയും, ക്രൈസ്തവർ കടന്നുപോകുന്നത്.



www.malankaralibrary.com

**ഒരു വർഗ്ഗീയ ശക്തിയെ നേരിടാൻ മറ്റൊരു വർഗ്ഗീയ പ്രത്യയശാസ്ത്രത്തെ കൂട്ടുപിടിക്കാമോ?**

ഇന്ത്യയിലെ ക്രൈസ്തവരുടെ നിലനിൽപ്പിനെത്തന്നെ ചോദ്യംചെയ്യുന്ന വിധത്തിൽ പ്രതിസന്ധികൾ രൂക്ഷമാകുമ്പോൾ സഹായം എവിടെനിന്ന് കിട്ടും എന്ന ചോദ്യത്തിന് ചിലർ ഉത്തരമായി കണ്ടെത്തിയത് 'ശത്രുവിന്റെ ശത്രു മിത്രം' എന്ന തത്ത്വമാണ്. ഇത്തരത്തിൽ, രക്ഷപ്പെടാൻ കൂട്ടുപിടിക്കാമെന്ന് കുറെപ്പേർ 'തിരിച്ചറിഞ്ഞ' പ്രസ്ഥാനങ്ങളെല്ലാംതന്നെ തീവ്ര വർഗ്ഗീയ പ്രത്യയ ശാസ്ത്രങ്ങളാൽ ഭരിക്കപ്പെടുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങളാണ്. ഒരു വർഗ്ഗീയ പ്രത്യയശാസ്ത്രം ഉയർത്തുന്ന ധാരണയുടെ യുക്തിരാഹിത്യം നാം തിരിച്ചറിയണം. മാത്രമല്ല ക്രൈസ്തവ സമൂഹങ്ങളെ മുൻനിർത്തി ഇക്കാലങ്ങളിൽ താൽക്കാലികമായ ചില മുതലെടുപ്പുകൾ നടത്താനാണ് ചിലർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ചില വർഗ്ഗീയ പ്രസ്ഥാനങ്ങൾ മുഖംമൂടി ധരിച്ചും തെറ്റിദ്ധാരണകൾ പ്രചരിപ്പിച്ചും ക്രൈസ്തവരുടെ താൽക്കാലിക പിന്തുണ നേടിയെടുക്കുന്നതിന്റെ ഭാഗമായി രക്ഷകവേഷം ചമയുന്നു. അതേസമയം, ലോകമെമ്പാടും ഭീകരാന്തരീക്ഷം സൃഷ്ടിച്ചുകൊണ്ടിരിക്കുകയും, നിരവധി റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ കേരളത്തിൽത്തന്നെ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തുകൊണ്ടിരിക്കുന്നതായി വ്യക്തമാക്കപ്പെട്ടിരിക്കുകയും ചെയ്തിട്ടുള്ള തീവ്രവാദ പ്രസ്ഥാനങ്ങളുടെ സഹകാരികൾ മറ്റു സംസ്ഥാനങ്ങളിലെ



ക്രൈസ്തവർ നേരിടുന്ന അതിക്രമങ്ങളും, നിയമ നിർമ്മാണങ്ങളുമായി ബന്ധപ്പെട്ട പ്രതിസന്ധികളും ഉയർത്തിക്കാണിച്ച് സഹകാരികളുടെ വേഷം എടുത്തണിയാൻ ശ്രമിക്കുന്നു.

വെല്ലുവിളികളെ നേരിടാൻ മറ്റൊരു വർഗ്ഗീയ പ്രത്യയശാസ്ത്രത്തെ കൂട്ടുപിടിക്കുന്നത് യുക്തമാണോ എന്നുള്ളതാണ് ഇവിടെ പ്രധാനമായി ഉയരുന്ന ചോദ്യം. അത്തരമൊരു പരിഹാരം ഒരിക്കലും പ്രായോഗികമോ ശാശ്വതമോ അല്ല എന്ന് വളരെ വ്യക്തമാണ്. അതുപോലുള്ള പരിഹാര ശ്രമങ്ങൾ ക്രിസ്തീയമല്ലാതായി മാറുന്നു.

ഇത്തരം കാര്യങ്ങൾ ചൂണ്ടിക്കാണിക്കപ്പെടുമ്പോൾ പതിവായി ഉയരുന്ന ചോദ്യം, 'പിന്നെ ആരാണ് സഹായിക്കാനുള്ളത്' എന്നതാണ്. പുറമെയുള്ള ആരുടെയെങ്കിലും സഹായംകൂടാതെ ക്രൈസ്തവർക്ക് അതിജീവനം സാധ്യമല്ല എന്ന ചിന്ത പ്രബലമായിരിക്കുന്നു. ക്രൈസ്തവർ എന്ന നിലയിൽ അത്തരമൊരു

വിശ്വാസപരവും സാമുദായികവുമായി ക്രൈസ്തവ സമൂഹം നേരിടുന്ന എല്ലാവിധത്തിലുംപെട്ട പ്രതിസന്ധികളെക്കുറിച്ച് സമഗ്രമായി നാം പഠിക്കുകയും ഏറ്റവും യുക്തമായ രീതിയിൽ അവയെ കൈകാര്യം ചെയ്യുകയും വേണം എന്നുള്ളത് നിസ്തർക്കമാണ്. എന്നാൽ, ഏതു മാർഗ്ഗമുപയോഗിച്ചും പരിഹാരം കണ്ടെത്താമെന്നുള്ള ചിന്ത കൂടുതൽ സങ്കീർണ്ണതകളിലേക്ക് ഈ സമൂഹത്തെ നയിക്കും എന്നു തിരിച്ചറിയാനുള്ള വിവേകം നമുക്കുണ്ടാകേണ്ടിയിരിക്കുന്നു. ഏതെ

www.malankaralibrary.com

ങ്കിലും ഒരു പ്രതിസന്ധി മാത്രമല്ല പരിഹരിക്കപ്പെടേണ്ടതായി ഇന്ന് നമുക്കിടയിലുള്ളത്. ഒരേ വിശ്വാസീസമൂഹം എന്ന നിലയിൽ ലോകത്തിന്റെ വിവിധ കോണുകളിൽ ക്രൈസ്തവർ നേരിട്ടുകൊണ്ടിരിക്കുന്ന വ്യത്യസ്തങ്ങളായ പ്രശ്നങ്ങളുണ്ട്. പ്രത്യക്ഷത്തിൽത്തന്നെ പീഡനങ്ങൾക്കും രക്തച്ചൊരിച്ചിലിനും അടിച്ചമർത്തലിനും കാരണമാകുന്ന ചില ആസൂത്രിത നീക്കങ്ങളോടൊപ്പം, വിശ്വാസത്തെയും ആത്മീയ ബോധ്യങ്ങളെയും ചോദ്യം ചെയ്യുകയും ഗുരുതരമായ രീതിയിൽ വിശ്വാസസമൂഹത്തെ സ്വാധീനിക്കുകയും ചെയ്യുന്ന മറ്റ് നിരവധി പ്രതിസന്ധികളുമുണ്ട്. സഭ എന്നാൽ സമുദായം മാത്രമാണ് എന്ന കാഴ്ചപ്പാടോടെ കത്തോലിക്കാവിശ്വാസത്തിനും സഭയുടെ പ്രബോധനങ്ങൾക്കും പ്രാധാന്യം കൊടുക്കാതെയുള്ള നീക്കങ്ങളും കൈകോർക്കലുകളും വലിയ ദോഷം ചെയ്യുമെന്ന തിരിച്ചറിവും നമുക്കുണ്ടാകേണ്ടതുണ്ട്.

**ഇതും കടന്നുപോകും**

ഇന്ന് നാം കാണുന്നതിനെക്കാൾ ഭീകരമായ കടന്നുകയറ്റങ്ങളും മതമർദ്ദനങ്ങളും മുമ്പ് പല ഘട്ടങ്ങളിലും ഉണ്ടായിട്ടുണ്ട്. അപവാദ പ്രചാരണങ്ങൾ ഇന്നത്തേക്കാൾ അധികമായി ഉണ്ടായിട്ടുള്ള കാലഘട്ടങ്ങളുമുണ്ട്. ക്രൈസ്തവ വിശ്വാസവും കത്തോലിക്കാസഭയും തകർന്നു എന്ന് പലരും കരുതിയ ഘട്ടങ്ങൾ ചരിത്രത്തിലുണ്ട്. എന്നാൽ, എല്ലാ പ്രതിബന്ധങ്ങളെയും തകർച്ചകളെയും അതിജീവിച്ച് ഒരു ഫീനിക്സ് പക്ഷിയെപ്പോലെ കൂടുതൽ ശക്തിയാർജ്ജിച്ചിട്ടുള്ള ചരിത്രമാണ് സഭയ്ക്കും ക്രൈസ്തവവിശ്വാസത്തിനുമുള്ളത്. പ്രതിസന്ധികളെ അതിജീവിക്കാൻ അതതു കാലഘട്ടങ്ങളിൽ പല മാർഗ്ഗങ്ങളും പലരും അവലംബിക്കുകയുണ്ടായിട്ടുണ്ട്. രാഷ്ട്രീയ സ്വാധീനങ്ങളും യുദ്ധവിജയങ്ങളും പ്രശ്നപരിഹാരമാർഗ്ഗമായി കണ്ട കാലഘട്ടങ്ങൾ സഭാചരിത്രത്തിന്റെ ഏടുകളിൽ കാണാനാകും. എന്നാൽ, അത്തരം നീക്കങ്ങൾ ഒരിക്കലും ശാശ്വതമായ വിജയത്തിന് കാരണമായിട്ടില്ല എന്നുള്ളതാണ് ആ ചരിത്രങ്ങൾ ഒന്നൊഴിയാതെ നമുക്ക് നൽകുന്ന പാഠം. അത്തരം ചരിത്രങ്ങളിൽനിന്ന് പാഠമുൾക്കൊണ്ട് സഭാനേതൃത്വം ഇന്ന് നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ മൂല്യമേറിയവയാണ്. പ്രശ്നപരിഹാരത്തിനായി ഒരു യുദ്ധ പ്രഖ്യാപനമോ, വിരുദ്ധശക്തികളെ കൂട്ടുപിടിച്ചുള്ള നീക്കങ്ങളോ നടത്തുന്നതിൽനിന്ന് മുഖ്യമായും നമ്മെ തടയുന്നത് ഈ കാലഘട്ടത്തിലെ നവയുഗപ്രവാചകനും കത്തോലിക്കാ സഭയുടെ പരമാധ്യക്ഷനുമായ ഫ്രാൻസിസ് പാപ്പയുടെ പ്രബോധനങ്ങളും നിലപാടുകളും, അതിനുമപ്പുറം വിശുദ്ധഗ്രന്ഥവുമാണ്.



'ചെന്നായ്ക്കളുടെ ഇടയിലേക്കു ചെമ്മരിയാടുകളെ എന്നപോലെ ഞാൻ നിങ്ങളെ അയയ്ക്കുന്നു. അതിനാൽ, നിങ്ങൾ സർപ്പങ്ങളെപ്പോലെ വിവേകികളും പ്രാവുകളെപ്പോലെ നിഷ്കളങ്കരുമായിരിക്കുവിൻ' എന്നു തുടങ്ങുന്ന ബൈബിൾഭാഗം സൂചിപ്പിക്കുന്നത് ക്രൈസ്തവർ പീഡനങ്ങളെ നേരിട്ടുകൊണ്ടിരിക്കും എന്നുതന്നെയാണ്. ജാഗ്രതയോടെയും വിവേകത്തോടെയുമായിരിക്കാൻ ശിഷ്യരോടും ശ്രോതാക്കളോടും ആവശ്യപ്പെടുന്ന ക്രിസ്തു കാലത്തിന്റെ അടയാളങ്ങളെ വിവേചിച്ചറിയാനും ഉദ്ബോധിപ്പിക്കുന്നുണ്ട്. 'ഭൂമിയുടെ ഭാവഭേദങ്ങൾ വിവേചിച്ചറിയാൻ കഴിയുന്ന നിങ്ങൾക്ക് എന്തുകൊണ്ട് കാലത്തിന്റെ അടയാളങ്ങൾ മനസ്സിലാക്കാൻ കഴിയുന്നില്ല' എന്ന അവിടുത്തെ ചോദ്യം ഇന്ന് നമ്മോടുമുള്ളതാണ്. ക്രൈസ്തവന്റെ യഥാർത്ഥ ശക്തിയും ബലവും എന്താണെന്ന് തിരിച്ചറിഞ്ഞുകൊണ്ടുള്ള മുന്നേറ്റങ്ങൾ മാത്രമേ ചരിത്രത്തിൽ ഇന്നോളം വിജയത്തിലെത്തിച്ചേർന്നിട്ടുള്ളൂ. ക്രൈസ്തവന്റെ ശക്തിയും അവന്റെ ഒരേയൊരു രക്ഷകനും ക്രിസ്തുവാണ്. ആ തിരിച്ചറിവില്ലായ്മയാണ് ചിലപ്പോഴെങ്കിലും മറ്റു രക്ഷകരെ കാത്തിരിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നതും അബദ്ധങ്ങൾ സംഭവിക്കാൻ ഇടയാക്കുന്നതും.

പുതിയ വർഷത്തിൽ പരിശുദ്ധ കത്തോലിക്കാസഭയുടെ പ്രബോധനങ്ങൾക്കും ക്രിസ്തീയ ജീവിതസാക്ഷ്യത്തിനും പ്രാമുഖ്യം നൽകി പ്രതിസന്ധികളെ അതിജീവിക്കുന്നതിനുള്ള കരുത്ത് സംഭരിക്കാൻ നമുക്ക് കഴിയട്ടെ.


www.malankaralibrary.com

# ഗാഡ്ഗിൽ - കസ്തൂരിരംഗൻ റിപ്പോർട്ടുകൾ വീണ്ടും ചർച്ചയാകുമ്പോൾ...



**വിനോദ് നെല്ലയ്ക്കൽ**

**കേ**രളത്തിന്റെ മലയോര - ഹൈറേഞ്ച് മേഖലകൾ ഉൾപ്പെടെ തൊള്ളായിരത്തോളം കിലോമീറ്ററുകൾ നീണ്ടുകിടക്കുന്ന പശ്ചിമഘട്ട മേഖലയുടെ സംരക്ഷണമാണ് പ്രൊഫ. മാധവ് ഗാഡ്ഗിലിന്റെ നേതൃത്വത്തിൽ തയ്യാറാക്കപ്പെട്ട ഗാഡ്ഗിൽ റിപ്പോർട്ടിന്റെ പ്രഖ്യാപിത ലക്ഷ്യം. തെക്കേ ഇന്ത്യയുടെ മാത്രമല്ല മറ്റു ഭൂപ്രദേശങ്ങളുടെയും കാലാവസ്ഥയെ നിർണ്ണായകമായി സ്വാധീനിക്കാൻ ശേഷിയുള്ളത്ര പാരിസ്ഥിതിക പ്രാധാന്യമുള്ള ഭാഗമാണ് പശ്ചിമഘട്ടം എന്നതിനാൽ UNESCO (United Nations Educational, Scientific and Cultural Organization), IUCN (International Union for Conservation of Nature) തുടങ്ങിയ അന്തർദേശീയ ഏജൻസികളും പശ്ചിമഘട്ടത്തിന്റെ പ്രകൃതി സംരക്ഷണം മുഖ്യമായി കാണുകയും ലോക പൈതൃക പ്രദേശമായി പശ്ചിമഘട്ടത്തെ പ്രഖ്യാപിച്ചതോടൊപ്പം, ഇന്ത്യയ്ക്ക് സാമ്പത്തിക നയതന്ത്ര പിന്തുണകൾ നൽകി വരികയും ചെയ്യുന്നു.



പൂനെ സ്വദേശിയായ പ്രഫസർ മാധവ് ഗാഡ്ഗിൽ പ്രശസ്തനായ ഒരു പരിസ്ഥിതി ശാസ്ത്രജ്ഞനാണ്. അദ്ദേഹം ചെയർമാനായി 2010 മാർച്ചിൽ നിയോഗിക്കപ്പെട്ട ഒമ്പതംഗ സമിതിയാണ് (Western Ghats Ecology Expert Panel, WGEEP) ഏകദേശം ഒരു വർഷം കൊണ്ട് പശ്ചിമഘട്ടത്തിന്റെ പാരിസ്ഥിതിക പ്രതിസന്ധികളെക്കുറിച്ച് പഠനം നടത്തി 2011 ആഗസ്റ്റ് 31ന് ദേശീയ വനം പരിസ്ഥിതി മന്ത്രാലയത്തിന് റിപ്പോർട്ട് സമർപ്പിച്ചത്. ആ റിപ്പോർട്ട് ഗാഡ്ഗിൽ റിപ്പോർട്ട് എന്ന് അറിയപ്പെടുന്നു. ഈ റിപ്പോർട്ട് പൊതുജനത്തിന് ലഭ്യമാക്കാൻ ആദ്യഘട്ടത്തിൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം വിസമ്മതിക്കുകയുണ്ടായി. ഒടുവിൽ 2013 മെയ്മാസത്തിലെ ഡൽഹി ഹൈക്കോടതി ഉത്തരവിനെ തുടർന്ന് പ്രസ്തുത റിപ്പോർട്ട് ലഭ്യമാക്കാൻ മന്ത്രാലയം നിർബ്ബന്ധിതമാവുകയും അതിന്റെ ഉള്ളടക്കം ചർച്ചചെയ്യപ്പെട്ടു തുടങ്ങുകയും ചെയ്തു.

ആരംഭഘട്ടത്തിൽ തന്നെ ഇത്തരമൊരു രഹസ്യ സ്വഭാവം സൂക്ഷിക്കാൻ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം നിർബ്ബന്ധബുദ്ധി പ്രകടിപ്പിച്ചതിനെ പലരും സംശയദൃഷ്ടിയോടെ കാണുകയുണ്ടായി. തുടക്കത്തിൽ വിവരാവകാശ നിയമപ്രകാരം റിപ്പോർട്ട് ആവശ്യപ്പെട്ടവർക്ക്, അപ്പോൾ സമർപ്പിക്കപ്പെട്ടിരിക്കുന്ന റിപ്പോർട്ട് ഡ്രാഫ്റ്റ് മാത്രമാണ്, അത് മന്ത്രിസഭയ്ക്ക് മുന്നിൽ പരിഗണനയ്ക്ക് സമർപ്പിക്കപ്പെട്ടിരിക്കുകയായതിനാൽ നൽകാനാവില്ല എന്ന വിശദീകരണമാണ് ലഭിച്ചത്. പിന്നീട് ആ മറുപടി വാസ്തവവിരുദ്ധമാണെന്ന് വ്യക്തമാവുകയും ജി. കൃഷ്ണൻ എന്ന വ്യക്തി കോടതി മുഖാന്തിരം റിപ്പോർട്ട് ആവശ്യപ്പെടുകയും ആവശ്യം ന്യായമാണെന്നു കണ്ട കോടതി റിപ്പോർട്ട് പ്രസിദ്ധപ്പെടുത്താൻ ആവശ്യപ്പെടുകയുമാണ് ഉണ്ടായത്. കേരളം, കർണ്ണാടക, തമിഴ്നാട്, മഹാരാഷ്ട്ര, ഗുജറാത്ത്, ഗോവ എന്നീ സംസ്ഥാനങ്ങളെ സംബന്ധിച്ച് സുപ്രധാനമായ ഇത്തരമൊരു റിപ്പോർട്ട് രഹസ്യമായി സൂക്ഷിക്കാൻ എന്തുകൊണ്ട് ഉദ്യോഗസ്ഥർ ശ്രമിച്ചു എന്നതു മുതലാണ് ഗാഡ്ഗിൽ റിപ്പോർട്ട് സംബന്ധിച്ച ആശയക്കുഴപ്പങ്ങൾ ആരംഭിക്കുന്നത്.

www.malankaralibrary.com

### ഗാഡ്ഗിൽ റിപ്പോർട്ട് പുറത്തുവന്നതിനെ തുടർന്നുണ്ടായ പ്രചരണങ്ങൾ

വിശദമായ പഠനങ്ങൾ നടത്താൻ തങ്ങൾക്ക് സമയ പരിമിതിമൂലം സാധിച്ചിട്ടില്ല എന്ന് പിന്നീട് കമ്മീഷൻ അംഗങ്ങൾതന്നെ വ്യക്തമാക്കുകയുണ്ടായി. അക്കാരണത്താൽത്തന്നെ പരിസ്ഥിതി സംരക്ഷണത്തിന് ഉതകുന്ന വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ റിപ്പോർട്ട് മുന്നോട്ട് വച്ചിരുന്നെങ്കിലും, ഓരോ ദേശത്തും ജീവിച്ചുപോന്നിരുന്ന മനുഷ്യരുടെ വ്യത്യസ്തമായ ജീവിത ചുറ്റുപാടുകളെ സൂക്ഷ്മമായി നിരീക്ഷിച്ച് അവരുടെ സുരക്ഷിതത്വം ഉറപ്പുവരുത്താൻ റിപ്പോർട്ടിന് കഴിഞ്ഞിരുന്നില്ല. എങ്കിലും, അതത് പ്രദേശങ്ങളിൽ ജീവിക്കുന്ന കർഷകർക്ക് ബുദ്ധിമുട്ടുണ്ടാകാത്ത രീതിയിലും അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ടും വേണം പശ്ചിമഘട്ടം സംരക്ഷിക്കപ്പെടാനെന്ന് ഗാഡ്ഗിൽ കമ്മിറ്റി വ്യക്തമായി പറഞ്ഞുവച്ചിട്ടുമുണ്ടായിരുന്നു. അതേസമയം, ആരംഭത്തിൽ തന്നെ വ്യക്തത വരുത്തേണ്ട നിരവധി ആശങ്കകൾ 2012 മുതൽ റിപ്പോർട്ട് സംബന്ധമായി ഉയർന്നുവന്നു. അത്തരം ആശങ്കകളെ വ്യക്തമായ രീതിയിൽ കൈകാര്യം ചെയ്യാനും പരിഹരിക്കാനും സർക്കാർ സംവിധാനങ്ങൾ ആരംഭഘട്ടത്തിൽത്തന്നെ പരാജയപ്പെടുകയാണുണ്ടായത്.



ആയിരക്കണക്കിന് കുടുംബങ്ങളെ പ്രത്യക്ഷമായിത്തന്നെ ബാധിച്ചേക്കാനിടയുള്ള പുതിയ പരിഷ്കരണങ്ങളെക്കുറിച്ചുള്ള ആശങ്കകൾ ഉയർന്നപ്പോൾ ചില പരിസ്ഥിതി വാദികൾ രംഗപ്രവേശം ചെയ്ത് അവയെ അടിച്ചമർത്താനുള്ള നീക്കങ്ങളുണ്ടായി. കേരളമെങ്ങും വ്യാപകമായ രീതിയിൽ അത്തരം സെമിനാറുകൾ ആ ഒരു വർഷത്തിനിടെ നടക്കുകയുണ്ടായി. അവിടെ പ്രചരിപ്പിക്കപ്പെട്ട ആശയങ്ങൾ മലയോര മേഖലകളിലെ കർഷകരുടെ ആശങ്കകളെ വർധിപ്പിക്കും വിധം തീവ്ര പരിസ്ഥിതി വാദം ഉൾക്കൊള്ളുന്നവയായിരുന്നു. സർക്കാർ ഉദ്യോഗസ്ഥ പ്രതിനിധികളും പങ്കാളികളായ അത്തരം പ്രോഗ്രാമുകളിൽ ഇടുക്കി, വയനാട് തുടങ്ങിയ ഉയർന്ന പ്രദേശങ്ങളിലെയും സമീപ ജില്ലകളിലെ മലയോര മേഖലകളിലെയും കർഷക കുടിയേറ്റങ്ങളെയും കുടിയേറ്റ കർഷകരെയും കുറ്റപ്പെടുത്തിക്കൊണ്ടുള്ള പ്രചാരണങ്ങളും നടന്നിരുന്നു. ഗാഡ്ഗിൽ റിപ്പോർട്ടിൽ പോലും കാണാൻ ബുദ്ധിമുട്ടുള്ള പരിസ്ഥിതി തീവ്രവാദം പ്രചരിച്ചതും ജനങ്ങളുടെ പക്ഷം ചേരാതെയുള്ള ആസൂത്രിത ക്യാംപെയ്നിംഗുകളും അനേകരെ പ്രകോപിതരാക്കുകയുമുണ്ടായി.

ഇത്തരം പശ്ചാത്തലങ്ങൾ, ഈ വിഷയത്തിൽ ഇടപെട്ടവരെ രണ്ട് വിഭാഗമായി തിരിച്ചു. വിവിധ എൻജിഒകളുടെയും കപട ബുദ്ധിജീവികളുടെയും പിന്തുണയോടെ കർഷക കുടിയേറ്റത്തെയും കർഷകരെയും തള്ളിപ്പറഞ്ഞവർ പരിസ്ഥിതിസ്നേഹികളായി വാഴ്ത്തപ്പെട്ടപ്പോൾ കാര്യമായി ആരുടെയും പിന്തുണ നേടാൻ കഴിയാതെപോയ കർഷകർ പരിസ്ഥിതിയെ നശിപ്പിക്കുന്നവരും പരിസ്ഥിതി വിരോധികളുമായി ചിത്രീകരിക്കപ്പെട്ടു. ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും രാഷ്ട്രീയപ്പാർട്ടികളുടെയും പിന്തുണ തങ്ങൾക്കുണ്ടാവില്ലെന്ന് വ്യക്തമായ ജനങ്ങൾ നിലനിൽപ്പിനായി സമരമെങ്കിൽ സമരം എന്ന നിലപാടിലേക്ക് സാവകാശം എത്തിച്ചേർന്നു. 2013 അവസാനമായപ്പോഴേക്കും കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ ചിലയിടങ്ങളിലും ഇടുക്കി ജില്ലയിൽ ഏതാണ്ട് മുഴുവനായും ജനകീയ പ്രക്ഷോഭ പരിപാടികൾ അരങ്ങേറുകയും ചിലതെങ്കിലും ആക്രമണങ്ങളിൽ കലാശിക്കുകയും ചെയ്തു.

### ഗാഡ്ഗിൽ റിപ്പോർട്ടിൽ നിന്നാരംഭിച്ച ആശങ്കകൾ


കേരളത്തിന്റെ പശ്ചിമഘട്ട മേഖലകളിലെ വിവിധ കാർഷിക കുടിയേറ്റ മേഖലകളിൽ പലവിധ ആശയക്കുഴപ്പങ്ങളും ആശങ്കകളും ഗാഡ്ഗിൽ റിപ്പോർട്ടിലെ ചില നിർദ്ദേശങ്ങളെയും പരാമർശങ്ങളെയും തുടർന്നുണ്ടായി. പ്രധാനമായും ഇടുക്കി ജില്ലയിലെ നിവാസികളെ കൂടുതൽ ആശങ്കയിലാഴ്ത്തിയ ഒരു നിർദ്ദേശം, പുതുതായി പട്ടയങ്ങൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ടുള്ളതായിരുന്നു. 1977നു മുമ്പ് കേരളത്തിലെ വിവിധ കുടിയേറ്റ മേഖലകളിൽ നടന്നിട്ടുള്ള കാർഷിക കുടിയേറ്റങ്ങൾക്ക് പട്ടയം അവകാശമാണെന്ന്

www.malankaralibrary.com

നിയമം അനുശാസിക്കുന്നുണ്ടെങ്കിലും, പതിനായിരക്കണക്കിന് കർഷകരുടെ ഭൂമി ഇനിയും കേരളത്തിൽ പട്ടയ രഹിതമായുണ്ട്. താരതമ്യേന വയനാട്ടിൽ ഇത്തരം ഭൂമി കുറവാണെങ്കിലും ഇടുക്കി ജില്ലയിൽ ഒരുലക്ഷത്തിലേറെ അർഹരായ കർഷകർക്ക് ഇനിയും ഭൂമി പതിച്ചുനൽകപ്പെടാനുണ്ടെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. രണ്ടോ മൂന്നോ തലമുറകളായി അവിടെ ജീവിച്ചിരുന്നവരെങ്കിലും അതുവരെയും പട്ടയം ലഭിക്കാതിരുന്നിട്ടുള്ള ആയിരക്കണക്കിന് കർഷക കുടുംബങ്ങൾ പുറത്താക്കപ്പെട്ടേക്കാമെന്നുള്ള അവരുടെ ആശങ്ക നിസ്സാരമായിരുന്നില്ല. ഏറെക്കാലത്തെ പരിശ്രമങ്ങൾക്കൊടുവിൽ പട്ടയം അനുവദിച്ചുതുടങ്ങിയ സമയത്ത് പൊടുന്നനെ വന്നുപെട്ട ഗാഡ്ഗിൽ റിപ്പോർട്ട് ആ നടപടികളെ തടസപ്പെടുത്തുമെന്ന ചിന്ത തികച്ചും സ്വാഭാവികമായിരുന്നു. അതിനും വ്യക്തമായ ഒരു മറുപടി ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നോ, ഇടപെടലുകൾ ഉണ്ടാകുമെന്ന ഉറപ്പ് സംസ്ഥാന സർക്കാരിന്റെയോ ജനപ്രതിനിധികളുടെയോ ഭാഗത്തുനിന്നോ ഉണ്ടായില്ല.

പാരിസ്ഥിതികമായി അതീവപ്രാധാന്യം ഉള്ള മേഖലകളിൽ യാതൊരുവിധ നിർമ്മാണ പ്രവർത്തനങ്ങളും, ജനവാസവും അനുവദിക്കരുത് എന്ന നിർദ്ദേശം നൽകിയിരുന്നത്, പാരിസ്ഥിതികമായ പ്രാധാന്യത്തെ ചൂണ്ടിക്കാണിച്ച് ജനങ്ങളെ കുടിയൊഴിപ്പിക്കാനോ, സ്ഥലങ്ങൾ പിടിച്ചെടുക്കാനോ ഉള്ള അനുമതി ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകപ്പെടുവാനും, കേരളത്തിന്റെ പ്രത്യേക രാഷ്ട്രീയ/ഉദ്യോഗസ്ഥ നിലപാടുകൾക്കനുസൃതമായി വളച്ചൊടിക്കപ്പെടുവാനോ സാധ്യത വർദ്ധിപ്പിക്കുന്ന ഒന്നായിരുന്നു. Ecologically Fragile Lands Act പോലുള്ള നിയമങ്ങൾ അവിടെ അടിച്ചേൽപിക്കപ്പെടുവാനുള്ള സാധ്യത കർഷകരുടെ ആശങ്കയ്ക്ക് കാരണമായി.

മുപ്പത് ശതമാനത്തിൽ കൂടുതൽ ചരിവുള്ള പ്രദേശങ്ങളിൽ വാർഷിക വിളകൾ ഒഴിവാക്കുക എന്ന നിർദ്ദേശം ഗഡ്ഗിൽ റിപ്പോർട്ടിൽ നൽകിയിരുന്നത് ആശയക്കുഴപ്പങ്ങൾക്കും ആശങ്കയ്ക്കും ഇടനൽകിയ ഒന്നാണ്. കേരളത്തിന്റെ പശ്ചിമഘട്ട മേഖലകളിലെ ഭൂരിപക്ഷം പ്രദേശങ്ങളും ചരിവുള്ളവയാണ്. ഒട്ടേറെ പ്രദേശങ്ങളിൽ എല്ലാത്തരം കൃഷികളും നിരോധിക്കപ്പെടാനുള്ള സാധ്യത, ആ നിയമം ദുരുപയോഗിക്കപ്പെടാനുള്ള സാധ്യത തുടങ്ങിയവ അനേകരെ ആശങ്കയിലാഴ്ത്തി. മണ്ണൊലിപ്പ് തടയാൻ വിവിധ മാർഗ്ഗങ്ങൾ ഉണ്ടായിരിക്കെ ഇത്തരമൊരു നിർദ്ദേശം റിപ്പോർട്ടിൽ വന്നിരിക്കുന്നത് കേരളത്തിന്റെ ഭൂപ്രകൃതിയെക്കുറിച്ചും കൃഷിരീതികളെക്കുറിച്ചും ശരിയായ പഠനം നടന്നിട്ടില്ല എന്നുള്ളതിന്റെ ഒരു ഉദാഹരണമാണ്.




വെസ്റ്റേൺ ഘട്ട് എക്കോളജി അതോറിറ്റി എന്ന സമിതി രൂപീകരിക്കാൻ ഗാഡ്ഗിൽ റിപ്പോർട്ട് നൽകിയ നിർദ്ദേശം മറ്റൊരു വലിയ ആശങ്കയ്ക്ക് കാരണമായിരുന്നു. ഭാവിയിൽ പശ്ചിമഘട്ടവുമായി ബന്ധപ്പെട്ട നയരൂപീകരണത്തിനും നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതുമായി ബന്ധപ്പെട്ട ഉത്തരവാദിത്തങ്ങൾക്കായും നിർദ്ദേശിക്കപ്പെട്ട പ്രസ്തുത അതോറിറ്റിയുടെ ഘടന പ്രകാരം സ്റ്റേറ്റ് വെസ്റ്റേൺ ഘട്ട് എക്കോളജി അതോറിറ്റിയും ഡിസ്ട്രിക്ട് എക്കോളജി കമ്മിറ്റിയും ഉണ്ടായിരിക്കും. ഗാഡ്ഗിൽ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പ്രകാരം സന്നദ്ധ സംഘടനാ പ്രവർത്തകർ, ടൂറിസം മേഖലയിലെ വിദഗ്ദർ, പരിസ്ഥിതി ശാസ്ത്രജ്ഞർ, സാങ്കേതിക വിദഗ്ദർ, സാമൂഹിക സാമ്പത്തിക മേഖലയിലെ വിദഗ്ദർ, പൊതുപ്രവർത്തകർ തുടങ്ങിയവർ അംഗങ്ങളായുള്ള അതോറിറ്റിയാണ് പശ്ചിമഘട്ടവും പശ്ചിമഘട്ടത്തിലെ വിവിധ പദ്ധതികളും തുടങ്ങി എല്ലാ കാര്യങ്ങളിലും അന്തിമ തീരുമാനം എടുക്കേണ്ടത്. ഡിസ്ട്രിക്ട് കമ്മിറ്റിക്കും വലിയ ഉത്തരവാദിത്തങ്ങൾ വിഭാവനം ചെയ്യപ്പെട്ടിരുന്നു. കഴിഞ്ഞകാലങ്ങൾക്കിടയിൽ ഇവിടെ ഇത്തരത്തിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള സംവിധാനങ്ങൾ സാധാരണക്കാരുടെ പരിരക്ഷയ്ക്കപ്പുറം സ്ഥാപിത താൽപര്യങ്ങൾക്ക് മുൻഗണന കൊടുത്തിട്ടുള്ള അനുഭവങ്ങൾ ധാരാളമുള്ളതിനാൽ വെസ്റ്റേൺ ഘട്ട് എക്കോളജി അതോറിറ്റിയുമായി ബന്ധപ്പെട്ട ശുപാർശകൾ ഒട്ടേറെ ആശങ്കകൾക്കാണ് വഴിയൊരുക്കിയത്. ആറു സംസ്ഥാനങ്ങളുടെ പശ്ചിമഘട്ട പ്രദേശങ്ങൾ മുഴുവൻ അധികാരപരിധി നിശ്ചയിക്കപ്പെട്ടുകൊണ്ട് സ്ഥാപിതമാകുന്ന പ്രധാന അതോറിറ്റിയുടെ നിലപാടുകളിലും തീരുമാനങ്ങളിലും ഇടപെ

www.malankaralibrary.com

ടാൻ സംസ്ഥാന സർക്കാരുകൾക്ക് പോലും കഴിഞ്ഞേക്കില്ല എന്ന ഭീഷണി നിസ്സാരമായ ഒന്നല്ല.

പുതിയ റോഡുകൾ, റെയിൽ പാതകൾ, പലവിധ ഖനനങ്ങൾ, ജലസംഭരണികൾ തുടങ്ങിയവയ്ക്ക് കർശന നിയന്ത്രണങ്ങളും കൃഷി രീതികൾ, വിളകൾ തുടങ്ങിയവയ്ക്ക് അപ്രായോഗികമായ മാർഗ്ഗ നിർദ്ദേശങ്ങളും തുടങ്ങി, ഒരുപാട് ജനവാസ മേഖലകളിൽ ജീവിതം ദുഷ്കരമാക്കുന്ന രീതിയിൽ കുറെയേറെ മാർഗ്ഗനിർദ്ദേശങ്ങൾ അവതരിപ്പിക്കപ്പെട്ടിരിക്കുന്നത് ശരിയായ രീതിയിൽ കൈകാര്യം ചെയ്യപ്പെടേണ്ടതുണ്ടായിരുന്നു. എന്നാൽ, അക്കാര്യത്തിൽ സർക്കാരും ഉദ്യോഗസ്ഥരും ജനപ്രതിനിധികളും കർഷക സമൂഹത്തിനൊപ്പം നിൽക്കാൻ സന്നദ്ധത പ്രകടിപ്പിച്ചില്ല എന്നുമാത്രമല്ല കർഷക വിരുദ്ധ നിലപാടുകൾ ചില അവസരങ്ങളിൽ സ്വീകരിക്കുകയുമുണ്ടായി. പതിനായിരക്കണക്കിന് കർഷക കുടുംബ

ളും മുന്നോട്ടുവച്ച കാതലായ ചോദ്യങ്ങൾക്ക് അവിടെയും വ്യക്തമായ ഉത്തരമുണ്ടായില്ല. തുടർന്ന് ഉമ്മൻ വി ഉമ്മൻ കമ്മിറ്റി നിയോഗിക്കപ്പെടുകയും 2014 ൽ റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി. കർഷക സമൂഹം ഉയർത്തിയ ചില പ്രധാന ആശങ്കകൾ പരിഹരിക്കാൻ ആ റിപ്പോർട്ടിനും കഴിഞ്ഞില്ല. ആ കാലങ്ങളിൽ ആരംഭിച്ച ചർച്ചകളും ആശയക്കുഴപ്പങ്ങളും ഇന്നും തുടരുകയാണ്.

## ഇടുക്കിയിലെ സമര പരിപാടികൾ

2013 അവസാന മാസങ്ങളിൽ കേരളത്തിൽ വിവിധ ഇടങ്ങളിലായി സംഘടനകളുടെയും കർഷക സമൂഹങ്ങളുടെയും നേതൃത്വത്തിൽ സമര പരിപാടികൾ നടന്നിരുന്നു. തങ്ങളുടെ ആശങ്കകൾക്ക് നേരെ കണ്ണടച്ച ഉദ്യോഗസ്ഥരെയും സർക്കാരുകളെയും മാറ്റിച്ചിന്തിപ്പിക്കാൻ അവർക്ക് വേറെ




ങ്ങൾ തങ്ങളുടെ ജീവിതം വഴിമുട്ടിയെന്ന ആശങ്കയിലും നിരാശയിലും എത്തിച്ചേർന്നപ്പോൾ കത്തോലിക്കാ സഭാ സംവിധാനങ്ങൾ അവർക്കൊപ്പം നിലകൊള്ളാൻ മടിച്ചില്ല. എക്കാലത്തും സാധാരണക്കാരുടെ പ്രശ്നങ്ങളിൽ അവർക്കൊപ്പം നിലകൊണ്ടിട്ടുള്ള നൂറുകണക്കിന് വൈദികരും കേരളത്തിലെ മെത്രാന്മാരും കർഷകർക്കും കുടിയേറ്റ സമൂഹത്തിനും ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും അവർക്ക് നീതിലഭിക്കുന്നതിനായി മുന്നിട്ടിറങ്ങുകയും ചെയ്തു.


ഗാഡ്ഗിൽ റിപ്പോർട്ടുമായി ബന്ധപ്പെട്ട വലിയ പ്രതിഷേധങ്ങളെത്തുടർന്ന് നിയോഗിക്കപ്പെട്ട ഡോ. കസ്തൂരിരംഗന്റെ നേതൃത്വത്തിലുള്ള ഹൈ ലെവൽ വർക്കിംഗ് ഗ്രൂപ്പ് 2013 ഏപ്രിലിൽ റിപ്പോർട്ട് സമർപ്പിച്ചെങ്കിലും കർഷകരും കർഷക സംഘടനക

മാർഗ്ഗങ്ങൾ ഉണ്ടായിരുന്നില്ല. നവംബർ മാസം കണ്ണൂർ ജില്ലയിലെ കൊട്ടിയൂര് നടന്ന കർഷക പ്രക്ഷോഭത്തിൽ പ്രകോപിതരായ ജനക്കൂട്ടം വാഹനങ്ങൾ കത്തിച്ച സംഭവവുമുണ്ടായി. തുടർന്ന് ഏതാനും ദിവസങ്ങൾക്ക് ശേഷം 18, 19 തിയ്യതികളിൽ ഇടുക്കിയിൽ പരക്കെ ജനങ്ങൾ 48 മണിക്കൂർ തെരുവുവാസ സമരം എന്ന പേരിൽ തെരുവിലിറങ്ങി പ്രതിഷേധിക്കുകയുണ്ടായി. ജനങ്ങൾക്കൊപ്പം പലയിടങ്ങളിലും അതത് സ്ഥലങ്ങളിലെ ഇടവക വികാരിമാരും തെരുവിലിറങ്ങുകയുണ്ടായി. ചില രാഷ്ട്രീയ പാർട്ടികളുടെ ഇടപെടലുണ്ടായ അവസരങ്ങളിലൊഴികെ പൊതുവെ എല്ലായിടത്തും സമാധാനപരമായാണ് സമര പരിപാടികൾ നടന്നത്.

സമരം ചെയ്ത് ശീലമില്ലാത്ത കർഷകർക്ക് വ്യക്തമായ ഒരു ശൈലി എവിടെയുമു

www.malankaralibrary.com

ണ്ടായിരുന്നില്ല. ആരുടെയും പ്രത്യേക നിർദ്ദേശങ്ങൾക്കനുസരിച്ചല്ല കർഷകർ സമരപരിപാടികൾ ആസൂത്രണം ചെയ്തതും. അതിനിടെ രൂപപ്പെട്ടിരുന്ന ഹൈറേഞ്ച് സംരക്ഷണ സമിതിയുടെ ആഹ്വാന പ്രകാരം തെരുവിലിറങ്ങി പ്രതിഷേധിക്കാൻ കർഷക ജനത ഒന്നടങ്കം തീരുമാനമെടുക്കുകയാണ് ഉണ്ടായത്. ചിലർ മൗന ജാഥകൾ നടത്തിയപ്പോൾ ചിലർ മുദ്രാവാക്യങ്ങൾ വിളിക്കുകയും മറ്റു ചിലർ ഡാം സൈറ്റുകളിലേക്ക് പ്രതിഷേധ റാലികൾ സംഘടിപ്പിക്കുകയും ചെയ്തു. അതിനിടെ ചില ഗ്രൂപ്പുകൾ ഗാഡ്ഗിൽ, കസ്തൂരിരംഗൻ റിപ്പോർട്ടുകൾ ശവപ്പെട്ടിയിലാക്കി പ്രതീകാത്മക സംസ്കാരം നടത്തിയും പ്രതിഷേധിക്കുകയുണ്ടായി. ആരംഭഘട്ടത്തിൽ ഗാഡ്ഗിൽ റിപ്പോർട്ടിന് എതിരെ നിലപാട് സ്വീകരിക്കുകയും ഡൽഹിയിൽ അതുമായി ബന്ധപ്പെട്ട സമരപരിപാടികളിൽ പങ്കെടുക്കുകയും ചെയ്തിരുന്നെങ്കിലും അന്നത്തെ ഇടുക്കി എംപി ആയിരുന്ന പി.ടി തോമസ് പിന്നീട് നിലപാട് മാറ്റുകയും ഗാഡ്ഗിൽ റിപ്പോർട്ട് നടപ്പാക്കണം എന്ന് ആവശ്യപ്പെടുകയും ചെയ്തത് ഇടുക്കി ജനതയെ അസ്വസ്ഥതപ്പെടുത്തി. ജനങ്ങളുടെ ആശങ്കയിൽ അവരോട് ചേർന്ന് നിൽക്കുന്നതിന് പകരം വിരുദ്ധ നിലപാട് സ്വീകരിച്ചിരിക്കുന്നതായി കണ്ടതോടെ അദ്ദേഹത്തിനെതിരെയും പ്രതിഷേധമുണ്ടായി. ചില രാഷ്ട്രീയ പാർട്ടികൾ സമരത്തിൽ സജീവമായിരുന്ന ഭാഗങ്ങളിലാണ് പി.ടിക്കെതിരായ മുദ്രാവാക്യങ്ങൾ കൂടുതൽ മുഴങ്ങിയത്. രാഷ്ട്രീയ ശൈലിയിൽ സമരം നടന്ന ചിലയിടത്ത് അദ്ദേഹത്തിന്റെ കോലം കത്തിക്കുകയുമുണ്ടായി.




ഇടുക്കിയിലെ സമരപരിപാടികളും പ്രക്ഷോഭവും രാഷ്ട്രീയ പ്രേരിതമോ, വ്യക്തികളെ ലക്ഷ്യമാക്കിയുള്ളതോ ആയിരുന്നില്ല. ജനങ്ങളുടെ ആശങ്ക പല ആൾക്കൂട്ടങ്ങൾ അവരുടേതായ രീതിയിൽ പ്രകടിപ്പിക്കാൻ ശ്രമിക്കുക മാത്രമാണ് ചെയ്തത്. എങ്കിലും അവിടെ വ്യക്തമായ രാഷ്ട്രീയ മുതലെടുപ്പുകൾ പലപ്പോഴും ഉണ്ടായി. ഭരണപക്ഷ എം.പിക്കെതിരെ ആരോപണമുണ്ടായപ്പോൾ പ്രതിപക്ഷം സ്വാഭാവികമായും അത് മുതലെടുക്കാൻ ശ്രമിച്ചു. പ്രതിപക്ഷത്തിന് തങ്ങൾക്കെതിരെ തിരിയാൻ അവസരം ലഭിച്ചത് ഭരണപക്ഷ നേതാക്കളിൽ ശത്രുതാ മനോഭാവം സൃഷ്ടിച്ചിട്ടുണ്ടാവാം. തുടർന്ന് ഇന്നോളവും തുടരുന്ന ചില അടിസ്ഥാന രഹിതമായ ആരോപണങ്ങളുടെ കാരണം അതായിരിക്കണം. വൈദികരുടെ നേതൃത്വത്തിൽ സ്ഥലം എംപിയുടെ പ്രതീകാത്മക ശവസംസ്കാര ഘോഷയാത്ര നടന്നു എന്ന ആരോപണത്തെ സാധൂകരിക്കുന്ന വീഡിയോ ദൃശ്യങ്ങളോ ചിത്രങ്ങളോ ഒന്നും ലഭ്യമല്ല. എന്നാൽ, ഇടുക്കിയിൽ നടന്ന മറ്റു വിവിധ സമര പരിപാടികളുടെ ഒട്ടേറെ ചിത്രങ്ങളും വീഡിയോകളും സുലഭമാണുതാനും.

## ഗാഡ്ഗിൽ റിപ്പോർട്ടിലെ കർഷക വിരുദ്ധ നിർദ്ദേശങ്ങൾക്ക് ചില കാരണങ്ങൾ

പശ്ചിമഘട്ട മേഖലയിൽ ഉപജീവനം നടത്തിവരുന്ന കർഷക കുടുംബങ്ങൾ പുറത്താക്കപ്പെടണമെന്ന ചിന്ത ഗാഡ്ഗിൽ കമ്മിറ്റിക്ക് ഉണ്ടായിരുന്നില എന്ന് റിപ്പോർട്ടിൽനിന്ന് വ്യക്തമാണ്. മനുഷ്യനെ ഒഴിവാക്കി പ്രകൃതിയെ സംരക്ഷിക്കണമെന്നോ, അപ്രകാരം കഴിയുമെന്നോ ചിന്തിക്കാൻ സത്യസന്ധനായ ഒരു പ്രകൃതി സ്നേഹിക്ക് സാധിക്കില്ല. എന്നാൽ, സ്ഥാപിത താല്പര്യങ്ങളുടെ കടന്നുകയറ്റം ഇക്കാലത്ത് പരക്കെ പ്രകടമാണ്. മറ്റൊരു ലക്ഷ്യത്തോടെ മുന്നിട്ടിറങ്ങുന്നവരുടെ ഇടപെടലുകളെ നാം ജാഗ്രതയോടെ വീക്ഷിച്ചേ മതിയാവൂ. അത്തരത്തിലുള്ള ചില ഇടപെടലുകൾ ഗാഡ്ഗിൽ കമ്മിറ്റിയുടെ പ്രവർത്തന കാലയളവിൽ ഉണ്ടായിരുന്നു എന്നുള്ളതിന്റെ സൂചനകളുണ്ട്. കേരളത്തിന്റെ സാമൂഹിക പശ്ചാത്തലത്തെക്കുറിച്ചും കാർഷിക രീതികളെക്കുറിച്ചും സൂക്ഷ്മമായി പഠനം നടത്താൻ ഗാഡ്ഗിൽ കമ്മിറ്റിക്ക് കഴിഞ്ഞിരുന്നില്ല എന്നു സൂചിപ്പിച്ചിരുന്നല്ലോ. ചിലയിടങ്ങളിൽ ക്രമീകരിക്കപ്പെട്ട കൂടിക്കാഴ്ചകൾ വഴിയാണ് കമ്മിറ്റി അംഗങ്ങൾ പഠനങ്ങൾ നടത്തിയിരുന്നത്. പദ്ധതി പ്രദേശത്തെ വിവിധ പഞ്ചായത്തുകളിൽ നിന്നുള്ള പ്രതിനിധികളെയും പരിസ്ഥിതി പ്രവർത്തകരെയും പ്രസ്തുത കൂടിക്കാഴ്ചകളിലേക്ക് ക്ഷണിക്കുകയുണ്ടായിട്ടുണ്ട്. 2011 മേയ്മാസം 3,4,5 തിയതികളിലായി തൃശ്ശൂർ KILA (Kerala Institute of Local Administration) യിൽ വച്ച് നടന്ന പന്ത്രണ്ടാമത് ഗാഡ്ഗിൽ കമ്മിറ്റി മീറ്റിംഗിൽ ഒട്ടേറെ പരിസ്ഥിതി പ്രവർത്തകർ തങ്ങളുടെ സാന്നിധ്യം ശക്തമാക്കിയിരുന്നു.

www.malankaralibrary.com

അതേസമയം, പശ്ചിമഘട്ട മേഖലയിൽ ഉൾപ്പെടുന്ന കേരളത്തിലെ പഞ്ചായത്തുകളിൽനിന്നടക്കമുള്ള ജനപ്രതിനിധികൾ ക്ഷണിക്കപ്പെട്ടിരുന്നുവെങ്കിലും അവരുടെ സാന്നിധ്യം വളരെ ദുർബ്ബലമായിരുന്നു. ചില മുൻനിര പരിസ്ഥിതിപ്രവർത്തകർ, ഗാഡ്ഗിൽ കമ്മറ്റിയുടെ പ്രവർത്തനങ്ങളിൽ ഉടനീളം അവരുമായി സഹകരിച്ചു പ്രവർത്തിച്ച് ഏറെ സംഭാവനകൾ അവരുടെ പഠനപ്രവർത്തനങ്ങളിലേക്ക് നൽകിയിട്ടുണ്ടെന്ന് അവകാശപ്പെടുകയുണ്ടായിട്ടുണ്ട്.

ഗാഡ്ഗിൽ കമ്മറ്റിയുടെ പ്രവർത്തനരീതികളും വിമർശനങ്ങൾക്ക് അതീതമായിരുന്നില്ല. ഗാഡ്ഗിൽ റിപ്പോർട്ടിന്റെ ആമുഖത്തിൽത്തന്നെ പറഞ്ഞിരിക്കുന്നതനുസരിച്ച്, തദ്ദേശീയരായ ഗ്രാമപഞ്ചായത്ത് പ്രതിനിധികൾ ഉൾപ്പെടെയുള്ള ജനപ്രതിനിധികളെയും സംഘടനാപ്രതിനിധികളെയും നേരിട്ട് കണ്ട് ചർച്ച നടത്തിയിരുന്നു എന്നതാണ്. എന്നാൽ കേരളത്തിൽ ഒരിക്കൽ തിരുവനന്തപുരത്തും, പിന്നെ ഒരിക്കൽ തൃശ്ശൂരും വച്ച് മീറ്റിങ്ങുകൾ സംഘടിപ്പിച്ചിരുന്നു എന്നതൊഴിച്ചാൽ, പശ്ചിമഘട്ടത്തിലുള്ള പ്രതിനിധികളെ കാണുന്നതിനായും ചർച്ച നടത്തുന്നതിനായുമുള്ള നീക്കങ്ങൾ നടന്നിട്ടില്ല. പശ്ചിമഘട്ടമേഖലകൾ സന്ദർശിച്ചിരുന്നു എന്ന് റിപ്പോർട്ടിൽ അവകാശപ്പെടുന്നുണ്ടെങ്കിലും, കേരളത്തിൽ ആതിരപ്പള്ളിയിലും, ഇടുക്കിയിലെ ഉടുമ്പഞ്ചോലയിലും ഒഴികെ മറ്റൊരു പ്രദേശവും കമ്മറ്റി അംഗങ്ങൾ സന്ദർശിക്കുകയുണ്ടായിട്ടില്ല. ജനവാസമേഖലകൾ ആയ പശ്ചിമഘട്ടത്തിലെ മറ്റുസ്ഥലങ്ങളൊന്നും നേരിട്ട് സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്താനുള്ള പരിശ്രമം കമ്മറ്റിയുടെ ഭാഗത്തുനിന്ന് ഉണ്ടായില്ല എന്നത് വലിയ പോരായ്മയായി ചൂണ്ടിക്കാണിക്കപ്പെട്ടിരുന്നു. പ്രത്യേകിച്ച്, സ്ഥലസന്ദർശനങ്ങളെ കുറിച്ചും, ജനപ്രതിനിധികളുമായി ചർച്ചകൾ നടത്തിയതിനെക്കുറിച്ചും വ്യക്തമായിത്തന്നെ റിപ്പോർട്ടിൽ സൂചിപ്പിക്കുകകൂടി ചെയ്തിട്ടുള്ളത് സംശയകരമായി വിലയിരുത്തപ്പെട്ടു.

വാസ്തവത്തിൽ, കേരളത്തിലെ കർഷകരുടെ യഥാർത്ഥ അവസ്ഥയും അവരുടെ പ്രശ്നങ്ങളും മനസിലാക്കാൻ ഗാഡ്ഗിൽ കമ്മിറ്റിക്ക് കഴിഞ്ഞിട്ടില്ല എന്നുവേണം കരുതാൻ. തീവ്രപരിസ്ഥിതിവാദികൾ തങ്ങളുടെ മൗലികവാദങ്ങളെ ഉയർത്തിപ്പിടിച്ച് മാനുഷിക വിഷയങ്ങൾക്ക് പുകമറ സൃഷ്ടിക്കാനും, അവയെ മറച്ചുവയ്ക്കാനും ശ്രമിച്ചിരിക്കണം. പിന്നീട് ഗാഡ്ഗിൽ റിപ്പോർട്ട് തങ്ങളുടെ വിജയമാണെന്ന് ഉച്ചൈസ്തരം ഉദ്ഘോഷിച്ചു കൊണ്ടിരുന്ന അത്തരക്കാർ കേരളത്തിലെയും ലോകത്തിലെതന്നെയും മുഴുവൻ പാരിസ്ഥിതിക പ്രശ്നങ്ങൾക്കും കാരണം ഇടുക്കിയിലെയും വയനാട്ടിലെയും കുടിയേറ്റ കർഷകരാണെന്നുകൂടി പറയാതെ പറഞ്ഞുവച്ചു. പ്രകൃതിസൗഹാർദ്ദപരമായി മാത്രമല്ല, മാനുഷിക മൂല്യങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ടും ആവശ്യമായ പരിഷ്കരണങ്ങൾ ഗാഡ്ഗിൽ റിപ്പോർട്ടിൽ വന്നേക്കാനുള്ള സാധ്യതകളെ പോലും അടച്ചുകളഞ്ഞ നീക്കങ്ങളും അത്തരക്കാരിൽ ചിലരുടെ ഭാഗത്തുനിന്നുണ്ടായി എന്നുള്ളത് ന്യായമായും സംശയിക്കാം.

## ലോക പൈതൃക പ്രദേശവും ഗാഡ്ഗിൽ റിപ്പോർട്ടും തമ്മിൽ

IUCN ന്റെ ശുപാർശയനുസരിച്ച്, UNESCO അംഗീകരിക്കുന്ന പ്രദേശങ്ങളാണ് ലോക പൈതൃക പ്രദേശം (World Heritage Site) ആയി പ്രഖ്യാപിക്കപ്പെടുന്നത്. വളരെ വർഷങ്ങളായുള്ള ഇന്ത്യയുടെ അപേക്ഷ സ്വീകരിക്കപ്പെട്ട് 2012 ആഗസ്റ്റ്മാസം മുതൽ പശ്ചിമഘട്ടം UNESCO യുടെ പൈതൃക പ്രദേശങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. 2002, 2006, 2009 എന്നീ വർഷങ്ങളിലെ UNESCO സമ്മേളനങ്ങളിലും, ഇന്ത്യയുടെ അപേക്ഷ പരിഗണനയിലുണ്ടായിരുന്നിട്ടും അംഗീകരിക്കപ്പെട്ടിരുന്നില്ല. പ്രത്യേകിച്ച്, 2006 മുതൽ ഇത്തരമൊരു അംഗീകാരത്തിനായുള്ള തീവ്രശ്രമങ്ങൾ ഇന്ത്യയുടെ ഭാഗത്തുനിന്ന് ഉണ്ടായിരുന്നിട്ടും, അന്താരാഷ്ട്ര മാനദണ്ഡങ്ങൾ പാലിക്കുന്ന വിധമുള്ള സംരക്ഷണ പദ്ധതിയുടെ അഭാവമാണ് ലോക പൈതൃക പ്രദേശമായി പശ്ചിമഘട്ടം അംഗീകരിക്കപ്പെടാൻ വൈകിയത് എന്നാണ് റിപ്പോർട്ടുകൾ. ലോക പൈതൃക പ്രദേശമായി അംഗീകരിക്കപ്പെടുന്ന പക്ഷം അതിന്റെ സംരക്ഷണത്തിനായി വലിയ അന്താരാഷ്ട്ര സാമ്പത്തിക സഹായത്തിന് അർഹത നേടും എന്നുള്ളതാണ് ഒരു പ്രധാന വസ്തുത. ലോക പൈതൃക പ്രദേശ പ്രഖ്യാപനത്തിന്റെ

www.malankaralibrary.com

പ്രാരംഭ പഠനങ്ങൾക്കായി ബാംഗ്ലൂർ കേന്ദ്ര മായുള്ള ഒരു എൻജിഒ കൈപ്പറ്റിയത് 2350 കോടി രൂപയാണെന്നാണ് റിപ്പോർട്ടുകൾ. ലോക പൈതൃക പ്രദേശം എന്ന പദവി പശ്ചിമ ഘട്ടത്തിന് ലഭിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി അതേക്കുറിച്ച് പഠിക്കുകയും, അനു കൂലമായൊരു റിപ്പോർട്ട് സമർപ്പിക്കുക യും ചെയ്യുക എന്നീ ലക്ഷ്യങ്ങളുമായാണ് 'ഗാഡ്ഗിൽ കമ്മറ്റി' നിയോഗിക്കപ്പെട്ടത് എന്ന ആരോപണവും അക്കാലത്ത് ശക്തമായിരുന്നു. ഒരേ കാലഘട്ടത്തിൽ തന്നെ ഗാഡ്ഗിൽ റി പ്പോർട്ട് പൂർത്തിയാക്കപ്പെട്ടതും, പശ്ചിമഘട്ടം ലോക പൈതൃക പ്രദേശമായി അംഗീകരിക്ക പ്പെട്ടതും യാദൃശ്ചികമാകാൻ ഇടയില്ല.

2011ൽ റഷ്യയിൽ വച്ച് നടന്ന UNESCO കോൺഫറൻസിന് മുമ്പ് വരെയും ഭാരതത്തി ന്റെ അപേക്ഷ IUCN അംഗീകരിച്ചിട്ടില്ലാതി രുന്നിട്ടുകൂടി അതിനെ മറികടന്ന് UNES-COയിൽ നിന്ന് അംഗീകാരം ലഭിക്കുകയാണ് ഉണ്ടായതെന്ന് റിപ്പോർട്ടുകളുണ്ട്. 2010നു ശേ ഷം തയ്യാറാക്കുകയും, 2011 ആഗസ്റ്റിൽ സർ ക്കാരിന് സമർപ്പിക്കുകയും ചെയ്ത ഗാഡ്ഗിൽ റിപ്പോർട്ട് UNESCOയ്ക്ക് നൽകപ്പെട്ടിട്ടില്ല എന്ന് പറയപ്പെടുമ്പോഴും, ഗാഡ്ഗിൽ കമ്മറ്റിയുമാ യി ബന്ധപ്പെട്ട സൂചനകൾ UNESCO യു ടെ നിർദ്ദേശങ്ങളിലും വേൾഡ് ഹെറിറ്റേജ് സൈറ്റുമായി ബന്ധപ്പെട്ട സൂചനകൾ ഗാഡ് ഗിൽ റിപ്പോർട്ടിലും കാണപ്പെട്ടതിനു പിന്നിലെ ദുരൂഹതയും അക്കാലത്തെ ചർച്ചകളിൽ ചോ ദ്യം ചെയ്യപ്പെടുകയുണ്ടായി. 2010 മാർച്ച് പത്തിന് നിയോഗിക്കപ്പെട്ട ഗാഡ്ഗിൽ കമ്മിറ്റിയുടെ ലക്ഷ്യം പ്രത്യക്ഷത്തിൽ പശ്ചിമഘട്ടത്തിലെ പരിസ്ഥിതി സംരക്ഷണത്തിനായുള്ള പദ്ധതി തയ്യാറാക്കുകയാണ് എന്ന് പറയുമ്പോഴും, വേൾഡ് ഹെറിറ്റേജ് കമ്മിറ്റിക്ക് അത് സമർപ്പിച്ച് ലോക പൈതൃക പ്രദേശ പദവി ലഭി ക്കാനുള്ള വഴി യൊരുക്കു കയായിരുന്നു യഥാർത്ഥ ഉദ്ദേശ്യമെന്ന് പലരും കരുതാൻ ഇത്തരത്തിൽ കാരണങ്ങൾ പലതാണ്. പരിസ്ഥിതി സംരക്ഷ ണം പ്രഖ്യാപിത ലക്ഷ്യമായി ഉയർ ത്തിക്കാണിക്കുകയും വിദേശ ഫണ്ട് സ്വീകരിക്കുകയും ചെയ്യുന്ന നിരവധി എൻജിഒ കളും തീവ്രപരിസ്ഥിതിവാദികളും ഒരുപക്ഷം മാത്രം മുറുകെപ്പിടിച്ച് രംഗത്ത് വരികയും കുടി യേറ്റ കർഷകർക്കെതിരെ ഇതര സമൂഹങ്ങളുടെ വികാരം വളർത്തിയെടുക്കുകയും അവരെ സമ്മർദ്ദത്തിലാഴ്ത്താൻ ശ്രമിക്കുകയും ചെയ്യു കയും, ഘട്ടംഘട്ടമായി ജനപ്രതിനിധികളുൾ പ്പെടെ പലരും മറുകണ്ടം ചാടുകയുമൊക്കെ ചെയ്തത് ബാഹ്യശക്തികളുടെ ഇടപെടലുക ളുടെ സൂചനകളാണ് നൽകുന്നത്.

തങ്ങൾ മാത്രമാണ് പരിസ്ഥിതി സ്നേ ഹികൾ എന്ന ധാരണ സമൂഹത്തിൽ വളർത്താൻ ശ്രമിക്കുന്ന ഒരു വിഭാഗത്തെ അൽപംകൂടി ആഴ ത്തിൽ നിരീക്ഷിക്കാൻ നാം ശ്രമിക്കേണ്ടതുണ്ട്. യഥാർത്ഥ പരിസ്ഥിതി സ്നേഹികളായ കർ ഷകരെ പരിസ്ഥിതി നശിപ്പിക്കുന്നവർ എന്ന് മുദ്രകുത്താൻ നിഷ്പ്രയാസം അത്തരക്കാർ ക്ക് കഴിഞ്ഞു. എക്കാലവും വളരെ ശക്തമായ പ്രബോധനങ്ങളിലൂടെയും വ്യക്തമായ പ്രവർ ത്തനങ്ങളിലൂടെയും പരിസ്ഥിതിക്കുവേണ്ടി നിലകൊള്ളുന്ന കത്തോലിക്കാ സഭയെ, കുടി യേറ്റ കർഷകർക്കുവേണ്ടി മുന്നിട്ടിറങ്ങി എന്ന ഒറ്റക്കാരണത്താൽ പരിസ്ഥിതിയുടെ ശത്രുക്ക ളായി ചിത്രീകരിക്കാൻ ഇന്നും അവർ കഠിന പ്രയത്നം നടത്തിക്കൊണ്ടിരിക്കുന്നു. മുഖം മൂടികൾ ധരിച്ച് മനുഷ്യരെ തമ്മിലടിപ്പിച്ച് തങ്ങളുടെ കാര്യസാധ്യത്തിനായി അധ്വാനി ക്കുന്ന ഇത്തരക്കാരുടെ തനിനിറം നാം തിരി ച്ചറിയേണ്ടതുണ്ട്.

UNESCO

www.malankaralibrary.com

# കർഷകരുടെ മുറവിളി അവഗണിക്കരുത്

**ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം**




**കേ**രളത്തിന്റെ മലയോരങ്ങൾ ഒരു സഹസ്രാബ്ദം മുമ്പുമുതലെങ്കിലും കാർഷിക മേഖലയായിരുന്നു. ഇവിടത്തെകൃഷികൾ സംബന്ധിച്ച ചരിത്രരേഖകൾ 15-ാം നൂറ്റാണ്ടുമുതലുള്ളവ ലഭ്യമാണ്. യൂറോപ്യൻ വ്യാപാരികൾ ഇവിടെനിന്നു വ്യാപകമായി മലഞ്ചരക്കുകൾ വാങ്ങിയിരുന്നു. തിരവതാംകൂറിന്റെയും മറ്റു നാട്ടിരാജ്യങ്ങളുടെയും പ്രധാനവരുമാനം പശ്ചിമഘട്ട മലയോര പ്രദേശങ്ങളിൽ വിളയുന്ന ഏലവും കുരുമുളകും മറ്റുമായിരുന്നു. തുടർന്ന് സ്വാതന്ത്ര്യാനന്തരം, 1950കളിൽ കേരളത്തിൽ പട്ടിണി വ്യാപകമായപ്പോൾ നാടിന്റെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനായി മധ്യതിരുവതാംകൂറിൽനിന്നു നാടും വീടും വിട്ട് വടക്ക് മലബാറിലേക്കും തെക്ക് അമ്പൂരി ഭാഗത്തേക്കും കിഴക്ക് മലയോര മേഖലകളിലേക്കും കർഷകർ കുടിയേറി. ഇപ്രകാരം കുടിയേറാൻ 'ഗ്രോ മോർ ഫുഡ്' അടക്കമുള്ള പദ്ധതികളുമായി സർക്കാർ വലിയ പ്രോത്സാഹനം നൽകി.

എന്നാൽ വന്യമൃഗങ്ങളോടും സാംക്രമികരോഗങ്ങളോടും വീരോചിതമായി പടപൊരുതി കാർഷിക ഉൽപന്നങ്ങൾ വിളയിച്ച് നാടിന്റെ പട്ടിണി മാറ്റാൻ മുഖ്യപങ്കുവഹിച്ച കർഷകർ ഇന്നും കണ്ണീർ കയത്തിലാണ്. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്ക് പതിറ്റാണ്ടുകളായി വിലപ്പെട്ട സംഭാവനകൾ നൽകിയ കർഷകരോട് മാറിമാറിവന്ന സർക്കാരുകൾ കടുത്ത അവഗണനയാണ് കാണിച്ചു പോരുന്നത്. സർക്കാരിന്റെ പദ്ധതികളോട് സഹകരിച്ച കർഷകർ ഇന്ന് വഞ്ചിക്കപ്പെട്ടിരിക്കുന്നുവോ? അതിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ് പശ്ചിമഘട്ടത്തിലെ പരിസ്ഥിതിലോല പ്രദേശങ്ങൾ (ഇഎസ്എ) നിർണയിക്കുന്ന കാര്യത്തിൽ സംഭവിക്കുന്നത്. കേരളത്തിന്റെ തെക്ക് തിരുവനന്തപുരം ജില്ലയിലെ അമ്പൂരി, കള്ളിക്കാട്, വാഴിച്ചാൽ തുടങ്ങി ഇടുക്കി, തൃശൂർ, കോഴിക്കോട്, വയനാട്, പാലക്കാട് ജില്ലകളിലെ ധാരാളം വില്ലേജുകൾ ഉൾപ്പെടെ 123 വില്ലേജുകളെ ഗുരുതരമായി ബാധിക്കുന്ന ഒരു പ്രശ്നത്തിൽ ശസ്ത്രീയവും നീതിപൂർവ്വകവും സുതാര്യവുമായ ഒരു നിലപാടെടുക്കാൻ കേരള സർക്കാർ അമാന്തം കാണിക്കരുത്.

### പി.എച്ച്. കുര്യൻ കമ്മിറ്റിയുടെ പിഴവുകൾ

കസ്തൂരിരംഗൻ റിപ്പോർട്ട് പ്രകാരം 13108 ച.കി.മീ. സ്ഥലവും, ഉമ്മൻ വി ഉമ്മൻ കമ്മിറ്റി റിപ്പോർട്ട് പ്രകാരം 9993.7 ച.കി.മീ. സ്ഥലവും കേരളത്തിൽ ഇഎസ്എ പരിധിയിൽപെടും. എന്നാൽ സംസ്ഥാന സർക്കാർ 2018ൽ പി.എച്ച്.കുര്യൻ കമ്മിറ്റിയെ നിയമിച്ച് ഈ പ്രശ്നം പഠിച്ചതിന്റെ അടിസ്ഥാന




www.malankaralibrary.com

ത്തിൽ 31 വില്ലേജുകൾ ഉൾക്കൊള്ളുന്ന 1333.24 ച.കി.മീ. പ്രദേശം ഈ പരിധിയിൽ നിന്ന് വീണ്ടും ഒഴിവാക്കി 8696.4 ച.കി.മീ.ൽ 92 വില്ലേജുകൾ മാത്രം ഉൾക്കൊള്ളുന്ന പുതിയ ശിപാർശ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരിക്കുകയാണ്. എന്നാൽ ഈ ശിപാർശയിൽ പ്രധാനമായും രണ്ട് പ്രശ്നങ്ങളാണ് സംഭവിച്ചത്.

ഒന്നാമതായി, കസ്തൂരിരംഗൻ റിപ്പോർട്ടിൽ ഉണ്ടായിരുന്നതും എന്നാൽ ഉമ്മൻ കമ്മിറ്റി ഒഴിവാക്കിയിരുന്നതുമായ പല സ്ഥലങ്ങളും (ഏകദേശം 700 ച.കി.മീ) പി.എച്ച്. കുര്യൻ കമ്മിറ്റി ഈ 92 വില്ലേജുകളിൽ വീണ്ടും കൂട്ടിച്ചേർത്തു. ഉമ്മൻ കമ്മിറ്റി റിപ്പോർട്ട് പ്രകാരം 2019ൽ സംസ്ഥാന സർക്കാർ കേന്ദ്രത്തിന് സമർപ്പിച്ച ജിയോ കോർഡിനേറ്റിലെ പല

Ecological Sensitive Zones
Gadgil





വില്ലേജുകളിലെയും ജനവാസകേന്ദ്രങ്ങളും കൃഷിടിയങ്ങളും തോട്ടങ്ങളും കുര്യൻ കമ്മിറ്റി വീണ്ടും റിസർവ് ഫോറസ്റ്റ് ആയി മാർക്ക് ചെയ്തു എന്നുള്ളത് കർഷകർക്കും പൊതുസമൂഹത്തിനും അംഗീകരിക്കാൻ സാധിക്കുന്നതല്ല.

രണ്ടാമത്, കുര്യൻ കമ്മിറ്റി ഉപയോഗിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽത്തന്നെ വിലയിരുത്തുമ്പോൾ ഇനിയുമേറെ വില്ലേജുകൾ ഒഴിവാക്കപ്പെടാനുണ്ടെന്നു വ്യക്തമാണ്. തിരുവനന്തപുരം ജില്ലയുടെ ഭാഗമായ അമ്പൂരി, കള്ളിക്കാട് വില്ലേജുകൾ ഇപ്രകാരം ഒഴിവാക്കപ്പെടാൻ അർഹതയുള്ളവയാണ്. ഒരു വില്ലേജിൽ 20 ശതമാനമോ അതിൽ കൂടുതലോ പ്രദേശം ഇഎസ്എയിൽ വന്നാൽ മാത്രമേ പ്രസ്തുത വില്ലേജ് മുഴുവനായും ഇഎസ്എയിൽപെടുകയുള്ളൂവെന്നാണ് സർക്കാരിന്റെ പ്രഖ്യാപിത നിലപാട്. എന്നാൽ അമ്പൂരിയിൽ 9.6 ശതമാനവും കള്ളിക്കാട്ടിൽ 2.6 ശതമാനവും ഭൂമി മാത്രമാണ് ഇഎസ്എ പരിധിയിൽ വരുന്നത്. ഈ വില്ലേജുകൾ രണ്ടും പൂർണ്ണമായും ഇഎസ്എയിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്.

ജനസാന്ദ്രത ഒരു ച.കി.മി.ൽ 100ൽ കൂടുതൽ ഉണ്ടെങ്കിൽ ആ പ്രദേശത്തെയും ഇഎസ്എയിൽ നിന്ന് ഒഴിവാക്കേണ്ടതാണ്. എന്നാൽ 2011ലെ കണക്കുപ്രകാരം അമ്പൂരിയിൽ ഒരു ച.കി.മി. 2443പേരും കള്ളിക്കാട്ടിൽ

Ecological Sensitive Units
Kasturirangan




127 പേരും അധിവസിക്കുന്നു. കൂടാതെ, നെയ്യാർ റിസർവ് വനംവകുപ്പു കയ്യാലകൾ കെട്ടി, ജണ്ടകൾ സ്ഥാപിച്ച് ജനവാസകേന്ദ്രങ്ങളെ വനപ്രദേശങ്ങളിൽ നിന്നു വേർതിരിച്ചിട്ടുമുണ്ട്. 1914 മുതൽ 2007 വരെയുള്ള കാലഘട്ടത്തിൽ റിമോട്ട് സെൻസിങ് സാങ്കേതികവിദ്യ ഉപയോഗിച്ചു നടത്തിയ ശാസ്ത്രീയ പഠനങ്ങൾ വ്യക്തനാക്കുന്നത് ഈ വനമേഖലകൾ മാറ്റമില്ലാതെ തുടരുകയാണെന്നാണ്. അതായത് ഇവിടെ വനഭൂമി കയ്യേറ്റമോ, വനനശീകരണമോ നടന്നിട്ടില്ല. കൂടാതെ, ഇവിടെ റെഡ് കാറ്റഗറിയിൽ പെട്ട വ്യവസായശാലകളോ പാറമടകളോ മണൽവാരൽ കേന്ദ്രങ്ങളോ ഇല്ല. അതാ

www.malankaralibrary.com

യത് ഈ പ്രദേശങ്ങൾ തികച്ചും പരിസ്ഥിതി സൗഹൃദ പ്രദേശങ്ങൾ തന്നെയാണ്. എന്നിട്ടും ഈ മേഖല ഇഎസ്എയിൽ ഉൾപ്പെടുത്തിയിരിക്കുന്നതിന്റെ യുക്തി മനസ്സിലാക്കാൻ സാധിക്കുന്നില്ല.


### ഉമ്മൻ വി. ഉമ്മൻ കമ്മിറ്റിയുടെ പിഴവ്

കസ്തൂരിരംഗൻ റിപ്പോർട്ടിനെതിരെ വ്യാപകമായ പരാതി ഉയർന്ന സാഹചര്യത്തിൽ സംസ്ഥാന സർക്കാർ രൂപംകൊടുത്ത ഉമ്മൻ വി. ഉമ്മൻ കമ്മിറ്റി, കസ്തൂരിരംഗൻ റിപ്പോർട്ടിൽപ്പെട്ട 123 വില്ലേജുകളിലെ ജനവാസകേന്ദ്രങ്ങളിൽ ഗ്രൗണ്ട് ട്രൂത്തിംഗ് നടത്തി വനവും കൃഷിയിടങ്ങളും വേർതിരിച്ചു. 9107 ച.കി.മി. സ്ഥലമാണ് ഇഎസ്എ പരിധിയിൽ വരുന്നതായി റിപ്പോർട്ട് ചെയ്തത്. ഈ ശിപാർശ കേരളസർക്കാരും കേന്ദ്ര സർക്കാരും അംഗീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 2014-ൽ കേന്ദ്രസർക്കാർ കരടുവിജ്ഞാപനം ഇറക്കുകയും ചെയ്തിരുന്നു. ഈ റിപ്പോർട്ടിനെ തുടർന്ന് 123 ഇഎസ്എ വില്ലേജുകളിൽ ഇഎസ്എ-നോൺ ഇഎസ്എ വേർതിരിച്ചുള്ള മാപ്പുകളും അതിന്റെ 187 ജിയോ കോഡിനേറ്റുകളും കേന്ദ്രസർക്കാരിനു സമർപ്പിച്ചിരുന്നു. എന്നാൽ ഇതിൽ ഉമ്മൻ കമ്മിറ്റിക്ക് ഒരു പിഴവ് സംഭവിച്ചു.

കസ്തൂരിരംഗൻ റിപ്പോർട്ടനുസരിച്ച് നാച്ചറൽ ലാൻഡ്സ്കേപ്പ് 12477 ച.കി.മീ. ആയിട്ടാണ് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്ന്. ഉമ്മൻ കമ്മിറ്റി കണ്ടെത്തിയ 3114.3 ച.കി.മീ. കുറയ്ക്കേണ്ടിയിരുന്നത് 12477 ച.കി.മീ. ഏരിയയിൽ നിന്നായിരുന്നു. എന്നാൽ കുറച്ചിരിക്കുന്നത് 13108 ച.കി.മീ.ൽ നിന്നാണ്. ഒപ്പം, കേരളത്തിലെ 123 വില്ലേജുകളിലെ വനഭൂമിയുടെ വിസ്തീർണ്ണം 9107 ച.കി.മീ. എന്ന കണക്കാക്കിയതിലും തെറ്റുപറ്റിയിട്ടുണ്ട്. കേന്ദ്രസർക്കാർ ഗ്രൗണ്ട് ട്രൂത്തിംഗ് വഴി ഇത് തിരുത്തുവാൻ പലപ്രാവശ്യം ആവശ്യപ്പെട്ടുണ്ടെങ്കിലും സംസ്ഥാനത്തുനിന്ന് അനുകൂല സമീപനം ഉണ്ടായില്ല. ഉമ്മൻ കമ്മിറ്റി അനുസരിച്ച് തയ്യാറാക്കിയ ഇഎസ്എ മാപ്പിൽ ഈ തിരുത്തൽ വരുത്താതെ അന്തിമവിജ്ഞാപനം ഇറക്കിയാൽ അത് ജനങ്ങളെ പ്രതികൂലമായി ബാധിക്കും.

### ജിയോ കോർഡിനേറ്റുകൾ പര്യാപ്തമല്ല

ജിയോ കോർഡിനേറ്റ് ലൊക്കേഷൻ അന്തരീക്ഷത്തിൽ നിന്നുള്ള വിലയിരുത്തലായതിനാൽ സാധാരണക്കാരന് ഇതിന്റെ അതിർത്തി തിരിച്ചറിയാൻ സാധിക്കുകയില്ല. സർവേ ഡീമാർക്കേഷൻ നടത്താതെ ഭൂമിയുടെ അതിരുകൾ വ്യക്തമാവുകയില്ല. അതിനാൽ കേരളാ സർവേ ആൻഡ് ബൗണ്ടറീസ് ആക്ട് അനുസരിച്ച് സർവേ ഡീമാർക്കേഷൻ നടത്തി ഓരോ വ്യക്തിയുടെയും ഭൂമി ഏതു വിഭാഗത്തിൽപ്പെടുന്നു എന്നു വ്യക്തമാക്കാതെ അന്തിമവിജ്ഞാപനം ഉണ്ടാകരുത്. അതോടൊപ്പം ഇപ്പോൾ നിർദ്ദേശിക്കപ്പെടുന്ന കോർ, നോൺ കോർ എന്നീ പദങ്ങൾ പ്രയോഗത്തിൽ വരുന്നത്. ഇവയുടെ കാര്യത്തിൽ വ്യക്തതയില്ല. ഈ തരം തിരിവ് കർഷകർക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല.



www.malankaralibrary.com

*പ്രതികരണം*

# എസ്ഡിപിഐ ക്രൈസ്തവർക്കുവേണ്ടി പ്രതിഷേധിക്കുന്നത് വിരോധാഭാസം

## കെസിബിസി ഐക്യജാഗ്രതാ കമ്മീഷൻ

തീവ്ര ഇസ്ലാമിക സംഘടനയായ പോപ്പുലർ ഫ്രണ്ടിന്റെ രാഷ്ട്രീയ മുഖമായ എസ്ഡിപിഐ (സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടി ഓഫ് ഇന്ത്യ) കഴിഞ്ഞ നാളുകളിൽ ക്രൈസ്തവർക്കുവേണ്ടി സംസാരിക്കാൻ ആവേശം പ്രകടിപ്പിക്കുന്നത് തികഞ്ഞ വിരോധാഭാസമാണ്. കേരളത്തിൽ കലാപാന്തരീക്ഷം സൃഷ്ടിക്കുന്നതിൽ പലപ്പോഴും മുഖ്യ പങ്കുവഹിച്ചിട്ടുള്ള എസ്ഡിപിഐ ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നത് ഗൂഢമായ രാഷ്ട്രീയ മുതലെടുപ്പുകൾ മാത്രമാണെന്ന് വ്യക്തം. കേരളത്തിൽ സമീപകാലങ്ങളിൽ നടന്നിട്ടുള്ള നിരവധി അക്രമ പ്രവർത്തനങ്ങളിലും നിഷ്ഠൂരമായ കൊലപാതകങ്ങളിലും എസ്ഡിപിഐ പ്രവർത്തകരുടെ പങ്ക് വ്യക്തമായി തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. തൊടുപുഴ ന്യൂമാൻ കോളേജ് അധ്യാപകനായിരുന്ന പ്രഫ. ടി.ജെ ജോസഫിനുമേൽ പ്രവാചക നിന്ദ എന്ന കുറ്റം ചുമത്തി പ്രാകൃതമായ കൈവെട്ട് ശിക്ഷ നടപ്പാക്കിയത് പോപ്പുലർ ഫ്രണ്ട് പ്രവർത്തകരായിരുന്നു എന്നുള്ളത് കേരളം മറക്കാൻ കാലമായിട്ടില്ല.

നിരോധിത തീവ്രവാദ സംഘടനയായ സിമി (Students' Islamic Movement of India - SIMI) യുടെ മറ്റൊരു മുഖമാണ് പോപ്പുലർ ഫ്രണ്ട് എന്ന് 2012 ൽ അന്നത്തെ കേരളാ പോലീസ് ഇന്റലിജൻസ് മേധാവി കേരളാ ഹൈക്കോടതിയെ ധരിപ്പിക്കുകയുണ്ടായിട്ടുണ്ട്. കേരളത്തിൽ ഇസ്ലാമിക തീവ്രവാദം പ്രോത്സാഹിപ്പിക്കുകയും ഖാലിഫേറ്റ് സ്ഥാപനവുമായി ബന്ധപ്പെട്ട് വിവിധ തലങ്ങളിൽ പ്രവർത്തിക്കുകയും ചെയ്യുന്ന ജമാഅത്തെ ഇസ്ലാമിയുടെ ലക്ഷ്യങ്ങൾ പൂർണ്ണമായി ഏറ്റെടുത്ത സംഘടനയായിരുന്നു 2001ൽ നിരോധിക്കപ്പെട്ട SIMI. അതിന്റെ തുടർച്ചയെന്നോണം 2006ൽ സ്ഥാപിക്കപ്പെട്ട പോപ്പുലർ ഫ്രണ്ടും ആരംഭം മുതൽ മതമൗലികവാദം പ്രചരിപ്പിക്കുകയും കേരളസമൂഹത്തിൽ ഭീതിയും ആശങ്കയും വളർത്തുകയും ചെയ്തുവന്നിരുന്നതിനാൽ നിരോധിക്കപ്പെടണം എന്ന ആവശ്യം പല തുറകളിൽനിന്ന് പലപ്പോഴായി ഉയർന്നിട്ടുള്ളതാണ്. പ്രവർത്തനങ്ങളിലെ തീവ്രവാദ സ്വഭാവം മൂലം പലയിടങ്ങളിലും നിരീക്ഷണ വിധേയമായിരിക്കുന്ന സംഘടനകളാണ് പോപ്പുലർ ഫ്രണ്ടും എസ്ഡിപിഐയും.

സോഷ്യൽ ഡെമോക്രാറ്റിക് പാർട്ടി (SDPI) എന്ന മതേതര നാമം സ്വീകരിച്ചിരിക്കുന്നതിനാൽ അത് ഒരു സാധാരണ രാഷ്ട്രീയ പാർട്ടിയാണ് എന്ന് അനേകർ തെറ്റിദ്ധരിക്കാൻ ഇടയായിട്ടുള്ളതായി മനസിലാക്കുന്നു. അത്തരമൊരു തെറ്റിദ്ധാരണ ജനിപ്പിക്കാൻ മനഃപൂർവ്വമായ ശ്രമങ്ങൾ എസ്ഡിപിഐ നേതാക്കൾ നടത്തുന്നുമുണ്ട്. ആ തെറ്റിദ്ധാരണയാണ് കഴിഞ്ഞ ദിവസങ്ങളിൽ കർണ്ണാടകയിൽ എസ്ഡിപിഐക്കൊപ്പം ക്രൈസ്തവ സന്യസ്തരും വൈദികരും മതംമാറ്റ നിരോധന നിയമത്തിനെതിരെയുള്ള പ്രതിഷേധത്തിന് അണിനിരക്കാൻ ഇടയാക്കിയത്. ജാതിമത വ്യത്യാസമില്ലാതെ എല്ലാ വിഭാഗങ്ങളും നേരിടുന്നപ്രതിസന്ധികളിൽപരസ്പരംസഹായിക്കാനുംപിന്തുണനൽകാനുംഎല്ലാസമുദായങ്ങൾക്കുംബാധ്യതയുണ്ട്. എന്നാൽ, പോപ്പുലർ ഫ്രണ്ടും എസ്ഡിപിഐയും പോലുള്ള തീവ്ര സ്വഭാവമുള്ള മത, രാഷ്ട്രീയ സംഘടനകളുടെ യഥാർത്ഥ ലക്ഷ്യങ്ങൾ തിരിച്ചറിഞ്ഞ് അകറ്റി നിർത്താനുള്ള ഉത്തരവാദിത്തവും ക്രൈസ്തവ സമൂഹത്തിനും പൊതുസമൂഹത്തിനുമുണ്ട്.

തീവ്ര ഹിന്ദുത്വവാദികളുടെ ഭാഗത്തുനിന്നുള്ള ആസൂത്രിതമായ അതിക്രമങ്ങൾ ക്രൈസ്തവ സമൂഹങ്ങൾക്കും സ്ഥാപനങ്ങൾക്കും ദേവാലയങ്ങൾക്കും എതിരെ വർദ്ധിച്ചുകൊണ്ടിരിക്കുന്നതോടൊപ്പം പുതിയ നിയമ നിർമ്മാണങ്ങൾ നടത്തിയും അനാവശ്യ നിയമങ്ങൾ അടിച്ചേൽപ്പിച്ചും കൂടുതൽ പ്രതിസന്ധികൾ സൃഷ്ടിക്കാൻ സർക്കാരുകളും രാഷ്ട്രീയ നേതൃത്വങ്ങളും മത്സരിക്കുകയുമാണ്. ഈ ഘട്ടത്തിൽ കൂട്ടായ പ്രതികരണങ്ങളും പ്രതിഷേധങ്ങളും ആവശ്യമാണ്. എന്നാൽ മുതലെടുപ്പുകൾക്കായും സ്ഥാപിത താല്പര്യങ്ങളോടെയും പിന്തുണയ്ക്കാൻ എന്ന വ്യാജേന വന്നുചേരുന്നവരെ അകറ്റിനിർത്തുക തന്നെവേണം. പ്രതിഷേധത്തിന്റെയും പ്രതികരണങ്ങളുടെയും ഭാഗമായുള്ള ഓരോ പ്രവൃത്തികളും തീരുമാനങ്ങളും നിലപാടുകളും വിവേകപൂർവ്വമായിരിക്കാൻ എല്ലാവരും ശ്രദ്ധിക്കേണ്ടതുണ്ട്.

വിവിധ രീതിയിൽ മതമൗലികവാദികളുടെയും തീവ്രവാദികളുടെയും ഭാഗത്തുനിന്നുള്ള അതിക്രമങ്ങൾ കേരളത്തിലും കേരളത്തിന് വെളിയിൽ വിവിധ ഇന്ത്യൻ സംസ്ഥാനങ്ങളിലും നേരിട്ടുകൊണ്ടിരിക്കുന്ന ക്രൈസ്തവർ താൽക്കാലിക നേട്ടത്തിനായി ഒരു വർഗ്ഗീയ സംഘടനയുടെയും സഹായം പ്രതീക്ഷിക്കുന്നില്ല എന്നറിയിക്കുന്നു.

www.malankaralibrary.com



# കർഷക വിരുദ്ധ നിലപാട് സ്വീകരിക്കില്ല: കെസിബിസി പ്രതിനിധി സംഘത്തോട് കേന്ദ്ര വനം പരിസ്ഥിതി മന്ത്രി

കൊച്ചി: കസ്തൂരിരംഗൻ അന്തിമ വിജ്ഞാപനം ഇറക്കുമ്പോൾ കർഷകവിരുദ്ധ നിലപാടുകളും ജനവിരുദ്ധ നടപടികളും സ്വീകരിക്കില്ലെന്നു കേന്ദ്ര പരിസ്ഥിതി മന്ത്രി ശ്രീ ഭൂപീന്ദർ യാദവ് കെസിബിസി പ്രതിനിധി സംഘത്തിന് ഉറപ്പുനൽകി. കേന്ദ്രമന്ത്രി ശ്രീ. വി. മുരളീധരന്റെയും പരിസ്ഥിതി മന്ത്രാലയത്തിലെ ഉദ്യോഗസ്ഥരുടെയും സാന്നിധ്യത്തിൽ കെസിബിസി പ്രതിനിധി സംഘവുമായി ഡൽഹിയിൽ നടത്തിയ ചർച്ചയിലാണ് മന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്. കെസിബിസി അധ്യക്ഷൻ കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പ്രധാന മന്ത്രിക്ക് അയച്ച കത്തിന്റെ തുടർച്ചയായി കെസിബിസിയുടെ ശീതകാല സമ്മേളനത്തിൽ നടത്തിയ ചർച്ചകൾക്കു ശേഷമാണ് കെസിബിസി പ്രതിനിധി സംഘം കേന്ദ്രമന്ത്രിയെ കാണുന്നതിന് ഡൽഹിയിൽ പോയത്.

കൃഷിയിടങ്ങളും ജനവാസകേന്ദ്രങ്ങളും ഇപ്പോഴത്തെ സംസ്ഥാന സർക്കാർ ശുപാർശയിലെ ജിയോ കോർഡിനേറ്റ്സ് മാപ്പ് പ്രകാരം വനഭൂമിയും ഇഎസ്എ യുമായി ഉൾപ്പെടുത്തിയിരിക്കുന്നതിലെ ആശങ്ക പ്രതിനിധി സംഘം കേന്ദ്ര മന്ത്രാലയത്തെ അറിയിച്ചു. കേന്ദ്ര-സംസ്ഥാന വിദഗ്ധരെ ഉൾപ്പെടുത്തി ജിയോ കോഡിനേറ്റ് മാപ്പ് അനുസരിച്ചുള്ള ഭൂപ്രദേശങ്ങളെ ഗ്രൗണ്ട് ട്രൂത്തിംഗ് നടത്തി ജനങ്ങളെ ബോധ്യപ്പെടുത്തിയ ശേഷമേ അന്തിമ വിജ്ഞാപനം പ്രഖ്യാപിക്കാവൂ എന്ന് കെസിബിസി പ്രതിനിധി സംഘം മന്ത്രിയോട് ആവശ്യപ്പെട്ടു. റവന്യൂ ഭൂമിയെ നോൺ കോർ ഇ എസ് എ ആയി പ്രഖ്യാപിക്കുന്നതിൽ നിന്നും പിന്മാറണമെന്നും റവന്യു വില്ലേജുകളെ ഫോറസ്റ്റ് വില്ലേജുകളിൽ നിന്ന് വേർതിരിക്കണമെന്നും അതുവരെ അന്തിമവിജ്ഞാപനം മാറ്റി വയ്ക്കണമെന്നും സമിതി ആവശ്യപ്പെട്ടു. വനഭൂമിയായി രേഖപ്പെടുത്തിയിരിക്കുന്ന പ്രദേശങ്ങളിൽ പട്ടയഭൂമി ഉൾപ്പെട്ട വിവരം ചൂണ്ടിക്കാണിച്ചുകൊണ്ട് 22 ലക്ഷത്തിലധികം വരുന്ന ജനവിഭാഗത്തിന്റെ ഉപജീവനം തടയുന്ന, അവരെ നിരാലംബരാക്കുന്ന ഇത്തരം നടപടികളിൽനിന്ന് സർക്കാരുകൾ പിന്മാറണമെന്നും ബിഷപ്പുമാർ ആവശ്യപ്പെട്ടു. സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടിരിക്കുന്ന നിലവിലുള്ള തെറ്റുകൾ തിരുത്തിക്കൊണ്ടുള്ള അന്തിമ റിപ്പോർട്ട് ലഭിച്ചാലുടൻ അന്തിമ വിജ്ഞാപനത്തിന് നടപടി സ്വീകരിക്കുമെന്ന് മന്ത്രി അറിയിച്ചു. കേന്ദ്ര മന്ത്രി ശ്രീ വി. മുരളീധരന്റെ കൂടി സാന്നിധ്യത്തിൽ നടന്ന ചർച്ചയിൽ കെസിബിസി പ്രതിനിധി സംഘത്തിന്റെ ഭാഗമായി തൃശൂർ അതിരൂപത ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത്, കെസിബിസി സെക്രട്ടറി ജനറൽ ബിഷപ്പ് ജോസഫ് മാർ തോമസ്, കണ്ണൂർ ബിഷപ്പ് അലക്സ് വടക്കുംതല, ചങ്ങനാശ്ശേരി സഹായ മെത്രാൻ തോമസ് തറയിൽ, തലശ്ശേരി സഹായമെത്രാൻ ജോസഫ് പാംപ്ലാനി, പശ്ചിമഘട്ട ജനസംരക്ഷണ സമിതി ജനറൽ കൺവീനർ ഡോ. ചാക്കോ കാളംപറമ്പിൽ, പോണ്ടിച്ചേരി ഗവൺമെന്റ് മുൻ ചീഫ് സെക്രട്ടറി ശ്രീ. റ്റി. റ്റി ജോസഫ് IAS (Rtd) എന്നിവർ ചർച്ചയിൽ പങ്കെടുത്തു. (23/12/2021)



www.malankaralibrary.com

# കസ്തൂരിരംഗൻ റിപ്പോർട്ട്: കേരളം ജാഗ്രതയോടെ നീങ്ങണം



***ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ***
*ജനറൽ കൺവീനർ*
*ഹൈറേഞ്ച് സംരക്ഷണ സമിതി*

**ക**സ്തൂരിരംഗൻ റിപ്പോർട്ടിന്മേൽ അന്തിമ വിജ്ഞാപനം കാത്തിരിക്കുമ്പോൾ വലിയ ആശങ്ക ഉണ്ടാകുക സ്വാഭാവികമാണ്. സർക്കാരിന്റെ ഭാഗത്തും കർഷക സംഘടന കളുടെ ഭാഗത്തും വലിയ ജാഗ്രത അനിവാര്യ മാണ്.

സർക്കാരിന്റെ ശ്രദ്ധക്കുറവുകൊണ്ട് ജനവാസമേഖലയിൽ ഒരിഞ്ച് ഭൂമിപോലും ഇ.എസ്.എയിൽ പെട്ടുപോകരുത്, എന്നാൽ കർഷക സംഘടനകൾ അനാവശ്യ വിവാദ ങ്ങൾ സൃഷ്ടിച്ച്, സാധ്യതകൾ നഷ്ടപ്പെടു ത്തകയുമരുത്.

### പശ്ചാത്തലം

ഗാഡ്ഗിൽ സമിതി റിപ്പോർട്ടിൽ ഭേദ ഗതി വരുത്തി കസ്തൂരി രംഗൻ സമിതി കേ രളത്തിൽ ഇ.എസ്.എ ആയി നിർദേശിച്ചത് 129 വില്ലേജുകളിലെ ആകെ ഭൂ വിസ്തൃതി ആയ 13,108 ചതുര ശ്ര കിലോമീറ്ററാണ്. തുടർന്ന് വന്ന ഉമ്മൻ വി. ഉമ്മൻ സമിതി 123 വില്ലേജുകളിലെ 3114.3 ച.കി.മീ. ജന വാസകേന്ദ്രങ്ങലും കൃഷിയിടങ്ങളും തോ ട്ടങ്ങളും ഒഴിവാക്കി ഇ.എസ്.എ.യുടെ വി സ്തൃതി 9993.7 ആയി ചുരുക്കി. ഈ 9993.7 ൽ 9107.7 ച.കി.മീ വന ഭൂമിയും 886.7 ച.കി.മീ. ജനവാസകേന്ദ്രങ്ങൾ ക്കിടയിൽ ഇടകലർന്നു സ്ഥിതി ചെയ്യുന്ന പാറ ക്കെട്ടുകൾ, തോട്, ചതുപ്പ് മുതലായ ഭൂമിയുമാ ണ്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2014 മാർച്ച് 10ന് കേരളത്തിലെ 123 വില്ലേജുകളിലെ 9993.7 ച.കി.മീ. (9107 ച.കി.മീ. വനവും, 886.7 ച.കി.മീ. വനേതരവും) ഉൾപ്പെടുത്തി കരട് വിജ്ഞാപനം പുറപ്പെടുവിച്ചു.

| | | |
|---|---|---|
| കസ്തൂരിരംഗൻ സമിതി കണ്ടെത്തിയ 123 വില്ലേജുകളിലെ ESA | | 13108 ച.കി. |
| ഉമ്മൻ സമിതി കണ്ടെത്തിയ 123 വില്ലേജിലെ ആകെ ESA | | 9993.7 ച.കി.(886.7 വനേതരം, 9107 വനം ESA) |
| ഉമ്മൻ സമിതി ഒഴിവാക്കിയ ഭൂമി. | 3114.30+ | |
| ഉമ്മൻ സമിതി കണ്ടെത്തിയ 123 വില്ലേജിലെ ജനവാസ കേന്ദ്രങ്ങൾക്കിടയിൽ ഇടകലർന്നു കിടക്കുന്ന വനേതര ESA | 886.7+ | |
| ഉമ്മൻ സമിതി കണ്ടെത്തിയ 92 വില്ലേജിലെ 9107 ചതുരശ്ര കിലോമീറ്റർ വനത്തിൽ നിന്നും യഥാർത്ഥ പരിശോധനയിൽ കുറവ് വന്നത്. | 450.54+ | |
| വനേതര ESA യും ഉമ്മൻ സമിതി കണ്ടെത്തിയ വനത്തിൽ നിന്നും കുറവ് ചെയ്ത വന ESA യും ഒഴിവാക്കി (886.7 450.54 = 1337.24) സംസ്ഥാന സർക്കാർ ശുപാർശ ചെയ്ത 92 വില്ലേജിലെ വന ഭൂമി മാത്രം. | 8656.46 | |
| ആകെ | 13108 | 13108 (123 വില്ലേജിന്റെ ആകെ വിസ്തീർണം). |

ഇ.എസ്.എ. ഒരു തുടർ ഭൂപ്രദേശമാ കണമെന്ന കേന്ദ്ര സർക്കാരിന്റെ നിർദേശം വന്നപ്പോൾ 886.7 ച.കി.മീ. വനേതര മേഖല ഒഴിവാക്കണമെന്ന ആവശ്യം ഉയരുകയും ചെയ് തു. ഈ സാഹചര്യത്തിൽ ആണ് 27/10/2019ൽ സർക്കാർ പ്രിൻസിപ്പൽ സെക്രട്ടറി പി. മാരപാ ണ്ഡ്യൻ വനത്തിൽ മാത്രമായി ഇ.എസ്.എ പരിമിതപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര ത്തിനു കത്ത് നൽകിയത്. 2017ൽ അന്നത്തെ മുഖ്യമന്ത്രിയും ഈ ആവശ്യം ഉന്നയിച്ചു കേന്ദ്രത്തിനു കത്തെഴുതി. തുടർന്ന് 2018ൽ വനത്തിൽ മാത്രമായി ഇ.എസ്.എ പരിമിത പ്പെടുത്തി ഉമ്മൻ വി. ഉമ്മൻ റിപ്പോർട്ടിന്റെ അടി സ്ഥാനത്തിൽ റിപ്പോർട്ട് തയാറാക്കുന്നതിന് റവ ന്യൂ പരിസ്ഥിതി വകുപ്പു കളുടെ ചുമതലയുള്ള അഡീഷണൽ ചീഫ് സെക്രട്ടറി പി.എച്ച്. കു ര്യനെ ചുമതലപ്പടുത്തി.

### അടിസ്ഥാനതത്ത്വം

2018 ജൂൺ 16ന് പി.എച്ച്. കുര്യൻ കേന്ദ്ര ത്തിനെഴുതിയ കത്തിൽ ഇ.എസ്എ നിർണയ ത്തിലെ അടിസ്ഥാന തത്ത്വം വ്യക്തമാക്കി യിട്ടുണ്ട്. ജനവാസ മേഖലകളും തോട്ടങ്ങളും പാറക്കുട്ടങ്ങളും തരിശുഭൂമിയുമെല്ലാം ഒഴിവാക്കി വനത്തിൽ മാത്രമായി ഇ.എസ്.എ പരിമിതപ്പെടുത്താനാ ണ് ഇവിടെയും ആവശ്യപ്പെട്ടത്. ഇത് എല്ലാ കർഷക സംഘടനകളും ആവശ്യപ്പെട്ടിരുന്ന താണ്. ഇതിന് വിരുദ്ധമായി എവിടെയെങ്കിലും ജനവാസ മേഖല ഇ.എസ്.എയിൽ ഉൾപ്പെട്ടു

www.malankaralibrary.com

വെങ്കിൽ അത് നിർബന്ധമായും സംസ്ഥാന സർക്കാർ പരിഹരിക്കണം.

### എങ്ങനെ 31 വില്ലേജുകൾ ഒഴിവായി

വനഭൂമി ഒട്ടുമില്ലാത്ത 31 വില്ലേജുകളെ പൂർണ്ണമായും ഒഴിവാക്കണമെന്ന നിർദേശം ഉയർന്നു. അത് തികച്ചും ന്യായമാണ്. എന്നാൽ 31 വില്ലേജുകളിലെ വനേതര ഇ.എസ്.എ ആയ പാറയും തോടും ചതുപ്പും ഒഴിച്ചുള്ള മുഴുവൻ ഭൂപ്രദേശവും ഉമ്മൻ വി. ഉമ്മൻ ഒഴിവാക്കിയ 3114.3 ച.കി.മീറ്ററിൽപെട്ടതാണ് 31 വില്ലേജുകളിൽ വനമില്ലാത്തതിനാൽ ഉമ്മൻ റിപ്പോർട്ടിലെ 91076 ച.കി.മീ. വനഭൂമിയിൽ ഈ വില്ലേജുകളിലെ ഭൂമിയില്ല 886.7ച.കി.മീറ്ററിൽ ആണ് ഈ വില്ലേജുകളിലെ വനേതര ഇ.എസ്.എ ഉൾപ്പെട്ടിരുന്നത്. ആ വില്ലേജുകളെ വീണ്ടും ഇ.എസ്.എയിൽ ഉൾപ്പെടുത്തണമെന്ന് വാദിക്കുന്നത് ന്യായമല്ല.

### എന്തുകൊണ്ട് 92 വില്ലേജുകൾ

92 വില്ലേജുകളിൽ വനഭൂമി ഉള്ളതിനാലാണ് ആ വില്ലേജുകളെ പൂർണമായി ഒഴിവാക്കുവാൻ കഴിയാത്തത്. വില്ലേജുകൾ പൂർണമായിട്ടല്ല അതിലെ വനപ്രദേശങ്ങൾ മാത്രമാണ് ഇഎസ്എ ആയി പരിഗണിക്കപ്പെടുക ഈ വില്ലേജുകളുടെ ആകെ വിസ്തീർണ്ണം 12007.39 ച.കി.മീ. ആണെങ്കിൽ അതിൽ ഇ.എ.സ്.എ 8696.46 ച.കി.മീ. ആണ്. ഒരേ വില്ലേജുകളിൽ വനം വകുപ്പിന്റെ ജണ്ടയ്ക്കകത്ത് വരുന്ന വനം മാത്രം ഉൾപ്പെടുത്തി അക്ഷാംശവും രേഖാംശവും രേഖപ്പെടുത്തി മാപ്പ് തയാറാക്കിയെന്നാണ് മനസ്സിലാക്കുന്നത്. ഇവിടെ പിശക് പറ്റി ഏതെങ്കിലും മേഖലയിൽ ജനവാസപ്രദേശം ഇ.എസ്.എയിൽ പെട്ടിട്ടുണ്ടെങ്കിൽ അത് ഒഴിവാക്കണം.

### എങ്ങനെ 1337 ച.കി.മീ. ഒഴിവാക്കപ്പെടും?

അക്ഷാംശവും രേഖാംശവും ഉൾപ്പെടുത്തി മാപ്പ് തയ്യാറാക്കുമ്പോൾ വനത്തിന്റെ യഥാർത്ഥ അളവ് ഉമ്മൻ വി. ഉമ്മൻ നിർദേശിച്ച 9107 ച.കി.മീ. യിൽ നിന്നും 8656.46ച.കി.മീ. ആയി കുറഞ്ഞു. ഇപ്രകാരം വനം തിട്ടപ്പെടുത്തിയപ്പോൾ കുറവ് വന്ന 458.66ച.കി.മീ. യും ഉമ്മൻ കമ്മിറ്റി വനേതരമായി നിർദേശിച്ച 123 വില്ലേജുകളിലെ ചതുപ്പും പാറയും തോടും ഉൾപ്പെടുന്ന 896.7 ച.കി.മീ. ഉൾപ്പെടെയാണ് 1337ച.കി.മീ. ഒഴിവാക്കുവാൻ 16/06/2018/ ലെ കത്ത് വഴി ആവശ്യപ്പെടുന്നത്. വനമേഖലയിൽ മാത്രമായി ഇ.എസ്.എ പരിമിതപ്പെടുത്തുന്നത് വഴി ഇ.എസ്.എ വിസ്തീർണം കുറയുന്നതിൽ കർഷകർക്ക് ബുദ്ധിമുട്ട് ഉണ്ടാകാൻ ഇടയില്ല.

### നോൺ കോർ ഇഎസ്എ

വനമേഖലയിൽ നിന്നും ഒഴിവാക്കപ്പെടുന്ന 1137ച.കി.മീ. നോൺ കോർ ഇ.എസ്എ ആക്കുന്നതിനുള്ള നീക്കം സ്വീകാര്യമല്ല. ഇത് ഭാവിയിൽ അപകടം ഉണ്ടാക്കും. ചില ആനുകൂല്യങ്ങൾ ഉണ്ടെന്ന് പറയുന്നുണ്ടെങ്കിലും ഭാവിയിൽ ഇത് ഇ.എസ്.എ ആക്കിയെടുക്കും. അതുപോലെ ഈ വനമേഖലയെ ഉദ്യോഗസ്ഥ തലത്തിൽ അഴിമതിക്കുള്ള വേദിയാക്കി മാറ്റും. അതിനാൽ നോൺ കോർ ഇ.എസ്.എ വേണ്ട.



www.malankaralibrary.com

# പോക്സോ ആക്ടും കുട്ടികളുടെ നിയമ പരിരക്ഷയും

**സ്കൂളുകളുടെയും കുട്ടികൾക്കുവേണ്ടിയുള്ള സ്ഥാപനങ്ങളുടെയും അധികാരികൾ അറിഞ്ഞിരിക്കേണ്ട നിയമവശങ്ങൾ**

**അഡ്വ. സി. ഹെലൻ ട്രീസ CHF**



**ക**ർശനമായ വ്യവസ്ഥകളോടു കൂടിയ ഇന്ത്യയുടെ ക്രിമിനൽ നീതിന്യായ വ്യവസ്ഥയിൽ പോലും ചിലപ്പോഴെങ്കിലും കുട്ടികൾക്ക് വേണ്ട സംരക്ഷണം കിട്ടാതെ പോകുന്നുണ്ട്. ഇന്ത്യൻ ഭരണഘടനയുടെ 15 (3) അനുച്ഛേദം അനുസരിച്ച്, കുട്ടികളുടെയും സ്ത്രീകളുടെയും ഉന്നമനത്തിനുവേണ്ടി രാജ്യം പ്രത്യേക നിയമങ്ങൾ നിർമ്മിക്കേണ്ടതാണ്. ഭരണഘടനയനുസരിച്ച് ശൈശവ കാലഘട്ടത്തിൽ കുട്ടികൾ സംരക്ഷിക്കപ്പെടേണ്ടതുണ്ട്. എന്നാൽ, 1992 വരെയും അത്തരമുള്ള നിയമങ്ങളൊന്നും ഭാരതത്തിലുണ്ടായിരുന്നില്ല. ജനസംഖ്യയുടെ 40 ശതമാനവും 18 വയസിൽ താഴെയുള്ളവരായിരിക്കുന്ന ഒരു രാജ്യത്തിൽ അവരുടെ സംരക്ഷണത്തിനുവേണ്ടി പ്രത്യേക നിയമങ്ങളൊന്നും അതുവരെയും ഉണ്ടായിരുന്നില്ല എന്നുള്ള സാഹചര്യം തികച്ചും ദൗർഭാഗ്യകരം തന്നെയായിരുന്നു. എന്നാൽ, 1992 ഡിസംബർ 11ന് ഐക്യരാഷ്ട്രസഭയുടെ ബാലാവകാശ കൺവെൻഷനിൽ (UNCRC) ഇന്ത്യ ഒപ്പുവയ്ക്കുകയുണ്ടായി.

കുട്ടികളുടെ സംരക്ഷണത്തിനായി പുതിയൊരു നിയമം പ്രാബല്യത്തിൽ വരുന്നതുവരെ ഇന്ത്യൻ ശിക്ഷാനിയമത്തിൽ പെൺകുട്ടികളുടെ സംരക്ഷണത്തിന് മാത്രമായിരുന്നു ഊന്നൽ നൽകിയിരുന്നത്. ആൺ കുട്ടികൾക്ക് ഏതെങ്കിലും തരത്തിലുള്ള ചൂഷണങ്ങൾ നേരിടേണ്ടി വന്നാൽ സ്വീകരിക്കേണ്ട നടപടികൾ എന്തൊക്കെ ആണ് എന്ന് ഇന്ത്യൻ ശിക്ഷാനിയമത്തിൽ എവിടെയും പ്രതിപാദിച്ചിരുന്നില്ല. ലിംഗപരമായ അനീതി മാത്രമായിരുന്നില്ല ഇതിന്റെ പോരായ്മ, ഒരു നിശ്ചിത പ്രായപരിധിക്കുള്ളിൽ വരുന്ന കുട്ടികളുടെ അവകാശ സംരക്ഷണത്തിന് മാത്രമായിരുന്നു ഇത് ഊന്നൽ നൽകിയിരുന്നത്. പിന്നീട് സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനുവേണ്ടിയുള്ള മന്ത്രാലയം 2007ൽ 12447 കുട്ടികളുടെയിടയിൽ നടത്തിയ സർവേയിൽ അതിലെ 53 ശതമാനം കുട്ടികളും ഏതെങ്കിലും തരത്തിലുള്ള ലൈംഗിക അതിക്രമത്തിന് വിധേയരാക്കപ്പെട്ടിട്ടുണ്ട് എന്ന് കണ്ടെത്തുകയുണ്ടായി. അവരിൽ 20 ശതമാനം പേർ ഗുരുതര ലൈംഗിക പീഡനങ്ങൾക്ക് ഇരയാ



www.malankaralibrary.com


യവരായിരുന്നു. ഇത്തരം കണ്ടെത്തലുകളുടെ വെളിച്ചത്തിൽ 2012ൽ ഇന്ത്യൻ പാർലമെന്റ് പോക്സോ (Protection of Children from Sexual Offences Act, 2012) ആക്ട് പാസ്സാക്കി.

പോക്സോ നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം കുട്ടികൾ ലൈംഗികമായി പീഡിപ്പിക്കപ്പെടുന്ന നിരവധി കേസുകളാണ് റിപ്പോർട്ട് ചെയ്യപ്പെടുന്നത്. ഇപ്രകാരമുള്ള ഒരു നിയമം ഇല്ലാതിരുന്ന കാലത്ത് ഈ സംഭവങ്ങളൊന്നും പുറംലോകം അറിഞ്ഞിരുന്നില്ല എന്നതാണ് സത്യം. പലപ്പോഴും മാതാപിതാക്കൾക്കും ഇത്തരം സംഭവങ്ങൾ പുറത്തുപറയാൻ മടിയായിരുന്നു. എന്നാൽ ഇന്ന് സ്ഥിതി മാറിയിട്ടുണ്ട്. 4560 കേസുകളാണ് കഴിഞ്ഞ വർഷം പോക്സോ കേസുകൾ ആയി കേരളത്തിൽ മാത്രം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്. രജിസ്റ്റർ ചെയ്യപ്പെടാത്ത സമാനരീതിയിലുള്ള കേസുകൾ ഇനിയും ഉണ്ടാകും എന്നതിൽ സംശയമില്ല. രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളിൽ കൂടുതലും കുട്ടികൾക്ക് പീഡനങ്ങൾ ഏൽക്കേണ്ടി വന്നത് സ്വന്തം കുടുംബത്തിൽ നിന്നാണ്. ഇത്തരത്തിൽ ശക്തമായ ഒരു നിയമം നിലവിൽ വന്നിട്ടും എന്തുകൊണ്ടാണ് സമാനരീതിയിലുള്ള കേസുകൾ ആവർത്തിക്കപ്പെടുന്നത് എന്നതിനെക്കുറിച്ച് പാർലമെൻറ് ഇപ്പോൾ വീണ്ടും പഠിച്ചു കൊണ്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ ഈ നിയമത്തിൽ ഇനിയും ഭേദഗതികൾ നമുക്ക് പ്രതീക്ഷിക്കാം.


പോക്സോ നിയമപ്രകാരം 18 വയസ്സിൽ താഴെയുള്ള ഏത് വ്യക്തിയും ചൈൽഡ് എന്ന വാക്കിന്റെ നിർവ്വചനത്തിന്റെ പരിധിയിൽ ഉൾപ്പെടും. അത് ആൺകുട്ടിയോ പെൺകുട്ടിയോ മൂന്നാം ലിംഗത്തിൽ പെട്ടയാളോ ആകാം. ശാരീരികമായോ വാക്കുകൾ മൂലമോ ലൈംഗികമായ അതിക്രമത്തിന് ഇരയായ കുട്ടികളുടെ സംരക്ഷണമാണ് ഈ നിയമം വഴി ഉറപ്പാക്കാൻ ശ്രമിക്കുന്നത്. കുട്ടികളെ കേവലം ഇരകളായി മാത്രം കാണുന്ന മറ്റു പല നിയമങ്ങളെയും അപേക്ഷിച്ച് പോക്സോ (POCSO) നിയമം എല്ലായ്പ്പോഴും ചൈൽഡ് ഫ്രണ്ട്ലി ആണ്. കുട്ടികൾക്ക് മാനസിക സമ്മർദ്ദം ഉണ്ടാകാതിരിക്കുവാൻ പോക്സോ നിയമം പ്രത്യേകമായി അനുശാസിക്കുന്നു.

**പോക്സോ നിയമത്തിന്റെ സവിശേഷതകൾ:**

1. ഇൻ ക്യാമറ ട്രയൽ: കുട്ടിയുടെ മാതാപിതാക്കളിൽ ഒരാളുടെയോ, വിശ്വാസമുള്ള മുതിർന്ന ഏതെങ്കിലും ഒരു വ്യക്തിയുടെയോ സാന്നിധ്യത്തിൽ, രഹസ്യാത്മകത കാത്തുസൂക്ഷിച്ചുകൊണ്ടും, സൗഹാർദ്ദ അന്തരീക്ഷത്തിലും വേണം ട്രയൽ നടക്കേണ്ടത്. കേസുമായി ബന്ധമില്ലാത്ത ഒരു അഭിഭാഷകനും കോടതിയിൽ ഹാജരായിരിക്കുവാൻ പാടില്ല.
2. ഇരയായ കുട്ടിയെ തെളിവ് നൽകാൻ കോടതിയിലേക്ക് ആവർത്തിച്ച് വിളിക്കരുത്.
3. രഹസ്യാത്മകത: കേസിൽ ഇടപെടുന്ന കോടതിയും കക്ഷികളും അഭിഭാഷകരും കുട്ടിയുടെ ഐഡന്റിറ്റി വെളിപ്പെടുത്തരുത്. കുട്ടിയുടെ ഐഡന്റിറ്റിയിൽ കുടുംബത്തിന്റെ ഐഡന്റിറ്റി, സ്കൂളിന്റെ വിശദാംശങ്ങൾ, ബന്ധുക്കൾ, അയൽപക്കങ്ങൾ, കുട്ടിയെ തിരിച്ചറിയാൻ സഹായിക്കുന്ന മറ്റ് വിവരങ്ങൾ എന്നിവ ഉൾപ്പെടുന്നു.
4. തെളിവ് നൽകാനുള്ള ബാധ്യത കുറ്റാരോപിതന്റെ മേലാണ്: കുറ്റം ചെയ്തിട്ടില്ലെന്ന് തെളിയിക്കാൻ കഴിയുന്നില്ലെങ്കിൽ കുറ്റാരോപിതൻ കുറ്റം ചെയ്തു/പ്രേരിപ്പിച്ചു/ശ്രമിച്ചുവെന്ന് പ്രത്യേക കോടതി അനുമാനിക്കുമെന്ന് നിയമം പറയുന്നു. കൂടാതെ, അപ്രകാരം തെളിയിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ കുറ്റം ചെയ്യുന്ന സമയത്ത് കുറ്റാരോപിതന് കുറ്റകരമായ മാനസികാവസ്ഥ ഉണ്ടായിരുന്നുവെന്ന് പ്രത്യേക കോടതി അനുമാനിക്കും.
5. നഷ്ടപരിഹാരം അനുവദിക്കാനുള്ള അധികാരം പ്രത്യേക കോടതിക്ക്: ശിക്ഷയ്ക്ക്



www.malankaralibrary.com



വെളിപ്പെടുത്തരുതെന്ന് നിയമം അനുശാസിക്കുന്നു.

8. ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ (CWC): ഈ നിയമത്തിന്റെ നടപ്പാക്കലും കേസുകൾ സംബന്ധിച്ചുള്ള നിരീക്ഷണവും ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ ചുമതലയാണ്. പോക്സോ നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഓരോ കേസിനെക്കുറിച്ചും CWCയെ അറിയിക്കാനുള്ള ബാധ്യത പോലീസിനുണ്ട്. ഇരകളുടെ പ്രായത്തിന്റെയും അവസ്ഥയുടെയും ശരിയായ രേഖകൾ സൂക്ഷിക്കുകയും ആവശ്യമായ തെളിവുകൾ ഇല്ലെങ്കിൽ, പരിശോധനകൾ നടത്തുകയും ചെയ്യാനുള്ള ഉത്തരവാദിത്തവും CWCക്കുണ്ട്.

പുറമേ, ശാരീരികമോ മാനസികമോ ആയി കുട്ടിക്ക് ഉണ്ടായ ആഘാതത്തിൽ നിന്ന് വിമുക്തമാകുന്നതിനായി കുട്ടിയെ ഉടനടി പുനരധിവസിപ്പിക്കുന്നതിന് ഇടക്കാല, അല്ലെങ്കിൽ അന്തിമ നഷ്ടപരിഹാരം നൽകുന്നതിന് നിയമം കോടതിയെ അധികാരപ്പെടുത്തുന്നു.

6. അത്തരം നഷ്ടപരിഹാരത്തിനായുള്ള പരിഗണന: കുറ്റകൃത്യത്തിന്റെ തരം, ദുരുപയോഗത്തിന്റെ നില, കുട്ടിയുടെ മാനസികമോ ശാരീരികമോ ആയ ഉപദ്രവത്തിന്റെ/പരിക്കിന്റെ തീവ്രത; വൈദ്യചികിത്സയ്ക്കുവേണ്ടിയുള്ള ചെലവ് അല്ലെങ്കിൽ ഉണ്ടാകാൻ സാധ്യതയുള്ള ചെലവ്; സ്കൂളിൽ ഹാജരാകാതിരിക്കുന്നതുൾപ്പെടെ വിദ്യാഭ്യാസ അവസരം നഷ്ടപ്പെടുന്നത്; തൊഴിൽ നഷ്ടം; കുറ്റവാളിയുമായി കുട്ടിയുടെ ബന്ധം; ദുരുപയോഗം ഒരു ഒറ്റപ്പെട്ട സംഭവമാണോ അതോ ഒരു നിശ്ചിത കാലയളവിൽ നടന്നതാണോ; കുട്ടിയുടെ ഗർഭം; ഗുരുതര ലൈംഗിക രോഗങ്ങൾ പിടിപെട്ട സാഹചര്യം; ഏതെങ്കിലും വൈകല്യം അനുഭവപ്പെടുക തുടങ്ങിയ വസ്തുതകൾ മുൻനിർത്തിയാകും നഷ്ടപരിഹാരം നിർണ്ണയിക്കുക .
7. ഐഡന്റിറ്റി വെളിപ്പെടുത്തുന്നത് തടയൽ: ഏതെങ്കിലും അന്വേഷണത്തെയോ ജുഡീഷ്യൽ നടപടികളെയോ സംബന്ധിച്ച് പത്രമോ മാസികയോ മറ്റു മാധ്യമങ്ങളോ മറ്റ് ആശയവിനിമയ സംവിധാനങ്ങളോ കുട്ടിയുടെ പേരോ സ്കൂളോ വിലാസമോ

**പോക്സോ നിയമത്തിന്റെ പ്രധാന പ്രത്യേകതകൾ:**

1. പോക്സോ ആക്ട് പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്യപ്പെട്ടുകഴിഞ്ഞാൽ കുട്ടികൾ ഉള്ള സ്ഥലത്ത് പോലീസ് നേരിട്ടെത്തിയാണ് മൊഴി എടുക്കേണ്ടത്. മൊഴിയെടുക്കാൻ അവരെ പോലീസ് സ്റ്റേഷനിലേക്കോ മറ്റെവിടേക്കെങ്കിലുമോ വിളിച്ച് കുട്ടികളിൽ മാനസിക വിഷമം ഉണ്ടാക്കാൻ പാടില്ല
2. കേസ് രജിസ്റ്റർ ചെയ്യപ്പെട്ട ഉടൻതന്നെ കുട്ടികളെ വൈദ്യപരിശോധനയ്ക്ക് വിധേയമാക്കും.
3. കുട്ടികളെ കുറ്റക്കാരായി കാണുന്ന സമീപനം ഈ നിയമപ്രകാരം അന്വേഷണ ഉദ്യോഗസ്ഥരിൽനിന്ന് ഉണ്ടാവാൻ പാടില്ല.
4. കേസുകൾ പരിഗണിക്കുന്നതിനായി സ്പെഷ്യൽ കോടതികൾ ഉണ്ടാവും.
5. ഈ നിയമപ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്യപ്പെട്ട് കഴിഞ്ഞാൽ ഒരു വർഷത്തിനുള്ളിൽ കേസ് തീർപ്പ് കല്പിക്കേണ്ടതാണ്.
6. കേസ് രജിസ്റ്റർ ചെയ്യപ്പെട്ടു കഴിഞ്ഞാൽ 24 മണിക്കൂറിനുള്ളിൽ കുട്ടിയുടെ മൊഴി രേഖപ്പെടുത്താൻ കുട്ടിയെ ജില്ലാ മജിസ്ട്രേറ്റ് മുമ്പാകെ ഹാജരാക്കുകയും വേണം.

**പോക്സോ ആക്ടിന് കീഴിൽ ആറ് തരത്തിലുള്ള കുറ്റകൃത്യങ്ങളാണ് ഉള്ളത്:**

1. ലൈംഗിക ബന്ധത്തിൽ അവസാനിക്കുന്ന കുറ്റകൃത്യം (penetrative sexual assault) സെക്ഷൻ 3

ഒരു കുട്ടിയുടെ ശരീരഭാഗങ്ങളിലേക്ക് ലൈംഗികാവയവമോ മറ്റെന്തെങ്കിലും വസ്തു

www.malankaralibrary.com

ക്കളോ പ്രവേശിപ്പിക്കുമ്പോൾ കുട്ടി അനുഭവിക്കേണ്ടിവരുന്ന ശാരീരിക, മാനസിക ബുദ്ധിമുട്ടുകൾ ആണ് ഈ സെക്ഷനു കീഴിൽ വരുന്നത്. ഇത്തരത്തിൽ കേസ് രജിസ്റ്റർ ചെയ്യപ്പെട്ടാൽ കുറ്റകൃത്യത്തിന്റെ ഗൗരവമനുസരിച്ച് പത്തുവർഷം മുതൽ ജീവപര്യന്തം വരെ തടവും ഒപ്പം പിഴ ശിക്ഷയും ഉണ്ടായിരിക്കും.


2. ഗുരുതരമായ ലൈംഗിക ബന്ധത്തോട് കൂടിയ കുറ്റകൃത്യം (aggravated penetrative sexual assault) സെക്ഷൻ 5

കുട്ടികളുടെ സംരക്ഷകർ ആകേണ്ടവർ തന്നെ കുട്ടികളുടെ ഘാതകരായി മാറുന്ന സാഹചര്യത്തിലാണ് ഈ സെക്ഷനു കീഴിൽ കേസ് രജിസ്റ്റർ ചെയ്യപ്പെടുന്നത്. ഇത്തരത്തിൽ കേസ് രജിസ്റ്റർ ചെയ്യപ്പെട്ടാൽ 20 വർഷത്തിൽ കുറയാത്ത കഠിനതടവും പിഴയും ഉണ്ടായിരിക്കും.

യവങ്ങളിൽ സ്പർശിക്കാൻ കുട്ടികളെ പ്രേരിപ്പിക്കുകയോ ചെയ്യുന്നതാണ് ഈ സെക്ഷന് കീഴിൽ വരുന്നത്. അഞ്ചു വർഷത്തിൽ കുറയാത്ത തടവുശിക്ഷയും ഫൈനും ആണ് കുറ്റവാളികൾ അനുഭവിക്കേണ്ടി വരിക. അഞ്ചു വർഷം എന്ന കാലാവധി കേസിന്റെ ഗൗരവം അനുസരിച്ച് ഏഴ് വർഷം വരെ നീളാം .

5. ലൈംഗിക ഉപദ്രവങ്ങൾ (sexual harassment) സെക്ഷൻ 11

കുട്ടികൾക്ക് മുൻപിൽ ലൈംഗിക അവയവങ്ങൾ പ്രദർശിപ്പിക്കുകയോ ലൈംഗിക ചുവയോടെ സംസാരിക്കുകയോ ഏതെങ്കിലും ചേഷ്ടകൾ കാണിക്കുകയോ അതുമല്ലെങ്കിൽ കുട്ടികളെ കൊണ്ട് ഇവയിലേതെങ്കിലും ചെയ്യിക്കാൻ ശ്രമിക്കുകയോ ചെയ്യുന്നതാണ് ഈ സെക്ഷന് കീഴിൽ വരുന്ന കുറ്റകൃത്യങ്ങൾ. ഇതിനുപുറമേ ഏതെങ്കിലും ഇലക്ട്രോണിക് ഉപകരണങ്ങൾ ഉപയോഗിച്ച് കുട്ടികളെ വശീകരിക്കാൻ ശ്രമിക്കുകയോ, അവരുടെ സ്വകാര്യഭാഗങ്ങൾ ചിത്രീകരിക്കുകയോ അതുപയോഗിച്ച് ഭീഷണിപ്പെടുത്തുകയോ ചെയ്യുന്നതും ഈ സെക്ഷനിൽ വരും. മൂന്ന് വർഷത്തിൽ കുറയാത്ത തടവും ഫൈനും ആണ് ഇത്തരം കേസുകൾക്ക് ഉള്ള ശിക്ഷ.




3. ലൈംഗിക അതിക്രമങ്ങൾ (sexual assault) സെക്ഷൻ 7

കുട്ടികളുടെ ലൈംഗിക അവയവങ്ങളിൽ സ്പർശിക്കുകയോ, അല്ലെങ്കിൽ കുട്ടികളെക്കൊണ്ട് ലൈംഗിക അവയവങ്ങളിൽ സ്പർശിപ്പിക്കുകയോ ചെയ്യുന്ന കേസുകളാണ് ഈ സെക്ഷന് കീഴിൽ വരുന്നത്. മൂന്ന് വർഷത്തിൽ കുറയാത്ത കഠിനതടവാണ് ഇതിന് ശിക്ഷ. കേസിന്റെ ഗൗരവം പരിഗണിച്ച് ശിക്ഷാകാലാവധി അഞ്ചുവർഷം വരെ തടവോ, അല്ലെങ്കിൽ തടവും പിഴയും ഒരുമിച്ചോ ശിക്ഷയായി ലഭിച്ചേക്കാം.

4. ഗുരുതരമായ ലൈംഗിക അതിക്രമങ്ങൾ (aggravated sexual assault) സെക്ഷൻ 9

കുട്ടികളുടെ സംരക്ഷണച്ചുമതല ഉള്ളവർ കുട്ടികളുടെ ലൈംഗിക അവയവങ്ങളിൽ സ്പർശിക്കുകയോ ലൈംഗിക അവ

മേൽപ്പറഞ്ഞ രീതിയിൽ ഉള്ള ഏതെങ്കിലും കേസുകൾ ശ്രദ്ധയിൽപ്പെട്ടാൽ സ്പെഷ്യൽ ജുവനൈൽ പൊലീസിലോ ലോക്കൽ പൊലീസിലോ റിപ്പോർട്ട് ചെയ്യേണ്ടതാണ്. സംഭവം അറിഞ്ഞുകഴിഞ്ഞിട്ടും അത് മറച്ചു വയ്ക്കുന്നത് സെക്ഷൻ 21 പ്രകാരം ശിക്ഷാർഹമാണ്. ആറുമാസം തടവ് ശിക്ഷയോ അല്ലെങ്കിൽ ഫൈനോ ഇവ രണ്ടും ഒരുമിച്ചോ അനുഭവിക്കേണ്ടി വന്നേക്കും. ഏതെങ്കിലും ഒരു കമ്പനിയുടെയോ സ്ഥാപനത്തിന്റെയോ ചുമതലയുള്ള ആരെങ്കിലും ഇത്തരം കുറ്റകൃത്യങ്ങൾ മറച്ചുവയ്ക്കുകയോ റിപ്പോർട്ട്

www.malankaralibrary.com

ചെയ്യാതിരിക്കുകയോ ചെയ്താൽ ശിക്ഷ കഠിനമായിരിക്കും.

**സ്ഥാപനങ്ങൾ നടത്തുന്നവർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

- കുട്ടികളെ ആവശ്യസമയത്ത് നോ പറയാൻ പരിശീലിപ്പിക്കുക.
- നല്ല സ്പർശനം, മോശം സ്പർശനം എന്നിവയെപ്പറ്റി ബോധവൽകരണം നടത്തുക
- മികച്ച ബോധവൽക്കരണ വീഡിയോകൾ കാണിക്കുക
- CWC യുമായി സഹകരിക്കുക
- കുട്ടികൾക്ക് തുറന്ന് പറയാൻബുദ്ധിമുട്ടുള്ള കാര്യങ്ങൾ എഴുതി അറിയിക്കാൻ കഴിയുന്ന രീതിയിൽ ഡ്രോപ്പ് ബോക്സ് വയ്ക്കുക.
- ഒരു ഗ്രീവൻസ് സെൽ ഉണ്ടായിരിക്കുക
- മാതാപിതാക്കളുമായുള്ള ഇടപെടലുകളിലും ആശയവിനിമയത്തിലും സുതാര്യത ഉറപ്പാക്കുക.
- ജീവനക്കാരും മാനേജ്മെന്റും തമ്മിലുള്ള ആശയവിനിമയം ആരോഗ്യകരമാണ് എന്ന് ഉറപ്പുവരുത്തുക.
- സിസിടിവികൾ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കുക
- കുട്ടികൾ മാതാപിതാക്കളെ/ രക്ഷിതാക്കളെ ബഹുമാനിക്കുന്നു / കേൾക്കുന്നുവെന്ന് ഉറപ്പാക്കുക.
- സ്വജനപക്ഷപാതത്തിന് ഇടംകൊടുക്കാതിരിക്കുക
- സ്റ്റാഫിന്റെ സേവനവ്യവസ്ഥകളിൽ പോക്സോ നിയമത്തിന് കീഴിൽ വരുന്ന കുറ്റകൃത്യങ്ങൾ ചെയ്യുന്ന പക്ഷം അവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമെന്ന് രേഖപ്പെടുത്തുക.
- കാലാകാലങ്ങളിൽ സ്റ്റാഫിനായി നിയമാവബോധ പരിപാടികൾ സംഘടിപ്പിക്കുക

ലൈംഗികാതിക്രമങ്ങളിൽ നിന്നും ദുരുപയോഗത്തിൽ നിന്നും എല്ലാത്തരം ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്നും കുട്ടികൾക്ക് സംരക്ഷണം നൽകുക എന്നുള്ളതാണ് പോക്സോ നിയമത്തിന്റെ പ്രധാന ലക്ഷ്യം. പ്രധാനമായും കുട്ടികൾക്കെതിരായ ലൈംഗികാതിക്രമം തടയാൻ ലക്ഷ്യമിട്ടുള്ള ഈ നിയമത്തിന്റെ സാധ്യതകളെക്കുറിച്ച് ഗ്രാമീണ ഇന്ത്യയിലെ ഭൂരിഭാഗം പേർക്കും ഇപ്പോഴും അറിയില്ല. ചിലർ ഈ നിയമത്തെ ദുരുപയോഗം ചെയ്യുന്നത് മൂലം വ്യാജക്കേസുകൾ ധാരാളമായി റജിസ്റ്റർ ചെയ്യപ്പെടുന്നുണ്ട് എന്നുള്ളതും ഒരു യാഥാർത്ഥ്യമാണ്. ഏതെങ്കിലും സാഹചര്യത്തിൽ ഒരു കുട്ടി ഒരു വ്യക്തിക്കെതിരെ കുറ്റം ആരോപിക്കുന്നപക്ഷം പ്രാഥമികമായിത്തന്നെ അയാൾ നിയമത്തിന്റെ മുമ്പിൽ കുറ്റം ചെയ്തയാളായി കണക്കാക്കപ്പെടും എന്നതിനാൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വളരെയേറെ ശ്രദ്ധിക്കേണ്ടതുണ്ട്.

സ്കൂളുകളിൽ ലൈംഗിക വിദ്യാഭ്യാസം ഏർപ്പെടുത്തുക, രക്ഷിതാക്കൾ, കുടുംബാംഗങ്ങൾ, എന്നിവരെ ബോധവൽക്കരിക്കുക തുടങ്ങിയവ മാത്രമാണ് ഈ പ്രശ്നത്തിനുള്ള പരിഹാരം. കുട്ടികൾക്കെതിരായ ലൈംഗിക അതിക്രമങ്ങളെക്കുറിച്ച് കുട്ടികൾ മനസ്സിലാക്കേണ്ടതുണ്ട്. കാരണം, അതിലൂടെ മാത്രമേ ലൈംഗിക കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് സ്വാഭാവികമായി കുട്ടികളുടെ മനസ്സിൽ ഉണ്ടായേക്കാവുന്ന നാണക്കേടിന്റെയും ആശയക്കുഴപ്പത്തിന്റെയും വേലിക്കെട്ടുകൾ തകർക്കാൻ കഴിയൂ.



www.malankaralibrary.com

# ജുവനൈൽ ജസ്റ്റിസ് ആക്ടും കുട്ടികൾക്കായുള്ള ഭവനങ്ങളും

അഡ്വ. സി. ജീന SJC



ജനനം മുതൽ 18 വയസ്സുവരെയുള്ളവരാണ് ജുവനൈൽ എന്ന ഗണത്തിൽപ്പെടുന്നത്. കുട്ടികളുടെ സംരക്ഷണം ഉറപ്പാക്കുന്ന സ്ഥാപനങ്ങൾ നടത്തുമ്പോഴും മറ്റേതെങ്കിലും വിധത്തിൽ കുട്ടികളുടെ സംരക്ഷണ ചുമതല ഏറ്റെടുക്കേണ്ടി വരുമ്പോഴും നാം നിർബന്ധമായും പാലിക്കേണ്ട ചില നിയമ വശങ്ങൾ ഉണ്ട്.

ജുവനൈൽ ജസ്റ്റിസ് ആക്ട് കുട്ടികളെ രണ്ടു വ്യത്യസ്തമായ രീതികളിൽ പരിഗണിക്കുന്നു. കുറ്റകൃത്യത്തിൽ ഏർപ്പെട്ട കുട്ടികൾ എന്ന നിലയിലും, പരിചരണവും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾ എന്നവിധത്തിലും. ഇങ്ങനെ രണ്ടു തരത്തിലുള്ള കുട്ടികൾ നിയമത്തിന് മുന്നിൽ പലപ്പോഴും എത്തിച്ചേരുന്നതിനാൽ രണ്ട് സംരക്ഷണ സങ്കേതങ്ങൾ ആണ് അവർക്കായി ഒരുക്കപ്പെട്ടിട്ടുള്ളത്.

ഒന്നാമത്തെ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ജുവനൈൽ ജസ്റ്റിസ് ബോർഡും; രണ്ടാമത്തെ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കായി ചൈൽഡ് വെൽഫെയർ കമ്മിറ്റിയും.

ജുവനൈൽ ജസ്റ്റിസ് ബോർഡിൽ അംഗങ്ങളായുണ്ടാവുക ഒരു മജിസ്ട്രേറ്റും മറ്റു രണ്ടുപേരുമാണ്. ഇതിന്റെ നിയന്ത്രണ ചുമതല മജിസ്ട്രേറ്റിനാണ്. ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ എല്ലാ ജില്ലകളിലും ഉണ്ടായിരിക്കും. ഇതിൽ ചെയർമാൻ ഉൾപ്പെടെ അഞ്ച് അംഗങ്ങളാണ് ഉണ്ടായിരിക്കുക. 18 വയസ്സ് വരെയുള്ള കുട്ടികളുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങളും കൈകാര്യം ചെയ്യാനുള്ള ചുമതല ചൈൽഡ് വെൽഫെയർ കമ്മിറ്റിക്കാണ് ഉള്ളത്.

### കുട്ടികൾക്കായുള്ള ഹോമുകൾ

സമീപകാലം വരെ 18 വയസ്സ് വരെയുള്ള എല്ലാ കുട്ടികളെയും ഒരു ഹോമിൽ ഉൾപ്പെടുത്താമായിരുന്നുവെങ്കിൽ, 2015 ലെ ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം, 18 വയസ്സുവരെയുള്ള കുട്ടികളെ നാല് ഗ്രൂപ്പുകളായി തിരിച്ചാണ് ഹോമുകൾ നടത്തേണ്ടത്. 0-6, 7-11, 12-16, 17, 18 എന്നിങ്ങനെയാണ് 4 വിഭാഗങ്ങളായി ആയി തിരിക്കേണ്ടത്.



www.malankaralibrary.com

കുട്ടികൾക്കായി നടത്തപ്പെടുന്ന ഭവനങ്ങളിൽ പരിചരണവും സംരക്ഷണവും നൽകേണ്ട കുട്ടികൾ ആരൊക്കെയാണെന്ന് അത് നടത്തുന്നവർക്ക് വ്യക്തതയുണ്ടായിരിക്കണം. നിയമം അനുശാസിക്കുന്നതനുസരിച്ച് ഇനിപ്പറയുന്ന വിഭാഗങ്ങളിൽ പെട്ട കുട്ടികൾക്ക് സംരക്ഷണം നൽകാനുള്ള ചുമതല സമൂഹത്തിനുണ്ട്.

1. വിവിധ കാരണങ്ങളാൽ അവഗണനയിൽ കഴിയുന്ന ബാല്യങ്ങൾ
2. ജീവനു ഭീഷണി നേരിടുന്നവരോ നിരന്തരം പീഡനത്തിന് ഇരയാകുന്നവരോ ആയ കുട്ടികൾ
3. ശാരീരികമായോ മാനസികമായോ വെല്ലുവിളി നേരിടുന്ന കുട്ടികൾ
4. മാതാപിതാക്കൾ ഇല്ലാത്തവരോ മാതാപിതാക്കൾ മാനസികമായി വെല്ലുവിളി നേരിടുന്നവരോ ആയ കുട്ടികൾ
5. മാതാപിതാക്കളോ ബന്ധുക്കളോ ഉപേക്ഷിച്ച കുട്ടികൾ, വീടു വിട്ട് ഓടി പോകുന്ന കുട്ടികൾ
6. ലൈംഗിക പീഡനത്തിന് ഇരയായ കുട്ടികൾ, മനുഷ്യക്കടത്തിലോ ബാലവേലയിലോ ഇരകളായ കുട്ടികൾ
7. പ്രകൃതി ദുരന്തങ്ങളിലും മറ്റെന്തെങ്കിലും തരത്തിലുള്ള ദുരന്തങ്ങളിലും ഇരയായി കഴിയുന്ന കുട്ടികൾ

**ഒരു കുട്ടിയുടെ സംരക്ഷണം ഏറ്റെടുക്കുമ്പോൾ നാം ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളുണ്ട്:**

1. അവരുടെ സംരക്ഷണവും അതിജീവനവും ഉറപ്പാക്കുന്നത് ആയിരിക്കണം നാം അവർക്കുവേണ്ടി ചെയ്യുന്ന ഓരോ കാര്യവും.
2. കുട്ടികൾക്കായി എടുക്കുന്ന ഓരോ തീരുമാനവും അവരുടെ താൽപര്യങ്ങളെ കൂടി പരിഗണിച്ചു കൊണ്ടായിരിക്കണം. കുട്ടികളുടെ ആത്മാഭിമാനത്തെയും അന്തസ്സിനെയും ചോദ്യം ചെയ്യുന്ന രീതിയിലുള്ള യാതൊരുവിധ പ്രവർത്തനങ്ങളും ഉണ്ടാകാൻ പാടില്ല. മറിച്ച്, അവരിൽ ആത്മവിശ്വാസവും എന്തിനെയും അതിജീവിക്കാനുള്ള ധൈര്യവും ആണ് പകർന്നുകൊടുക്കേണ്ടത്. ഒരു അധികാരിയെ പോലെ അവരോട് പെരുമാറാതെ അവർക്ക് പറയാനുള്ളത് കൂടി കേട്ടുകൊണ്ട് ആയിരിക്കണം ഒരു സംരക്ഷിതാവ് പ്രവർത്തിക്കേണ്ടത്.

**ബാലഭവനങ്ങളുടെ പ്രവർത്തനം**

ശാരീരികമായും മാനസികമായും ലൈംഗികമായും ദുരുപയോഗം ചെയ്യപ്പെടുന്ന കുട്ടികൾക്ക് അതിൽ നിന്നും സംരക്ഷണം നൽകുന്നതിനാണ് ചിൽഡ്രൻസ് ഹോമുകൾ നടത്തുന്നത്. അവഗണിക്കപ്പെട്ടരും ചൂഷണം ചെയ്യപ്പെട്ടവരുമായ കുട്ടികളെ അതിജീവനത്തിന് സഹായിക്കുക എന്നതും ചിൽഡ്രൻസ് ഹോമുകളുടെ ധർമ്മമാണ്.

2015 ലെ ജുവനൈൽ ജസ്റ്റിസ് ആക്ട് നടപ്പാകുന്നതിന് മുമ്പ് കുട്ടികൾക്കായുള്ള സംരക്ഷണ സംവിധാനങ്ങൾ ഒരു ആവശ്യം മാത്രമായിരുന്നുവെങ്കിൽ ഇന്ന് അത് നിയമപ്രകാരം അവരുടെ അവകാശമാണ്. അതുപോലെ തന്നെ മുമ്പ് കുട്ടികളുടെ ക്ഷേമം മാത്രമായിരുന്നു അത്തരം ഭാവനങ്ങൾകൊണ്ട് ഉദ്ദേശിച്ചിരുന്നെങ്കിൽ ഇന്ന് കുട്ടികളുടെ വികസനം കൂടി പ്രഖ്യാപിത ലക്ഷ്യമായി നിർദ്ദേശിക്കപ്പെടുന്നു. മുമ്പ് കുട്ടികൾക്കുള്ള അഭയകേന്ദ്രങ്ങളായി മാത്രമായിരുന്നു അത്തരം സ്ഥാപനങ്ങളെ കണ്ടിരുന്നതെങ്കിൽ ഇന്ന് ഒരു കുടുംബാന്തരീക്ഷത്തിൽ അവരെ വളർത്തിയെടുക്കാനാണ് നിയമം അനുശാസിക്കുന്നത് .

കുട്ടികളെക്കൂടി ഉൾപ്പെടുത്തി ഉള്ളതായിരിക്കണം ചിൽഡ്രൻസ് ഹോമുകളിലെ ഓരോ തീരുമാനങ്ങളും. ഇത് കാര്യക്ഷമമാക്കാൻ സ്ഥാപനത്തിന്റെ മാനേജിങ് കമ്മിറ്റിയിൽ കുട്ടികളെ ഉൾപ്പെടുത്തണം. കൂടാതെ, അഭിപ്രായപ്പെട്ടികൾ (Suggestion Box) സ്ഥാപിക്കുകയും, കുട്ടികൾക്കായുള്ള ചിൽഡ്രൻസ് കമ്മിറ്റികൾക്ക് പ്രവർത്തിക്കാനുള്ള അവസരം നൽകുകയും വേണം.

കുട്ടികൾക്കുവേണ്ടി ഇത്തരത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഇന്ന് പലതരത്തിലുണ്ട്. പ്രധാനപ്പെട്ടവ താഴെ പറയുന്നവയാണ്:

- ബാല ഭവനങ്ങൾ (children's Home)
- തുറന്ന സങ്കേതങ്ങൾ (Open Shelter)
- നിരീക്ഷണ ഭവനങ്ങൾ (Observation Homes)
- പ്രത്യേക ഭവനങ്ങൾ (Special Homes)
- സുരക്ഷിത സങ്കേതങ്ങൾ (Place of Safety)
- പ്രത്യേക ശ്രദ്ധ ആവശ്യമുള്ള കുട്ടികൾക്കായുള്ള ഭവനങ്ങൾ (Home for special need Children)
- താൽക്കാലിക സംരക്ഷണ ഭവനങ്ങൾ (Fit facility)
- സ്പെഷലൈസ്ഡ് അഡോപ്ഷൻ ഏജൻസി.

പല പേരുകളിലാണ് ഇവയെല്ലാം അറിയപ്പെടുന്നതെങ്കിലും ഇവയുടെ എല്ലാം രജിസ്ട്രേഷൻ ഏതാണ്ട് സമാനമാണ്.

www.malankaralibrary.com

### കുട്ടികൾക്കായുള്ള ഭവനങ്ങളുടെ രജിസ്ട്രേഷൻ ( സെക്ഷൻ 41)

ചിൽഡ്രൻസ് ഹോം രജിസ്ട്രേഷന് വിവിധ ഘട്ടങ്ങൾ ഉണ്ട്. ഇതിന് ആവശ്യമായ ഡോക്യുമെന്റ്സ് താഴെപ്പറയുന്നവയാണ്:

1. കുട്ടികൾക്ക് താൻ ഉപദ്രവം വരുത്തിയിട്ടില്ല എന്ന ചിൽഡ്രൻസ് ഹോം നടത്തുന്ന വ്യക്തി നൽകുന്ന സത്യവാങ്മൂലം (Affidavit)
2. സൊസൈറ്റി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്
3. ബൈലോ അല്ലെങ്കിൽ അസോസിയേഷന്റെ മെമ്മോറാണ്ടം
4. ഭരണസമിതി അംഗങ്ങളുടെ പേര് വിവരങ്ങൾ
5. ട്രസ്റ്റികളുടെ പേരുവിവരങ്ങൾ
6. സ്ഥാപനത്തിന്റെ കഴിഞ്ഞ മൂന്നു വർഷങ്ങളിലെ ബാലൻസ് ഷീറ്റ്
7. ചിൽഡ്രൻസ് ഹോമിന്റെ വിശദമായ ഫോട്ടോകൾ
8. കുട്ടികളുടെ വിശദാമശങ്ങൾ
9. ഫയർ ആൻഡ് സേഫ്റ്റി സർട്ടിഫിക്കറ്റ്
10. ബിൽഡിംഗ് സർട്ടിഫിക്കറ്റ്
11. സിസിടിവി ക്യാമറ സംബന്ധിച്ച വിവരങ്ങൾ
12. ഭരണസമിതി അംഗങ്ങളുടെയും ട്രസ്റ്റിമാരുടെയും പോലീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ്
13. കെട്ടിടത്തിന്റെ വിഷമായ സ്കെച്ചും പ്ലാനും



കൃത്യമായ രീതിയിൽ രജിസ്റ്റർ ചെയ്യപ്പെടാതെ ഇത്തരത്തിലൊരു ഹോം നടത്തുന്ന പക്ഷം, അത് നടത്തുന്ന വ്യക്തിക്ക് ഒരു വർഷത്തിൽ കുറയാത്ത ജയിൽവാസമോ ഒരു ലക്ഷം രൂപയിൽ കുറയാത്ത പിഴയോ രണ്ടും ഒരുമിച്ചോ ശിക്ഷയായി ലഭിച്ചേക്കും. ഹോമുകൾ രജിസ്റ്റർ ചെയ്യണം എന്നുള്ളത് നിർബന്ധമായ കാര്യമാണ്.

### കുട്ടികളെ ചിൽഡ്രൻസ് ഹോമുകളിൽ പ്രവേശിപ്പിക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ

1. അഡ്മിഷൻ രജിസ്റ്ററിൽ കുട്ടിയുടെ വ്യക്തി വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തണം.
2. കുട്ടി ഏതെങ്കിലും കേസിലുൾപ്പെട്ട ശേഷമാണ് ഹോമിൽ എത്തുന്നതെങ്കിൽ പോലീസ് ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് നിർബന്ധമായും സൂക്ഷിക്കണം.
3. ഹോമിൽ എത്തിയാൽ ഉടൻ തന്നെ കുട്ടിയുടെ മെഡിക്കൽ പരിശോധന നടത്തി മെഡിക്കൽ സർട്ടിഫിക്കറ്റ് സൂക്ഷിക്കണം.
4. കുട്ടിയുടെ കേസ് ഫയൽ ഫോട്ടോഗ്രാഫ് പതിച്ച് സൂക്ഷിക്കണം.
5. കുട്ടിക്ക് അത്യാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകണം
6. കൗൺസിലിംഗ് നൽകണം
7. ഹോമിൽ വരുമ്പോൾ കുട്ടിയുടെ കൈവശം എന്തൊക്കെയാണ് ഉള്ളത് എന്ന് തിട്ടപ്പെടുത്തി ഓരോന്നും രേഖപ്പെടുത്തി കൃത്യമായി സൂക്ഷിക്കണം.
8. കുട്ടികളോട് സംസാരിച്ച് അവരിൽ നിന്നും ലഭിക്കാവുന്നത്രയും വിവരങ്ങൾ ശേഖരിച്ച് സൂക്ഷിക്കണം.

കേസ് ഫയലിൽ താഴെപ്പറയുന്നവ ഉണ്ടെന്ന് ഉറപ്പുവരുത്തണം:

1. ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ്
2. ജനന സർട്ടിഫിക്കറ്റ്
3. മാതാപിതാക്കളാണ് കൊണ്ടുവരുന്നത് എങ്കിൽ അവരുടെ സമ്മതപത്രം (ഫോം നമ്പർ 2)
4. സി ഡബ്ല്യു സി യിൽനിന്നുള്ള ഓർഡർ
5. കൈവശമുള്ള സാധനങ്ങളുടെ ലിസ്റ്റ്
6. സ്കൂളിൽ നിന്നുള്ള പ്രോഗ്രസ് റിപ്പോർട്ട്
7. കുട്ടികൾക്കായുള്ള ഉള്ള ഭാവി പദ്ധതികൾ വിശദമാക്കിയ റിപ്പോർട്ട്
8. മെഡിക്കൽ റിപ്പോർട്ട്
9. കേസ് ഹിസ്റ്ററി
10. കുട്ടിയുടെ വ്യക്തി വിവര റിപ്പോർട്ട്
11. കുട്ടി ഇതിനു മുൻപ് ഏതെങ്കിലും സ്ഥാപനത്തിൽ താമസിച്ചിട്ടുണ്ട് എങ്കിൽ അവിടെ നിന്നുള്ള റിപ്പോർട്ട്
12. കുട്ടിയുടെ ഫോട്ടോഗ്രാഫ്
13. സോഷ്യൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടും ഒപ്പം കുടുംബ ഫോട്ടോയും
14. കൗൺസിലിംഗ് റിപ്പോർട്ട്


www.malankaralibrary.com

**കുട്ടികളെ എങ്ങനെ കൈകാര്യം ചെയ്യണം?**

കുട്ടികൾക്കായുള്ള ഭവനങ്ങൾ നടത്തുന്നവരെ സംബന്ധിച്ചിടത്തോളം വലിയ വെല്ലുവിളിയാണ് കുട്ടികളെ എങ്ങനെ കൈകാര്യം ചെയ്യണം എന്നുള്ളത്. കുട്ടികളുടെ സ്വഭാവത്തിൽ വന്നിരിക്കുന്ന മാറ്റം അത്ര വേഗത്തിൽ അംഗീകരിക്കാനോ അതിൽ തിരുത്തലുകൾ വരുത്താനോ നമുക്ക് സാധിച്ചെന്നു വരില്ല. എന്നിരുന്നാലും വളരെ കാർക്കശ്യത്തോടെ അവരോട് പെരുമാറാനും സാധിക്കില്ല. കുട്ടികളെ വ്യക്തിത്വത്തെയും മാനസിക വളർച്ചയെയും ബാധിക്കുന്ന തരത്തിലുള്ള യാതൊരുവിധ ശിക്ഷാ നടപടികളും സ്വീകരിക്കാൻ പാടുള്ളതല്ല. ചെറിയ രീതിയിലുള്ള മുന്നറിയിപ്പുകൾ കുട്ടികൾക്ക് നൽകാവുന്നതാണ്. ഭവനത്തിലെ സാധാരണ ജോലികളിൽ അവരെ പങ്കെടുപ്പിക്കാവുന്നതാണ്. കുട്ടികളുമായി ബന്ധപ്പെട്ട എല്ലാക്കാര്യങ്ങളും നിയമാനുസൃത സൗഹാർദ്ദപൂർവ്വവും ആയിരിക്കണമെന്ന് എല്ലായ്പ്പോഴും ഉറപ്പുവരുത്തണം. ഭവനങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് ഭാഗമായി ചൈൽഡ് വെൽഫെയർ കമ്മിറ്റി അംഗങ്ങൾ സന്ദർശനം നടത്തുകയും ജീവിത രീതികളെക്കുറിച്ചും അധികൃതരുടെ ഇടപെടലുകളെക്കുറിച്ചും കുട്ടികളോട് നേരിട്ട് സംസാരിക്കുകയും ചെയ്യുകയും ചെയ്യുന്ന വേളകളിൽ അവരുടെ പ്രതികരണങ്ങൾ തൃപ്തികരമല്ലെങ്കിൽ നടപടികൾ സ്വീകരിക്കുകയുണ്ടായേക്കാം.

**ഒരു കുട്ടി ഹോമിൽ നിന്ന് പോവുകയോ മരണപ്പെടുകയോ ചെയ്യുകയാണെങ്കിൽ ആ കുട്ടിയുടെ വസ്തുക്കൾ എന്ത് ചെയ്യണം?**

കുട്ടി ചിൽഡ്രൻസ് ഹോമിൽ നിന്നും മാതാപിതാക്കൾക്കൊപ്പം പോവുകയാണെങ്കിൽ കുട്ടിയുമായി ബന്ധപ്പെട്ട വസ്തുവകകളും മാതാപിതാക്കൾക്ക് കൈമാറുകയും അതിന്റെ റസീപ്റ്റ് കൈവശം സൂക്ഷിക്കുകയും ചെയ്യണം. ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള പണത്തിന്റെ പൂർണ്ണ അധികാരവും കുട്ടിക്ക് നൽകണം. ഏതെങ്കിലും കുട്ടി മരണപ്പെടുകയാണെങ്കിൽ മാതാപിതാക്കൾക്കോ കുട്ടിയുടെ ബന്ധുക്കൾക്കോ കുട്ടിയുമായി ബന്ധപ്പെട്ട എല്ലാ വിലപിടിപ്പുള്ള സാധനങ്ങളും കൈമാറുകയും റസീപ്റ്റ് ഫയലിൽ സൂക്ഷിക്കുകയും വേണം. കുട്ടി മരിച്ച് ആറു മാസത്തിനു ശേഷവും ഈ വസ്തുക്കൾ സ്വീകരിക്കാൻ ആരും എത്തിയില്ലെങ്കിൽ ഭവനത്തിന്റെ മാനേജിംഗ് കമ്മിറ്റിക്ക് ബോധ്യപ്പെട്ടതിനുശേഷം ശേഷം സിഡബ്ല്യുസി യിൽ ഏൽപിക്കേണ്ടതാണ്.


The
Juvenile Justice
(Care and Protection of
Children) Act, 2015
(2 of 2016)

*as amended by*
The Jammu and Kashmir Reorganisation Act, 2019
(34 of 2019) (w.e.f. 31-10-2019)

with

- The Juvenile Justice (Care and Protection of Children) Act, 2000 (56 of 2000) *repealed by the Juvenile Justice (Care and Protection of Children) Act, 2015 (2 of 2016)*
- The Juvenile Justice (Care and Protection of Children) Model Rules, 2016
- National Charter for Children, 2003

www.malankaralibrary.com



## കെസിവൈഎം സംസ്ഥാന പ്രസിഡന്റായി ഷിജോ ഇടയാടിയെ തെരഞ്ഞെടുത്തു, ബിച്ചു കുര്യൻ തോമസ് ജനറൽ സെക്രട്ടറി

കേരള കത്തോലിക്കാസഭയുടെ ഔദ്യോഗിക യുവജന പ്രസ്ഥാനമായ കേരള കാത്തലിക്ക് യൂത്ത് മൂവ്മെന്റിന്റെ (കെസിവൈഎം) സംസ്ഥാന പ്രസിഡന്റായി ചങ്ങനാശ്ശേരി അതിരൂപത അംഗം ഷിജോ ഇടയാടിൽ തെരഞ്ഞെടുക്കപ്പെട്ടു. മൂവാറ്റുപുഴ രൂപതാ അംഗം ബിച്ചു കുര്യൻ തോമസാണ് ജനറൽ സെക്രട്ടറി. കേരള കത്തോലിക്കാ സഭയിലെ 32 രൂപതകളിലെ യുവജന പ്രതിനിധികൾ പങ്കെടുത്ത 44 -ാമത് വാർഷിക സെനറ്റിലാണ് തിരഞ്ഞെടുപ്പ് നടന്നത്.

**മറ്റ് ഭാരവാഹികൾ**

- വൈസ് പ്രസിഡന്റ് : ഡെലിൻ ഡേവിഡ് ( കൊല്ലം രൂപത )
- ജിബിൻ ഗബ്രിയേൽ ( പുനലൂർ രൂപത)
- സെക്രട്ടറി: തുഷാര തോമസ്( എറണാകുളം അങ്കമാലി അതിരൂപത )
- ഷിജോ നിലക്കപ്പള്ളി ( തലശ്ശേരി അതിരൂപത)
- സെലിൻ ചന്ദ്ര ബാബു ( പാറശാല രൂപത)
- സ്മിത ആന്റണി ( വരാപ്പുഴ അതിരൂപത)
- ട്രഷറർ : ലിനു വി ഡേവിഡ് ( പത്തനംതിട്ട രൂപത) എന്നിവരെ തിരഞ്ഞെടുത്തു.

സംസ്ഥാന ഡയറക്ടർ സ്റ്റീഫൻ ചാലക്കര, സിസ്റ്റർ റോസ് മെറിൻ എസ്.ഡി, എഡ്വേർഡ് രാജു എന്നിവർ തെരഞ്ഞെടുപ്പിന് നേതൃത്വം നൽകി.

---




## യുവജനങ്ങൾക്കായി പഠനപരമ്പര ജനുവരി 31 മുതൽ

സ്കിൽ തോൺ 2022 (SKILL THON 2022) എന്നപേരിൽ സലേഷ്യൻ സഭയുടെ ബാംഗ്ലൂർ പ്രൊവിൻസ് കെസിബിസി യൂത്ത് കമ്മീഷന്റെയും കൊച്ചി ഐവൈഡിസിയുടെയും സഹകരണത്തോടെ പഠന പരമ്പര ഒരുക്കുന്നു. മുപ്പത് ദിവസം നീണ്ടുനിൽക്കുന്ന ക്ലാസുകൾ നയിക്കുന്നത് മുപ്പത് വ്യത്യസ്തമേഖലകളിൽ നിന്നുള്ള പ്രഗത്ഭരായിരിക്കും. വിവിധ വിഷയങ്ങളിൽ കേരളയുവതയുടെ അവബോധം വളർത്താനാണ് പരമ്പര ലക്ഷ്യമാക്കുന്നത്. ജനുവരി 31മുതൽ തിങ്കൾ മുതൽ വെള്ളി വരെയുള്ള ദിവസങ്ങളിൽ വൈകിട്ട് ആറുമണി മുതൽ സലേഷ്യൻ പ്രൊവിൻസ് ബാംഗ്ലൂരിന്റെ യൂട്യൂബ് ചാനൽ (The Salesian Province of Bangalore INK) വഴി ക്ലാസുകൾ ലഭ്യമാകും.

www.malankaralibrary.com



## ഉത്തർപ്രദേശിൽ മിഷനറീസ് ഓഫ് ചാരിറ്റി സിസ്റ്റേഴ്സിന്റെ ശിശുഭവൻ ഒഴിപ്പിച്ചു.

ഉത്തർപ്രദേശിലെ കാൺപൂർ കന്റോൺമെന്റിലെ ശിശുഭവനിൽനിന്ന് മിഷണറീസ് ഓഫ് ചാരിറ്റി (MC) സിസ്റ്റേഴ്സിനെ ഒഴിപ്പിച്ചു. വി. മദർ തെരേസ സ്ഥാപിച്ച ശിശുഭവനിൽ നിന്നാണ് ജനുവരി മൂന്നിന് സന്യാസിനിമാരെ പുറത്താക്കിയത്. ജനുവരി മൂന്നിന് കേന്ദ്ര പ്രതിരോധ വകുപ്പാണ് നടപടി സ്വീകരിച്ചത്.

അനാഥരും നിരാലംബരും ഉപേക്ഷിക്കപ്പെട്ടവരുമായ കുട്ടികൾക്കായുള്ള ഈ ഭവനം 1968 ജൂണിൽ സ്ഥാപിതമായതാണ്. കഴിഞ്ഞ 53 വർഷമായി മിഷനറീസ് ഓഫ് ചാരിറ്റി സന്യാസിനീ സമൂഹം ഇവിടെ തുടരുന്നു. 1500 ലധികം കുഞ്ഞുങ്ങളെയാണ് ഇതുവരെ സിസ്റ്റർമാർ ഇവിടെ പരിപാലിച്ചിരുന്നത്. കുഷ്ഠരോഗികൾ, അവിവാഹിതരായ അമ്മമാർ എന്നിങ്ങനെ സമൂഹം മാറ്റിനിർത്തുന്ന ആളുകളെയും ഇവിടെ പരിചരിച്ചു പോന്നിരുന്നു.

ഇന്ത്യൻ കാത്തലിക് ഫോറം പുറത്തിറക്കിയ പത്രക്കുറിപ്പിൽ വിശദീകരിക്കുന്നത് പ്രകാരം, ശിശുഭവൻ നിർമ്മിച്ചിരിക്കുന്ന സ്ഥലം 90 വർഷത്തെ പാട്ടത്തിന് നല്കിയതാണെന്നും പാട്ടത്തിന്റെ കാലാവധി 2019ൽ അവസാനിച്ചുവെന്നുമുള്ള ഡിഫൻസ് എസ്റ്റേറ്റ് ഓഫീസിന്റെ (DEO) വാദത്തിന്റെ അടിസ്ഥാനത്തിലാണ് ഈ ഒഴിപ്പിക്കൽ. കാലാവധി പൂർത്തിയായതിനു ശേഷവും അവിടെ തുടർന്നതിന് രണ്ടു കോടി രൂപ പിഴയടക്കാനും ഡി ഇ ഓ നിർദേശിക്കുന്നു.

സംഭവം നടന്നതിന് ശേഷം സന്യാസിനിമാർ ഡിഇഒ യും പ്രതിരോധമന്ത്രിയെയും കാണാൻ ശ്രമിച്ചെങ്കിലും സാധിച്ചില്ല. ഇവിടെ അവശേഷിക്കുന്ന ഗുരുതരമായ വൈകല്യങ്ങൾ ഉള്ള പതിനൊന്ന് അനാഥ കുട്ടികളെ, അയൽ സംസ്ഥാനങ്ങളായ അലഹബാദ്, വാരണാസി, ബറേലി, മീററ്റ് എന്നിവിടങ്ങളിലെ മറ്റ് ശിശുഭവനുകളിലേക്ക് മാറ്റി.

ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിക്കുന്നതിന് മുമ്പ് ബ്രിട്ടീഷ് മിലിട്ടറി ഉപയോഗിച്ചിരുന്ന കാൺപൂരിലെ കന്റോൺമെന്റ് പ്രദേശത്ത് ഒരുലക്ഷത്തോളം ആൾക്കാർ അധിവസിക്കുന്നുണ്ടെങ്കിലും ഇപ്പോഴും ആ പ്രദേശം കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന് കീഴിലാണ്. ധാരാളം കുടുംബങ്ങൾ തടസ്സം കൂടാതെ ജീവിക്കുന്ന ഒരു സ്ഥലത്ത് ഇത്തരം ഒരു കാരണം പറഞ്ഞ് മിഷനറീസ് ഓഫ് ചാരിറ്റി സന്യാസിനീസമൂഹത്തിനെതിരെ നടപടി സ്വീകരിച്ചിരിക്കുന്നത് നീതികേടാണ് എന്ന് അനേകർ വിലയിരുത്തുന്നു. വിവിധ സംസ്ഥാനങ്ങളിൽ കത്തോലിക്കാ സന്യസ്തർ നടത്തിവരുന്ന സ്ഥാപനങ്ങൾക്കെതിരെ സർക്കാർ സംവിധാനങ്ങൾ നീങ്ങുന്നതിന്റെ ഒടുവിലെ ഉദാഹരണമാണ് ഈ സംഭവം.

........................................................................

## മതപരിവർത്തനം ആരോപിച്ച് മിഷണറീസ് ഓഫ് ചാരിറ്റിക്കെതിരെ കേസ്

ന്യൂഡൽഹി: മദർ തെരേസ സ്ഥാപിച്ച മിഷണറീസ് ഓഫ് ചാരിറ്റിക്കെതിരെ മതപരിവർത്തനം നടത്തുന്നുവെന്ന് ആരോപിച്ച് ഗുജറാത്തിൽ കേസ്. വഡോദരയിലെ മകർപുറയിലുള്ള അഭയകേന്ദ്രത്തിൽ പെൺകുട്ടികളെ ക്രിസ്ത്യൻ മതത്തിൽ ചേരാൻ നിർബന്ധിക്കുന്നുവെന്നാണ് ആരോപണം. ജില്ലാ സാമൂഹ്യസുരക്ഷാ ഉദ്യോഗസ്ഥൻ മായങ്ക് ത്രിവേദിയാണ് പരാതി നൽകിയത്. മിഷണറീസ് ഓഫ് ചാരിറ്റി ആരോപണം നിഷേധിച്ചു.

കഴിഞ്ഞ ഒമ്പതിന് ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർമാനൊപ്പം അഭയകേന്ദ്രം സന്ദർശിച്ചിരുന്നെന്നും അവിടെ ക്രിസ്ത്യൻ മതഗ്രന്ഥങ്ങൾ വായിക്കാൻ പെൺകുട്ടികളെ നിർബന്ധിക്കുന്നുണ്ടെന്നും ത്രിവേദി പരാതിയിൽ പറയുന്നു. 2003ലെ ഗുജറാത്ത് മതസ്വാതന്ത്ര്യ നിയമപ്രകാരമാണ് എഫ്ഐആർ രജിസ്റ്റർ ചെയ്തിരിക്കുന്നത്. (ദേശാഭിമാനി, 15/12/2021)

........................................................................

## ഡൽഹിയിൽ ക്രിസ്ത്യൻ പള്ളിക്കുനേരെ സംഘപരിവാർ ആക്രമണം

ന്യൂഡൽഹി: രാജ്യതലസ്ഥാനത്ത് ക്രിസ്ത്യൻ പള്ളിക്കുനേരെ സംഘപരിവാർ ആക്രമണം. ഡൽഹിയിലെ ദ്വാരക മേഖലയിൽ പുതുതായി തുറന്ന പള്ളിയുടെ കെട്ടിടമാണ് സംഘപരിവാർ പ്രവർത്തകർ നശിപ്പിച്ചത്. പള്ളിക്കുമുന്നിലുണ്ടായിരുന്ന ബോർഡ് തകർത്ത അക്രമികൾ അവിടെയുണ്ടായിരുന്ന ആളുകളെ ഭീഷണിപ്പെടുത്തിയതായും റിപ്പോർട്ടുകളുണ്ട്. ഇവർ ബജ്റംഗ്ദളിന്റെയും ആർഎസ്എസിന്റെയും പ്രവർത്തകരാണെന്ന് സംശയിക്കുന്നതായാണ് റിപ്പോർട്ടുകൾ. സംഭവത്തിൽ ഓരാളെ പൊലീസ് അറസ്റ്റ് ചെയ്തു. ആദ്യമായി തുറന്ന പള്ളിയിൽ ഞായറാഴ്ച പ്രാർത്ഥന നടത്തുന്നതിനിടെ ആയിരുന്നു ആക്രമണം. (ജനയുഗം, 30/11/2021)

www.malankaralibrary.com

## ക്രിസ്ത്യൻ ആരാധനാലയങ്ങൾക്ക് നേരെ ഏറ്റവുമധികം അതിക്രമങ്ങൾ ഉത്തർപ്രദേശിൽ

ബംഗളുരു: ക്രിസ്ത്യൻ ആരാധനാലയങ്ങൾക്കു നേരെ ഏറ്റവും കൂടുതൽ അതിക്രമങ്ങൾ നടക്കുന്നത് ഉത്തർപ്രദേശിൽ, ജനുവരി, സെപ്റ്റംബർ മാസങ്ങൾക്കിടയിൽ രാജ്യത്ത് ക്രിസ്ത്യൻ ആരാധാനാലയങ്ങൾക്കു നേരെയുള്ള 305 അതിക്രമങ്ങളാണ് നടന്നത്. ഞായറാഴ്ച പുറത്തുവിട്ട ഒരു വസ്തുതാ അന്വേഷണ റിപ്പോർട്ടിലാണ് ഇക്കാര്യം വെളിപ്പെടുത്തിയിരിക്കുന്നത്. എൻജിഒ ആയ യുണൈറ്റഡ് ക്രിസ്ത്യൻസ് ഫോറം ഹെൽപ്ലൈനിന് ലഭിച്ച ഫോൺ കോളുകളെ അടിസ്ഥാനപ്പെടുത്തിയാണ് ഈ കണക്ക്. ഇത്തരത്തിൽ 1,362 ഫോൺ കോളുകളാണ് സംഘടനയ്ക്ക് ലഭിച്ചത്. അസോസിയേഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ് സിവിൽ റൈറ്റ്സ്, ദി യുണൈറ്റഡ് ക്രിസ്ത്യൻ ഫോറം, യുണൈറ്റഡ് എഗൈൻസ്റ്റ് ഹേറ്റ് തുടങ്ങിയ എൻജിഒകൾ സംയുക്തമായി റിപ്പോർട്ട് തയാറാക്കിയതാണ്.

305 കേസുകളിൽ 288 എണ്ണം ആൾക്കൂട്ട ആക്രമണങ്ങളായിരുന്നുവെന്ന് ക്രിസ്ത്യൻ അണ്ടർ അറ്റാക്ക് ഇൻ ഇന്ത്യ എന്ന റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നു. 28 കേസുകളിൽ ആരാധനാലയങ്ങൾ തകർക്കുകയോ കേടുപാടുകൾ വരുത്തുകയോ ചെയ്തിട്ടുണ്ട്. 85 കേസുകളിൽ പൊലീസ് ഇടപെട്ട് പ്രാർത്ഥനകൾ നിർത്തിവച്ചു. 1,331 സ്ത്രീകൾക്കും, ആദിവാസി (588) ദളിത്(513) വിഭാഗത്തിലുള്ളവർക്കും പരിക്കേറ്റു. യുപിയിൽ 66 സംഭവങ്ങളാണ് നടന്നത്. തൊട്ടുപിറകിലുള്ള ഛത്തീസ്ഗഡ്, കർണാടക എന്നിവിടങ്ങളിലെ കണക്ക യഥാക്രമം 47,32 എന്നിങ്ങനെയാണ്. സെപ്റ്റംബർ മാസത്തിലാണ് ഏറ്റവും കൂടുതൽ സംഭവങ്ങൾ റിപ്പോർട്ട് ചെയ്തത്. 69, ഓഗസ്റ്റ്-50, ജനുവരു-37 എന്നിങ്ങനെയാണ് ഉയർന്ന കേസുകളുടെ എണ്ണം. സംസ്ഥാനത്ത് നിർബന്ധിത മതപരിവർത്തന നിയമം നടപ്പിലാക്കുമെന്ന് ബിജെപി സർക്കാർ പ്രഖ്യാപിച്ചതിനു പിന്നാലെ ഒക്ടോബർ, നവംബർ മാസങ്ങളിൽ കർണാടകയിൽ അതിക്രമങ്ങൾ വർധിച്ചുവെന്നും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

എന്നാൽ നിരവധി സംഭവങ്ങൾ രേഖപ്പെടുത്താതെ പോയിട്ടുണ്ടെന്ന് റിപ്പോർട്ട് പ്രസിദ്ധീകരിച്ചുകൊണ്ട് ബംഗ്ളുരു ആർച്ച് ബിഷപ്പ് പീറ്റർ മച്ചാഡോ പറഞ്ഞു. വലതുപക്ഷ സംഘടനകളാണ് ഈ അതിക്രമങ്ങൾ നടത്തിയതെന്നും കുറ്റവാളികൾക്കെതിരെ നടപടി എടുക്കുന്നതിൽ പൊലീസ് പരാജയപ്പെട്ട എന്ന വസ്തുതയും റിപ്പോർട്ടിൽ പരാമർശിച്ചിട്ടില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു, ദക്ഷിണേന്ത്യയിൽ ഇത്തരത്തിൽ ഏറ്റവും കൂടുതൽ അതിക്രമങ്ങൾ നടന്നത് കർണാടകയിലാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

അതേസമയം നിയമസഭാ സമ്മേളനം കഴിയുന്നതുവരെ പ്രാർത്ഥനകളും മറ്റും നടത്തരുതെന്ന് ബെൽഗാവിയിലെ ക്രിസ്ത്യൻ വിഭാഗങ്ങളോട് പൊലീസ് ആവശ്യപ്പെട്ടതായും ആർച്ചുബിഷപ്പ് പറഞ്ഞു. (ദീപിക, 8/12/2021)

.....................................................................

## ക്രൈസ്തവർക്കെതിരായ അതിക്രമം: പ്രതിപക്ഷ നേതാവ് പ്രധാനമന്ത്രിക്ക് കത്തയച്ചു

തിരുവനന്തപുരം: രാജ്യത്ത് ന്യൂനപക്ഷ വിഭാഗങ്ങൾക്കെതിരായ ആക്രമണങ്ങളിൽ ഉത്കണ്ഠ രേഖപ്പെടുത്തി പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ പ്രധാനമന്ത്രിക്ക് കത്തയച്ചു. കർണാടകയും ഗുജറാത്തും ഉൾപ്പെടെ നിരവധി സംസ്ഥാനങ്ങളിൽ ആർഎസ്എസുമായിചേർന്നു നിൽക്കുന്ന വലതുപക്ഷ സംഘടനകൾ ക്രൈസ്തവർക്കെതിരേ നടത്തുന്ന അക്രമങ്ങൾ അസ്വസ്ഥത ഉളവാക്കുന്നതാണ്. കർണാടകയിൽ കഴിഞ്ഞ ആഴ്ചമാത്രം നിരവധി ആക്രമങ്ങളുണ്ടായി. ആൾക്കൂട്ട ആക്രമണങ്ങളുടെ പല കേസുകളിലും, യഥാർത്ഥ കുറ്റവാളികളെ അറസ്റ്റ് ചെയ്യുന്നതിനുപകരം, പാസ്റ്റർമാരെയും വിശ്വാസികളെയും പൊലീസ് അറസ്റ്റ് ചെയ്യുകയാണ്. പ്രാർഥനായോഗങ്ങൾ നിർത്തിവയ്ക്കാൻ പള്ളികൾക്ക് പൊലീസ് ഔപചാരിക നോട്ടീസ് നൽകുന്ന സംഭവങ്ങളാണ് അവിടെ അരങ്ങേറുന്നത്. ഗുജറാത്തിൽ, മദർതെരേസ സ്ഥാപിച്ച മിഷനറീസ് ഓഫ് ചാരിറ്റി എന്ന സംഘടന മതവികാരം വ്രണപ്പെടുത്തുകയും പെൺകുട്ടികളെ മതപരിവർത്തനം നടത്തുകയും ചെയ്യുന്നുവെന്ന കുറ്റമാരോപിച്ചു കേസെടുത്തു. ഈ സാഹചര്യത്തിൽ, വലതുപക്ഷ ഗ്രൂപ്പുകളുടെ ക്രിസ്ത്യൻ സമുദായത്തിന് നേരെയുള്ള ആക്രമണം തടയാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളാൻ കർണാടക, ഗുജറാത്ത്, മധ്യപ്രദേശ്, യുപി ഉൾപ്പെടെയുള്ള സംസ്ഥാന സർക്കാരുകളോട് നിർദേശിക്കണമെന്നും പ്രതിപക്ഷ നേതാവ് പ്രധാനമന്ത്രിയോട് അഭ്യർത്ഥിച്ചു. (മെട്രോ വാർത്ത, 27/12/2021)

www.malankaralibrary.com



## സാഗർ രൂപതയുടെ കീഴിലുള്ള അനാഥാലയം ഒഴിപ്പിക്കാനുള്ള നീക്കം ഹൈക്കോടതി തടഞ്ഞു

ഭോപ്പാൽ: മധ്യപ്രദേശിൽ സാഗർ സീറോ മലബാർ രൂപതയുടെ കീഴിൽ പ്രവർത്തിക്കുന്ന അനാഥാലയത്തിൽനിന്ന് കുട്ടികളെ നിർബന്ധിച്ച് ഒഴിപ്പിക്കാനുള്ള ശ്രമം ഹൈക്കോടതി തടഞ്ഞു. സാഗർ രൂപതയ്ക്ക് കീഴിലുള്ള ശ്യാംപൂരിലെ സെന്റ് ഫ്രാൻസിസ് അനാഥാലയത്തിലെ 44 അന്തേവാസികളെ ഒഴിപ്പിക്കാനുള്ള സർക്കാർ ഉദ്യോഗസ്ഥരുടെ നടപടിയാണ് മധ്യപ്രദേശ് ഹൈക്കോടതി സ്റ്റേ ചെയ്തത്. കുട്ടികളെ നിർബന്ധിപ്പിച്ച് ഒഴിപ്പിക്കുന്നതിൽനിന്ന് കോടതി ഉദ്യോഗസ്ഥരെ വിലക്കി.

രജിസ്ട്രേഷനില്ലാതെയാണ് അനാഥാലയം പ്രവർത്തിക്കുന്നതെന്നായിരുന്നു ഉദ്യോഗസ്ഥരുടെ ആരോപണം. തിരക്കിട്ടുള്ള ഒഴിപ്പിക്കൽ ശ്രമത്തിനെതിരെ കുട്ടികളും ജീവനക്കാരും പ്രതിഷേധിച്ചു. പ്രതിഷേധം അവഗണിച്ച് നടപടിയുമായി മുന്നോട്ടുപോവാനായിരുന്നു ഉദ്യോഗസ്ഥരുടെ നീക്കം. കോടതി ഉത്തരവിന്റെ പകർപ്പ് എത്തിച്ചതോടെയാണ് അവർ പിരിഞ്ഞുപോവാൻ തയ്യാറായത്. ഇക്കാര്യത്തിൽ രണ്ട് ആഴ്ചയ്ക്കകം റിപ്പോർട്ട് നൽകാനാണ് കോടതി ഉത്തരവ്.

അനാഥാലയം നടത്താനുള്ള നിയമപരമായ ലൈസൻസ് 2020ൽ അവസാനിച്ചതിനെ തുടർന്ന് വേണ്ട രേഖകൾ ഉൾപ്പെടെ അപേക്ഷ സമർപ്പിച്ചിട്ടും അധികൃതർ പുതുക്കി നൽകാൻ തയ്യാറായിട്ടില്ല എന്നാണ് റിപ്പോർട്ടുകൾ. 18 വയസിൽ താഴെയുള്ള 44 കുട്ടികളാണ് ഇവിടെ താമസിക്കുന്നത്. മധ്യപ്രദേശിലെ വിവിധ കത്തോലിക്കാസ്ഥാപനങ്ങൾക്ക് നേരെ ആക്രമണങ്ങളും ഭരണകൂട നടപടികളും ഉണ്ടാകുന്നത് ആശങ്കയ്ക്കു വഴി തെളിയിച്ചിട്ടുണ്ട്.

..................................................................

## ക്രിസ്മസ് ആഘോഷം അലങ്കോലപ്പെടുത്തി; പലയിടത്തും അതിക്രമം

അംബാല/ഗുഹാത്തി: ക്രിസ്മസ് ആഘോഷങ്ങൾക്കിടെ രാജ്യത്ത് പലയിടത്തും സംഘർഷം, ഹരിയാനയിൽ സ്കൂളിലെ ക്രിസ്മസ് ആഘോഷം തടസപ്പെടുത്തിയതിനു പിന്നാലെ ഇന്നലെ അംബാലയിൽ ക്രിസ്തുവിൻെറ പ്രതിമ തകർത്തു. അസമിലെ സിൽച്ചാറിൽ ബജ്രംഗ്ദൾ പ്രവർത്തകർ പള്ളിയിലെ ക്രിസ്മസ് ആഘോഷം തടസപ്പെടുത്തി.

ക്രിസ്ത്യൻ മതത്തിൽപ്പെട്ടവർ ക്രിസ്മസ് ആഘോഷിക്കുന്നതിന് എതിരല്ലെന്നും എന്നാൽ, ഹിന്ദുക്കളെ ക്രിസ്മസ് ആഘോഷിക്കാൻ അനുവദിക്കില്ലെന്നും ചൂണ്ടിക്കാട്ടിയായിരുന്നു പ്രതിഷേധം. ഡിസംബർ 25 തുൾസി ദിവസ് ആയാണ് ആചരിക്കുന്നതെന്നും ഹിന്ദു യുവാക്കൾ ക്രിസ്മസ് ആഘോഷത്തിൽ പങ്കെടുത്തുന്നതിനെ എതിർക്കുമെന്നുമാണ് ബജ്രംഗ്ദളിന്റെ നിലപാട്. അതേസമയം, ആരും പരാതി നൽകാത്തതിനാൽ പൊലീസ് കേസെടുത്തിട്ടില്ല. നിസാര സംഭവമെന്നാണു പൊലീസിന്റെ നിലപാട്. കഴിഞ്ഞ വർഷവും സിൽചാറിൽ ക്രിസ്മസ് ആഘോഷം തടസപ്പെടുത്തിയിരുന്നു.

ഹരിയാനയിലെ അംബാലയിൽ ആയിരുന്നു ആക്രമണം. ഉച്ചയ്ക്ക് പന്ത്രണ്ടരയോടെ പള്ളിയുടെ മതിൽ ചാടിക്കടന്നെത്തിയ രണ്ടുപേർ ക്രിസ്തുവിന്റെ പ്രതിമ തകർക്കുകയായിരുന്നു. സംഭവത്തിൽ പരാതി ലഭിച്ചിട്ടുണ്ടെന്നും അന്വേഷണം ആരംഭിച്ചതായും പൊലീസ് അറിയിച്ചു. പള്ളിയിലെ സി.സി. ടിവി ദൃശ്യങ്ങൾ പൊലീസ് ശേഖരിച്ചിട്ടുണ്ടെങ്കിലും ആക്രമികളെക്കുറിച്ചുള്ള വിവരം ലഭിച്ചതായി സൂചനയില്ല.

കഴിഞ്ഞദിവസം ഹരിയാനയിലെ ഗുഡ്ഗാവിൽ സ്വകാര്യസ്കൂളിൽ നടന്ന ക്രിസ്മസ് ആഘോഷം ഒരു സംഘം തടഞ്ഞിരുന്നു. പ്രാദേശിക രാഷ്ട്രീയ നേതാവിന്റെ നേതൃത്വത്തിൽ ജയ്ശ്രീറാം വിളികളുമായെത്തിയ സംഘമാണ് ക്രിസമസ് ആഘോഷം തടഞ്ഞത്. (മംഗളം 27/1/2021)

www.malankaralibrary.com

# ദേശീയ ബാലാവകാശ കമ്മീഷൻ ചെയർമാനും കത്തോലിക്കാ സന്യസ്തരും തമ്മിലെന്ത്?



*ഫാ. മൈക്കിൾ പുളിക്കൽ സിഎംഐ*
*സെക്രട്ടറി, കെസിബിസി ഐക്യജാഗ്രതാ കമ്മീഷൻ*

ഭരണഘടന വിഭാവനം ചെയ്തിരിക്കുന്ന കുട്ടികളുടെ അവകാശ സംരക്ഷണ നിർദ്ദേശങ്ങളും, കുട്ടികളുടെ അവകാശങ്ങൾ സംബന്ധിച്ച ഐക്യരാഷ്ട്ര സഭയുടെ സമ്മേളനത്തിലെ മാർഗ്ഗനിർദ്ദേശങ്ങളും ഉൾക്കൊണ്ട്, 2005ലെ CPCR ആക്ട് (Commission for Protection of Child Rights Act, 2005) പ്രകാരം 2007 മാർച്ചിൽ ദേശീയ വനിതാ ശിശുക്ഷേമ മന്ത്രാലയത്തിന് കീഴിൽ പ്രവർത്തനം ആരംഭിച്ചതാണ് ദേശീയ ബാലാവകാശ കമ്മീഷൻ (NCPCR). കുട്ടികളുടെ അവകാശ സംരക്ഷണം ഉറപ്പുവരുത്തുന്നതോടൊപ്പം അവർക്കെതിരായ അതിക്രമങ്ങളിൽ ക്രിയാത്മകമായി ഇടപെടുകയുമാണ് കമ്മീഷന്റെ അടിസ്ഥാന ഉത്തരവാദിത്തങ്ങൾ. ഈ വർഷം ഒക്ടോബറിൽ രണ്ടാമത്തെ ടേമിലേയ്ക്ക് പ്രവേശിച്ചിരിക്കുന്ന പ്രിയങ്ക് കാനോങ്കോ (Priyank Kanoongo) ആണ് കമ്മീഷന്റെ ഇപ്പോഴത്തെ ചെയർമാൻ. ചുരുക്കം ചില ഇന്റർവ്യൂകൾ ഒഴിച്ചാൽ മാധ്യമശ്രദ്ധ കാര്യമായൊന്നും നേടിയിട്ടില്ലാത്ത അദ്ദേഹം അടുത്തിടെ വാർത്തകളിൽ പ്രധാനമായും നിറയുന്നത് ഒരു പ്രത്യേക വിഷയത്തിലാണ്. കത്തോലിക്കാ സന്യസ്തർ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നടത്തിവരുന്ന സ്ഥാപനങ്ങൾക്കെതിരായ അനാവശ്യവും ദുരൂഹവുമായ നടപടികളുമായി ബന്ധപ്പെട്ട വാർത്തകളാണ് അവ.

ഏറ്റവും ഒടുവിൽ, ഡിസംബർ 13ന് ഗുജറാത്തിലെ വഡോദരയിൽ മകർപുര എന്ന ഉൾപ്രദേശത്ത് മാതൃകാപരമായി പ്രവർത്തിച്ചുവരുന്ന മിഷനറീസ് ഓഫ് ചാരിറ്റി സന്യാസിനീ സമൂഹത്തിന്റെ അഗതിമന്ദിരത്തിനും, ഒരു മാസം മുമ്പ് മധ്യപ്രദേശിലെ ഇന്റ് ഖേരിയിൽ സിസ്റ്റേഴ്സ് ഓഫ് ജീസസ് സന്യാസിനീ സമൂഹം നടത്തിവന്നിരുന്ന പെൺകുട്ടികൾക്കായുള്ള ഹോസ്റ്റലിനും എതിരെ യുക്തിരഹിതമായ കുറ്റാരോപണങ്ങൾ നടത്തി കേസ് ചാർജ്ജ് ചെയ്യാൻ കാരണമായത് ദേശീയ ബാലാവകാശ കമ്മീഷൻ ചെയർമാന്റെ ദുരൂഹമായ ഇടപെടൽ മാത്രമാണ്. ഈ രണ്ട് സംഭവങ്ങൾ വളരെ സാമ്യമുള്ളവയാണ്. രണ്ട് സംസ്ഥാനങ്ങളിൽ നടന്ന രണ്ട് സംഭവങ്ങൾ തമ്മിലുള്ള സമാനത വെളിപ്പെടുത്തുന്നത് അവയുടെ ആസൂത്രിത സ്വഭാവം തന്നെയാണ്.




രണ്ട് സ്ഥാപനങ്ങളിലും മാസങ്ങൾക്ക് മുമ്പേ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ മിന്നൽ പരിശോധന നടന്നിരുന്നു. അത്തരമൊരു പരിശോധനയിൽ നിർബ്ബന്ധമായി പാലിച്ചിരിക്കേണ്ട മാനദണ്ഡങ്ങൾ പലതും പാലിച്ചിരുന്നില്ല എന്നതോടൊപ്പം, ചില മുൻവിധികളോടെയാണ് പരിശോധന നടന്നതെന്നും ദൃക്സാക്ഷികൾ വ്യക്തമാക്കുന്നു. ഇന്റ് ഖേരിയിലെ പെൺകുട്ടികൾ മാത്രമുള്ള ഹോസ്റ്റലിൽ പരിശോധന നടത്തിയത് വനിതാ ഉദ്യോഗസ്ഥരുടെയും അന്തേവാസികളുടെയും സാന്നിധ്യമില്ലാതെ നിയമവിരുദ്ധമായാണ്. പ്രസ്തുത പരിശോധനകളിൽ അവർ പ്രത്യേകമായി തെരഞ്ഞ് കണ്ടെടുത്തത് ഏതാനും ബൈബിളുകളും, പ്രാർത്ഥനാ പുസ്തകങ്ങളുമാണ്. ഇരു സ്ഥാപനങ്ങളിലും അപൂർവ്വമായുണ്ടായിരുന്ന

www.malankaralibrary.com

ക്രിസ്ത്യൻ അന്തേവാസികളുടെയും, സന്യസ്തരുടെ തന്നെയും വ്യക്തിപരമായ ഉപയോഗത്തിന് അവർ സൂക്ഷിച്ചിരുന്നവയായിരുന്നു അതൊക്കെ. ഇക്കാര്യം പ്രാഥമികാന്വേഷണത്തിൽ തന്നെ വ്യക്തമായിരുന്നെങ്കിൽ തന്നെയും ആ സ്ഥാപനങ്ങളിൽ മതപരിവർത്തനം നടക്കുന്നുണ്ട് എന്ന ആരോപണമാണ് പ്രിയങ്ക് കാനോങ്കോ തുടർന്ന് ഉന്നയിച്ചത്. അത്തരത്തിലുള്ള തന്റെ സംശയങ്ങൾ സൂചിപ്പിച്ചുകൊണ്ട് രണ്ട് അവസരങ്ങളിലും അദ്ദേഹം ജില്ലാകലക്ടർമാർക്ക് കത്ത് നൽകുകയും തുടർ അന്വേഷണവും നടപടികളും ആവശ്യപ്പെടുകയുണ്ടായിരുന്നു.

രണ്ട് സംഭവങ്ങളിലും ജില്ലാ കലക്ടർമാരുടെ നിർദ്ദേശത്തെ തുടർന്ന് ബന്ധപ്പെട്ട അധികാരികൾ (പോലീസ്, ചൈൽഡ് വെൽഫെയർ, സോഷ്യൽ വെൽഫെയർ ഉദ്യോഗസ്ഥർ തുടങ്ങിയവർ) സംയുക്തമായും അല്ലാതെയും വിശദമായ പരിശോധനകളും അന്വേഷണങ്ങളും നടത്തുകയും സ്ഥാപനങ്ങളുടെ നടത്തിപ്പിനുള്ള തങ്ങളുടെ സംതൃപ്തി സിസ്റ്റേഴ്സിനെ അറിയിക്കുകയും ചെയ്യുകയുണ്ടായി. രണ്ട് സംഭവങ്ങളിലും സന്യസ്തർ ചെയ്യുന്ന സ്തുത്യർഹമായ സേവനം കണ്ട് ബോധ്യപ്പെട്ട് തങ്ങളുടെ അഭിനന്ദനങ്ങൾ കൂടി അറിയിച്ചാണ് ചില ഉദ്യോഗസ്ഥർ മടങ്ങിയത്. അന്വേഷണങ്ങളിലോ തുടർപരിശോധനകളിലോ, അന്തേവാസികളെ ചോദ്യം ചെയ്തതിലോ അസ്വാഭാവികമായോ ആരോപണങ്ങളെ സാധൂകരിക്കുന്ന തരത്തിലോ ഒന്നുംതന്നെ കണ്ടെത്താൻ അന്വേഷകർക്ക് കഴിഞ്ഞില്ല. അക്കാര്യവും അവർതന്നെ സിസ്റ്റേഴ്സിനോട് വ്യക്തമാക്കുകയുണ്ടായി.

എന്നാൽ അപ്രതീക്ഷിതമായി ചില ദിവസങ്ങൾക്ക് ശേഷം തങ്ങൾക്കെതിരെ കേസ് എടുത്തതായാണ് ഇരു സംഭവങ്ങളിലും സിസ്റ്റേഴ്സ് അറിഞ്ഞത്. വാസ്തവവിരുദ്ധമാണെന്ന് പരിശോധകർക്ക് ബോധ്യപ്പെട്ട അതേ കുറ്റങ്ങൾതന്നെ ഇരുകൂട്ടർക്കും എതിരെ ചുമത്തപ്പെടുകയാണുണ്ടായത്. തങ്ങൾക്ക് മേലുള്ള രാഷ്ട്രീയ സമ്മർദ്ദംകൊണ്ട് കേസെടുക്കാൻ നിർബ്ബന്ധിതരായി എന്ന് പരിചയക്കാരായ ചില ഉദ്യോഗസ്ഥർ സിസ്റ്റേഴ്സിനോട് തുറന്ന് പറയുകയുണ്ടായി. ഒരുമാസം മുമ്പ് നടന്ന സംഭവവികാസങ്ങളെ തുടർന്ന് മധ്യപ്രദേശിലെ ഇന്റ്ഖേരിയിൽ, ഉൾഗ്രാമങ്ങളിലെ പാവപ്പെട്ട പെൺകുട്ടികൾക്ക് വേണ്ടി നടത്തിവന്നിരുന്ന ഹോസ്റ്റൽ പൂട്ടിയിടാൻ സന്യസ്തർ നിർബ്ബന്ധിതരായിരുന്നു. സമാനമായ നാടകീയ സംഭവങ്ങളിലൂടെ കടന്നു പോകുന്ന ഗുജറാത്തിലെ അഗതിമന്ദിരവും തങ്ങളുടെ രാഷ്ട്രീയ സ്വാധീനം ഉപയോഗിച്ച് അടച്ചുപൂട്ടിക്കാനാണ് ചിലരുടെ ശ്രമം എന്ന് വ്യക്തം. ഇവിടെ വ്യക്തമാകുന്നത്, ഉന്നത പദവികളെ തങ്ങളുടെ സ്ഥാപിത താല്പര്യങ്ങൾക്കായും ഗൂഢലക്ഷ്യങ്ങൾക്കായും വർഗ്ഗീയ ശക്തികൾ ദുരുപയോഗിക്കുന്നുണ്ടെന്നുള്ളതും, അത്തരം സ്ഥാനങ്ങളിലേയ്ക്കുള്ള നിയമനങ്ങൾ പോലും രാഷ്ട്രീയ താൽപ്പര്യങ്ങളെ മുൻനിർത്തി അവിഹിതമായി നടത്തുന്നുണ്ട് എന്നുള്ളതുമാണ്.

കത്തോലിക്കാ സന്യസ്തരുടെ നേതൃത്വത്തിൽ എല്ലാ ഇന്ത്യൻ സംസ്ഥാനങ്ങളിലും പാവപ്പെട്ടവരും അനാഥരും രോഗികളും വൃദ്ധരുമായവർക്ക് വേണ്ടി നിസ്വാർത്ഥമായി നടത്തപ്പെടുന്ന ഒട്ടേറെ ഭവനങ്ങളിൽ രണ്ടെണ്ണമാണ് മേൽപ്പറഞ്ഞവ. രണ്ടും ഉൾഗ്രാമങ്ങളിൽ വർഷങ്ങളായി പ്രവർത്തിച്ചുവന്നിരുന്നവയാണ്. അവിടെ കഴിഞ്ഞിരുന്നവർക്ക് മറ്റൊരാശ്രയവും ഇല്ല എന്നും, ഇറങ്ങിപ്പോകേണ്ടിവന്നാൽ അവരുടെ ജീവിതം തന്നെ വഴിമുട്ടുമെന്നും വ്യക്തമായി മനസിലാക്കിയ അധികാരികൾ തന്നെയാണ് അവ അടച്ചുപൂട്ടിക്കാൻ കരുക്കൾ നീക്കുന്നത്. തങ്ങളുടെ അധികാരം ഉപയോഗിച്ച് പാവപ്പെട്ടവരുടെയും അവരുടെ സംരക്ഷകരുടെയും മേലുള്ള കടന്നുകയറ്റമാണ് ഇവിടെ സംഭവിക്കുന്നത്. രാഷ്ട്രീയവും വർഗ്ഗീയവുമായ ഗൂഢലക്ഷ്യങ്ങളോടെ ചിലർ തകർക്കാൻ ശ്രമിക്കുന്നത് ആരും താങ്ങാനില്ലാത്ത അനേകായിരങ്ങളുടെ സ്വപ്നങ്ങളും പ്രതീക്ഷകളുമാണെന്ന് വ്യക്തം.

മേൽപ്പറഞ്ഞ രണ്ട് സംഭവങ്ങളിലും ദേ

www.malankaralibrary.com

ശീയ ബാലാവകാശ കമ്മീഷൻ ചെയർമാന്റെ ഇടപെടലുകളെ സ്വാഭാവികമായോ വ്യക്തി താൽപ്പര്യം കൊണ്ടുള്ളതായോ കാണാനാവില്ല. രണ്ട് അവസരങ്ങളിലും വലിയ രാഷ്ട്രീയ സമ്മർദ്ദങ്ങളും തങ്ങൾക്ക് മേൽ ഉണ്ടായിട്ടുണ്ടെന്ന് ഉദ്യോഗസ്ഥർ തന്നെ തുറന്ന് സമ്മതിക്കുമ്പോൾ ആസൂത്രിതമായ കരുനീക്കങ്ങളാണ് ഇത്തരം സംഭവങ്ങൾക്ക് പിന്നിൽ എന്ന് വ്യക്തം. ഇരു സംസ്ഥാനങ്ങളിലും നിലവിലുള്ള മതംമാറ്റ നിരോധന നിയമങ്ങളാണ് ദുരുപയോഗിക്കപ്പെട്ടിരിക്കുന്നത്. മതപരവും വർഗ്ഗീയവുമായ ചിലരുടെ അസഹിഷ്ണുത അധികാര ദുർവിനിയോഗത്തിലൂടെ വെളിപ്പെടുന്നു. അതിന് ആയുധമാകുന്നതോ, ഉദ്ദേശ്യശുദ്ധി പലപ്പോഴും ചോദ്യംചെയ്യപ്പെട്ടിട്ടുള്ള പുതിയ നിയമങ്ങളും. മതംമാറ്റ നിരോധന നിയമങ്ങൾ നടപ്പാക്കപ്പെടുകയോ, നടപ്പാക്കാൻ ഒരുക്കങ്ങൾ നടത്തുകയോ ചെയ്തിട്ടുള്ള എല്ലാ സംസ്ഥാനങ്ങളിലും ക്രൈസ്തവർക്കും കത്തോലിക്കാ സന്യസ്തർക്കും സ്ഥാപനങ്ങൾക്കും എതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചിട്ടുണ്ട് എന്ന് നിരവധി റിപ്പോർട്ടുകളുണ്ട്. ഏറ്റവും ഒടുവിലെ ഉദാഹരണങ്ങൾ കർണ്ണാടകയിൽ നാം കണ്ടുകൊണ്ടിരിക്കുന്നു.

പൂർണ്ണമായ മതസ്വാതന്ത്ര്യം ഭരണഘടന അനുവദിച്ചുനൽകിയിരിക്കുന്ന മതേതര ഇന്ത്യയിൽ, മതാധിഷ്ഠിത നിയമങ്ങൾ പ്രാബല്യത്തിലുള്ള ചില രാജ്യങ്ങളിൽ മാത്രം കണ്ടുവരുന്ന പ്രവണതകൾ അടുത്ത കാലങ്ങളിലായി പ്രകടമാകുന്നത് ആശങ്കാജനകമാണ്. ബൈബിൾ, പ്രാർത്ഥനാ ഗ്രന്ഥങ്ങൾ തുടങ്ങിയ കണ്ടെത്തുന്നതും, സ്വകാര്യ ഇടങ്ങളിൽ നടക്കുന്ന പ്രാർത്ഥനാ കൂട്ടായ്മകളും ക്രിമിനൽ കുറ്റം എന്നരീതിയിൽ വ്യാഖ്യാനിക്കപ്പെടുകയും അത്തരത്തിൽ ചില സംസ്ഥാനങ്ങളിലെ പ്രാദേശികസമൂഹങ്ങളും വർഗ്ഗീയസംഘടനകളും അവയെ പരിഗണിക്കുകയും ആക്രമണങ്ങൾ നടത്താൻ കാരണമാക്കിയെടുക്കുകയും ചെയ്യുന്നു. ഭരണഘടനാവിരുദ്ധമായ അരാജകത്വം വിവിധ ഇന്ത്യൻ സംസ്ഥാനങ്ങളിൽ അരങ്ങുവാഴുമ്പോഴും അധികാരികൾ പതിവായി നിശബ്ദത പുലർത്തുന്നത് ദുരൂഹമാണ്. ക്രൈസ്തവ സമൂഹങ്ങളും സ്ഥാപനങ്ങൾക്കും എതിരെയുള്ള അതിക്രമങ്ങൾ നാൾക്കുനാൾ വർദ്ധിക്കുന്നത് ഏറെ സന്ദേഹങ്ങൾക്ക് ഇടയാക്കുന്നുണ്ട്.

പ്രത്യേകമായി, മേൽപറഞ്ഞ രണ്ടു സംഭവങ്ങളിലും ദേശീയ ബാലാവകാശ കമ്മീഷൻ ചെയർമാൻ നേരിട്ട് ഇടപെട്ടിരിക്കുന്നതിനാൽ, കുട്ടികൾക്കും സ്ത്രീകൾക്കും വേണ്ടിയുള്ള സ്ഥാപനങ്ങൾ സംബന്ധിച്ച് ഇവിടെ സംഭവിക്കുന്നത് എന്താണെന്ന് അന്വേഷിച്ച് വ്യക്തമായ വിശദീകരണം നൽകാനും നടപടികൾ സ്വീകരിക്കാനും അതുവഴി അനേകായിരം കത്തോലിക്കാ സന്യസ്തരുടെ ആശങ്കകൾ ദുരീകരിക്കാനുമുള്ള ഉത്തരവാദിത്തം കേന്ദ്ര സർക്കാരിനും വിശിഷ്യാ, കേന്ദ്ര വനിതാ ശിശുക്ഷേമ മന്ത്രാലയത്തിനുമാണുള്ളത്. ശരിയായ രീതിയിലുള്ള ഇടപെടലുകൾ അധികാരികളുടെ ഭാഗത്തുനിന്ന് ഉണ്ടാകാത്തപക്ഷം ഇത്തരം സംഭവങ്ങൾ നൂറുകണക്കിനായ സ്ഥാപനങ്ങളുടെ നടത്തിപ്പിനെയും, ന്യൂനപക്ഷ വിഭാഗങ്ങളുടെ സ്വൈര്യ ജീവിതത്തെയും കൂടുതൽ ദോഷകരമായി ബാധിക്കുമെന്ന് നിശ്ചയം.



www.malankaralibrary.com



## വിവിധ ഇന്ത്യൻ സംസ്ഥാനങ്ങളിൽ വർദ്ധിച്ചുവരുന്ന ക്രൈസ്തവ പീഡനങ്ങൾ ആശങ്കാജനകം: കെസിബിസി

കൊച്ചി: ക്രൈസ്തവർക്ക് സമാധാനമായി ജീവിക്കാൻ കഴിയാത്ത വിധത്തിൽ വിവിധ സംസ്ഥാനങ്ങളിൽ ക്രൈസ്തവ വിരുദ്ധത പടരുന്നത് ആശങ്കാജനകമാണ്. തീവ്ര വർഗ്ഗീയ സംഘടനകളുടെ വിദ്വേഷ പ്രചരണങ്ങളും ശത്രുതാമനോഭാവവും അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷത്തിലേയ്ക്ക് ഒട്ടേറെ സംസ്ഥാനങ്ങളെ എത്തിച്ചിരിക്കുന്നു. കഴിഞ്ഞ ചില ദിവസങ്ങൾക്കിടയിൽ മാത്രം മധ്യപ്രദേശ്, ഉത്തരപ്രദേശ് ഹരിയാന, ഗുജറാത്ത്, കർണ്ണാടക തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്നും ക്രൈസ്തവർക്കെതിരെയുള്ള വിവിധ അക്രമ സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഓരോ മാസം കഴിയുംതോറും ഇത്തരം സംഭവങ്ങളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധന അധികാരികളുടെ കണ്ണ് തുറപ്പിക്കേണ്ടതാണ്.

മതേതര രാജ്യമായ ഇന്ത്യയിൽ മതത്തിന്റെ പേരിൽ വർദ്ധിക്കുന്ന അതിക്രമങ്ങളും ചില നിയമനിർമ്മാണങ്ങളും ഇന്ത്യയുടെ ഭരണഘടനയ്ക്ക് വിരുദ്ധവും രാജ്യത്തിന്റെ അഖണ്ഡതയ്ക്ക് വിള്ളൽ വീഴ്ത്തുന്നതുമാണ്. മതപരിവർത്തന നിരോധന നിയമങ്ങൾ പ്രാബല്യത്തിൽ വന്നിട്ടുള്ളതും അത്തരം നിയമങ്ങൾ പരിഗണനയിലുള്ളതുമായ ഏറെക്കുറെ എല്ലാ സംസ്ഥാനങ്ങളിലും ക്രൈസ്തവ സ്ഥാപനങ്ങൾക്കും കത്തോലിക്കാ വൈദികർക്കും സന്യസ്തർക്കും എതിരെയുള്ള അതിക്രമങ്ങൾ വലിയതോതിൽ വർദ്ധിച്ചിട്ടുണ്ട് . മിക്കവാറും ആക്രമണങ്ങൾക്ക് മുമ്പ് മതപരിവർത്തണമെന്ന വ്യാജ ആരോപണം ഉന്നയിക്കപ്പെടുകയോ, അന്യായമായി കുറ്റം ചുമത്തപ്പെടുകയോ ഉണ്ടായിട്ടുണ്ട്. ഇത്തരത്തിൽ ആസൂത്രിതമായി നടത്തപ്പെടുന്ന അക്രമങ്ങൾക്കും കെട്ടിച്ചമച്ച കേസുകൾക്കും പിന്നിൽ ചില ഗൂഢാലോചനകൾ സംശയിക്കാവുന്നതാണ്.

ക്രൈസ്തവർക്കും ക്രൈസ്തവ സ്ഥാപനങ്ങൾക്കും ഈ രാജ്യത്ത് അരക്ഷിതാവസ്ഥ അധികരിച്ചുവരുന്നതിനെ നിസ്സാരമായി തള്ളിക്കളയാനാവില്ല. ക്രൈസ്തവ പീഡനങ്ങളുടെ കാര്യത്തിൽ ഇന്ത്യ ലോകരാജ്യങ്ങളുടെ മുൻനിരയിൽ സ്ഥാനം പിടിക്കുന്നത് അപമാനകരമാണ്. ഭരണഘടന ഉറപ്പുനൽകുന്ന അവകാശങ്ങളും സുരക്ഷിതത്വവും ക്രൈസ്തവ സമൂഹത്തിനും വിവിധ സംസ്ഥാനങ്ങളിൽ സേവന നിരതരായിരിക്കുന്ന പതിനായിരക്കണക്കിന് സന്യസ്തർക്കും ഒട്ടേറെ വൈദികർക്കും അവരുടെ സ്ഥാപനങ്ങൾക്കും ഉറപ്പുവരുത്താൻ സംസ്ഥാന സർക്കാരുകളും കേന്ദ്ര സർക്കാരും നടപടികൾ സ്വീകരിക്കണം. വർഗ്ഗീയ അതിക്രമങ്ങൾ വർദ്ധിക്കുന്നതിന് കാരണമാകുന്ന വ്യാജവാർത്തകൾ, സോഷ്യൽമീഡിയയിലൂടെയുള്ള വിദ്വേഷ പ്രചരണങ്ങൾ, നിയമങ്ങളുടെ ദുരുപയോഗം തുടങ്ങിയവ നിയന്ത്രിക്കാനും, ഇത്തരം സാഹചര്യങ്ങളിൽ അതിക്രമങ്ങൾക്ക് ഇരകളാകുന്നവർക്ക് പ്രത്യേക സംരക്ഷണം നൽകാനും ഭരണാധികാരികൾ തയ്യാറാകണം. കേരളത്തിൽനിന്നുള്ള ആയിരക്കണക്കിന് സന്യസ്തരും വൈദികരും എണ്ണമറ്റ ക്രൈസ്തവ കുടുംബങ്ങളും വിവിധ സംസ്ഥാനങ്ങളിൽ ഇന്ന് ഇത്തരം ഭീഷണികളെ നേരിടുന്ന പശ്ചാത്തലത്തിൽ കേരളസർക്കാർ ഈ വിഷയത്തിൽ പ്രത്യേകമായി ഇടപെടണമെന്നും അഭ്യർത്ഥിക്കുന്നു. (29/12/2021)

## മതപരിവർത്തന നിരോധന ബിൽ കർണാടക നിയമസഭ പാസ്സാക്കി

ബെളഗാവി: പ്രതിപക്ഷ പ്രതിഷേധത്തിനിടെ കർണാടക നിയമസഭ മതപരിവർത്തന നിരോധന ബിൽ പാസാക്കി. ശബ്ദവോട്ടോടെയാണു കർണാടക പ്രൊട്ടക്ഷൻ ഓഫ് റിലീജിയൻ ബിൽ, 2021 പാസാക്കിയത്. ബിൽ ഭരണഘടനാപരവും നിയമപരവുമാണെന്നു മുഖ്യമന്ത്രി ബസവരാജ് ബൊമ്മെ പറഞ്ഞു. അതേസമയം, മതപരിവർത്തന നിരോധനബിൽ മനുഷ്യത്വ വിരുദ്ധവും ഭരണഘടനാവിരുദ്ധവുമാണെന്നു കോൺഗ്രസ് കുറ്റപ്പെടുത്തി. ജെ.ഡി.എസും ബില്ലിനെ എതിർത്തു. ബിൽ നിയമമാകണമെങ്കിൽ ലെജിസ്ളേറ്റീവ് കൗൺസിലിലും പാസാകണം. 75 അംഗ കൗൺസിലിൽ ബിജെപിക്ക് 37 അംഗങ്ങളാണുള്ളത്. സ്വതന്ത്രൻ പിന്തുണച്ചാൽ ബിൽ പാസാക്കാം.

ചൊവ്വാഴ്ചയാണു ബിൽ നിയമസഭയിൽ അവതരിപ്പിച്ചത്. ബില്ലിനെതിരേ ക്രൈസ്തവ സമൂഹം രംഗത്തെത്തിയിരുന്നു. ബിൽ പാസാക്കുന്നതോടെ തങ്ങളുടെ സ്ഥാപനങ്ങൾക്കുനേരേ ആക്രമണങ്ങൾ വർധിക്കുമെന്നു ക്രൈസ്തവസമൂഹം ഭയക്കുന്നു. ക്രൈസ്തവവിരുദ്ധ നിയമമെന്നാണു ബില്ലിനെ ബാംഗ്ളൂർ ആർച്ചുബിഷപ് ഡോ. പീറ്റർ മച്ചാഡോ വിശേഷിപ്പിച്ചത്. ക്രൈസ്തവരെ ലക്ഷ്യമിട്ടാണു ബിൽ അവതരിപ്പിച്ചതെന്നു അദ്ദേഹം കുറ്റപ്പെടുത്തി.

നിർബന്ധം, സമ്മർദം, പ്രോലഭനം എന്നിവയിലൂടെയോ മറ്റേതെങ്കിലും കപടമാർഗങ്ങളിലൂടെയോ നടത്തുന്ന മതപരിവർത്തനം തടയുന്നതാണു കർണാടക മതസ്വാതന്ത്ര്യ അവകാശസംരക്ഷണ ബിൽ 2021 ബില്ലിൽ പറയുന്ന വ്യവസ്ഥയ്ക്കു വിരുദ്ധമായി പ്രവർത്തിച്ചാൽ മൂന്നു മുതൽ അഞ്ചു വരെ വർഷം തടവും 25,000 രൂപ പിഴയും ചുമത്തും. സ്ത്രീകൾ, കുട്ടികൾ പട്ടികവിഭാഗക്കാർ എന്നിവർക്കെതിരേയാണു കുറ്റമെങ്കിൽ മൂന്നു മുതൽ പത്തുവരെ വർഷം തടവും 50,000 രൂപ പിഴയുമാണു ശിക്ഷ. (ദീപിക, 24/12/2021)

www.malankaralibrary.com



# ഒരു വലിയ വര വരച്ചാൽ മറ്റൊന്ന് ചെറുതാകുമോ?

**ബ്ലാ**ക്ക് ബോർഡിൽ ചോക്ക് കൊണ്ടൊരു വരയിട്ട ശേഷം ഒരു ടീച്ചർ കുട്ടികളോട് ആ വരയിൽ സ്പർശിക്കാതെ അതിനെ ചെറുതാക്കാനാവശ്യപ്പെട്ടു. അതെങ്ങനെ സാധിക്കും എന്നാലോചിച്ച് കുട്ടികൾ അമ്പരന്നു നിൽക്കവേ ഒരു മിടുക്കൻ എഴുന്നേറ്റു വന്നു. അവൻ ടീച്ചറിന്റെ കൈയ്യിൽ നിന്നും ചോക്ക് വാങ്ങി ബോർഡിലുള്ള വരയുടെ മുകളിലായി അതിനെ സ്പർശിക്കാതെ അതിലും വലിയ ഒരു വര വരച്ചു. അതോടെ ടീച്ചർ വരച്ച വര ചെറുതായി തീർന്നു.

അൽപ്പം ചിന്തയ്ക്ക് വക നൽകുന്ന ചെറിയൊരു കഥയാണ്. സമീപകാലങ്ങളിൽ നമുക്കിടയിൽ നടക്കുന്ന വിവിധ ചർച്ചകൾക്ക് ഈ കഥയുടെ സാരാംശവുമായി അടുത്ത ബന്ധമുണ്ട്. കൂടുതൽ വലിയ ഒരു വര സമീപത്ത് വരച്ചു എന്നതിനാൽ ആദ്യത്തെ വര യഥാർത്ഥത്തിൽ ചെറുതാകുമോ എന്നാണ് ചോദ്യം. ഇല്ല എന്ന് നമുക്കറിയാം. അതിന്റെ വലിപ്പത്തിനും പ്രാധാന്യത്തിനും ഒരു കുറവും വന്നിട്ടില്ല. താരതമ്യേന ചെറുതായി എന്ന് വേണമെങ്കിൽ പറയാം. ആ ഉത്തരം ആപേക്ഷികമാണ് താനും. കൂടുതൽ വലിയ മറ്റൊരു വര മൂന്നാമതായി വന്നാൽ രണ്ടാമത്തെ വരയും 'ചെറുതാകും'.

എന്താണ് ഇന്നത്തെ കേരളവും ഇന്ത്യമൊത്തത്തിലും നേരിടുന്ന പ്രധാന സാമൂഹിക പ്രതിസന്ധി? സമാധാനം നഷ്ടപ്പെടുത്തുന്ന വിധത്തിൽ വളർന്നുവന്നുകൊണ്ടിരിക്കുന്ന മതമൗലിക വാദവും, തീവ്രവാദ ചിന്തകളുമാണ് അത് എന്ന് വലിയ സംശയം കൂടാതെ പറയാം. പ്രധാന ചില സംഘടനകളും സമൂഹങ്ങളുമൊക്കെയായി ബന്ധപ്പെട്ടു നിൽക്കുന്ന ഈ പ്രശ്നത്തിൽ തങ്ങൾ തെറ്റുകാരല്ല, അഥവാ മറുപക്ഷമാണ് യഥാർത്ഥ തെറ്റുകാർ എന്ന് സ്ഥാപിക്കാനുള്ള ശ്രമങ്ങൾ സ്വാഭാവികമായും ഉണ്ടാവുമല്ലോ. അവിടെയാണ് വലിയ വരയുടെയും ചെറിയ വരയുടെയും കളി ആരംഭിക്കുന്നത്.

ഇന്ത്യയുടെ പൊതുവായ പശ്ചാത്തലത്തിൽ വിവിധ സംസ്ഥാനങ്ങളിലെ സ്ഥിതി വിവരക്കണക്കുകൾ പരിശോധിച്ചാൽ ഹിന്ദുത്വ വാദികൾ ഉയർത്തുന്ന വെല്ലുവിളികളും അവർ നേതൃത്വം നൽകുന്ന അക്രമ സംഭവങ്ങളും പ്രധാനപ്പെട്ട പ്രതിസന്ധി തന്നെയാണ്. എന്നാൽ, കേരളത്തിൽ ഹിന്ദുത്വവാദികൾ ഇനിയും സജീവമല്ലാത്തതിനാലും നേരെമറിച്ച് ഇസ്ലാമിസ്റ്റ് മതമൗലികവാദികൾ സജീവമായതിനാലും അത്തരം പ്രതിസന്ധികളാണ് പ്രധാനം. എന്നാൽ, ഇരുകൂട്ടരുടെയും സൈബർ വിംഗുകൾ സമൂഹമാധ്യമങ്ങളിലും വക്താക്കൾ മുഖ്യധാരാ മാധ്യമങ്ങളിലും സജീവമായതിനാൽ തങ്ങളുടെ പക്ഷം ന്യായീകരിക്കാൻ ഇരുകൂട്ടരും പരമാവധി ശ്രമിച്ചുകൊണ്ടേയിരിക്കുന്നു. ഹിന്ദുത്വ പ്രത്യയശാസ്ത്രങ്ങളിലൂന്നിയ സംഘടനകളും രാഷ്ട്രീയ പ്രസ്ഥാനങ്ങളും കേരളത്തിൽ വേരുറപ്പിക്കാൻ കഠിന പരിശ്രമം നടത്തിക്കൊണ്ടിരിക്കുന്ന കാലമായതിനാൽ, മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന വാർത്തകളെല്ലാം തട്ടിപ്പാണെന്നും യഥാർത്ഥ പ്രശ്നം ഇസ്ലാമിക മതമൗലിക വാദവും അനുബന്ധ തീവ്രവാദവുമാണെന്നും അവർ ആവർത്തിച്ചുകൊണ്ടിരുന്നു.

അതേസമയം, ഭൂരിപക്ഷം സംസ്ഥാനങ്ങളിലും വർഗ്ഗീയത വിഷയമാക്കിയ അക്രമ സംഭവങ്ങൾ സമീപകാലങ്ങളിലായി സമൃദ്ധമായി നടക്കുന്നതിനാൽ, യഥാർത്ഥ പ്രശ്നക്കാർ തങ്ങളല്ല, ഹിന്ദുത്വവാദികളാണെന്നും തങ്ങൾക്കെതിരെ ഉയരുന്നത് അവർ കെട്ടിച്ചമയ്ക്കുന്ന ആരോപണങ്ങളാണെന്നും ഇസ്ലാമിക സംഘടനാ വക്താക്കളും സൈബർ പോരാളികളും



www.malankaralibrary.com

സകല മാധ്യമ സംവിധാനങ്ങളും രാഷ്ട്രീയ സ്വാധീനങ്ങളും ഉപയോഗിച്ച് സ്ഥാപിക്കാൻ ശ്രമിക്കുകയും അതിൽ അവർ കുറെയൊക്കെ വിജയിക്കുകയും ചെയ്യുന്നു. കേരളത്തിന്റെ പശ്ചാത്തലത്തിൽ 'ബുദ്ധിജീവി' ഇടങ്ങളെയും, സാമൂഹിക സേവന, ചാരിറ്റി, ചികിത്സാ മേഖലകളുടെ പരസ്യ സാധ്യതകളെയും മുഖ്യധാരാ മാധ്യമങ്ങളിൽ ചിലതിനെയും വിദഗ്ദമായി ഉപയോഗിക്കാൻ ജമാഅത്തെ ഇസ്ലാമി പോലുള്ള വലതുപക്ഷ ഇസ്ലാമിക സംഘടനകൾക്ക് കഴിഞ്ഞിരിക്കുന്നതിനാൽ തങ്ങൾ പറയുന്നത് വാസ്തവമാണെന്ന് അനേകരെ വിശ്വസിപ്പിക്കാനും, തങ്ങൾക്കുവേണ്ടി മത വ്യത്യാസമില്ലാതെ അനേകരെ രംഗത്തിറക്കാനും അവർക്ക് കഴിഞ്ഞിട്ടുണ്ട്.




ആർഎസ്എസ് ഉൾപ്പെടെയുള്ള കേരളത്തിലെ ഹിന്ദുത്വ സംഘടനകൾക്ക് തങ്ങൾ മതേതരവാദികളും നിഷ്പക്ഷരുമാണെന്ന് ആരെയെങ്കിലും ബോധ്യപ്പെടുത്താൻ ഇനിയും കഴിഞ്ഞിട്ടില്ല. ആരെങ്കിലും അവരുടെ പക്ഷം ചേർന്ന് സംസാരിച്ചാൽ ഉടനടി 'സംഘി' എന്ന പേര് ചാർത്തപ്പെടുന്നതിന് പിന്നിലെ യുക്തി അതാണ്. അതേസമയം, ഇസ്ലാമിക ഭാഷ്യം ആര് ഏറ്റെടുത്താലും അയാൾ മതേതരവാദിയും നിഷ്പക്ഷ ചിന്തകനുമായി വാഴ്ത്തപ്പെടുകയും 'ബുദ്ധിജീവി'യായി പരിഗണിക്കപ്പെടുകയും ചെയ്യുന്നു. ഈ ഇരുപത്തൊന്നാം നൂറ്റാണ്ടിലെ കേരളത്തിലെ വലിയ വൈരുദ്ധ്യങ്ങളിൽ ഒന്നാണത്. വളരെ ആസൂത്രിതമായും തന്ത്രപരമായും സൃഷ്ടിക്കപ്പെട്ട മതേതര മുഖംമൂടികളും മതേതരത്വം മുഖമുദ്രയാക്കി സൃഷ്ടിച്ചെടുത്ത മാധ്യമ – സാമൂഹികമാധ്യമ – പൊതു വേദികളും ഇക്കാര്യത്തിന് ഇക്കൂട്ടരെ സഹായിക്കുന്നുണ്ട്. അത്തരമൊരു പ്രതിച്ഛായ പൊതുസമൂഹത്തിൽ അടിച്ചുറപ്പിക്കുന്നതിൽ ഒരുപരിധിവരെ വിജയിച്ചിരിക്കുന്നു എന്നുള്ളതാണ് പ്രസക്തമായ കാര്യം.

ഭൂരിപക്ഷ – ന്യൂനപക്ഷ വർഗ്ഗീയതകളും ചെറുതും വലുതുമായ മൗലിക ചിന്തകളും അതിനെ പിന്താങ്ങുന്ന പ്രത്യയശാസ്ത്രങ്ങളും ഒന്നുപോലെ എതിർക്കപ്പെടുകയും ബഹിഷ്കരിക്കപ്പെടുകയും ചെയ്യേണ്ടതാണ്. ഇന്ത്യയുടെ ഭരണഘടനയിൽ അത്തരം പ്രത്യയശാസ്ത്രങ്ങൾക്ക് രാഷ്ട്രീയവും സാമൂഹികവുമായ നിലനിൽപ്പില്ല. വളർന്നുവരുന്നതും, പടർന്ന് പന്തലിച്ച് വിഷഫലങ്ങൾ പുറപ്പെടുവിക്കുന്നതുമായ എല്ലാവിധ വർഗ്ഗീയ സംവിധാനങ്ങളെയും പിഴുതെറിയാനുള്ള ഉത്തരവാദിത്തം ഭരണകൂടത്തിനും അകറ്റി നിർത്താനുള്ള കടമ ഓരോ വ്യക്തികൾക്കുമുണ്ട്. കൂടുതൽ ബോധപൂർവ്വവും ഉറപ്പോടെയും വർഗ്ഗീയ പ്രവണതകൾക്കെതിരെ സംഘടിക്കാൻ മതേതര സമൂഹം മുന്നോട്ടുവരേണ്ട കാലമാണിത്.

ഒരു വിഭാഗത്തിൽപ്പെട്ട മൗലികവാദ ചിന്തകളെ പ്രതിരോധിക്കാൻ അത്തര

www.malankaralibrary.com

ത്തിലുള്ള മറ്റൊന്നിനെ ഉപകാരണമാക്കുക എന്നുള്ളതാണ് ഇക്കാലത്ത് പ്രചരിക്കുന്ന വിചിത്രമായ മറ്റൊരാശയം. അത്തരമൊരു ആശയത്തിന്റെ സാംഗത്യം വളരെ ലളിതമാണ്. ഇന്ന് നാം ചർച്ച ചെയ്യുന്ന, പരസ്പരം ഏറ്റുമുട്ടുന്ന രണ്ട് വ്യത്യസ്ത മതമൗലിക വാദങ്ങളും സ്ഥാപിക്കാൻ ശ്രമിക്കുന്നത് തങ്ങളുടെ ലക്ഷ്യം മറുഭീകരതയെ ചെറുത്ത് തോൽപ്പിക്കുക എന്നുള്ളതാണ്. ജമാഅത്തെ ഇസ്ലാമിക്ക് ബദലായി മുസ്ലീം ഭീകരതയ്ക്കെതിരെ പോരാടാനാണ് ആർഎസ്എസ് സ്ഥാപിക്കപ്പെട്ടതെന്ന് ഹിന്ദുത്വവാദികൾ സ്ഥാപിക്കുകയും അക്കാര്യം അനേകരെ വിശ്വസിപ്പിക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ, ഇക്കഴിഞ്ഞ ഒരു വർഷം മാത്രം വിവിധ സംസ്ഥാനങ്ങളിലായി നൂറുകണക്കിന് ആക്രമണങ്ങൾ ക്രൈസ്തവർക്കെതിരെ നടന്നിരിക്കുന്നതിന് പിന്നിൽ ഹിന്ദുത്വ സംഘടനകളാണെന്ന വാസ്തവത്തെ മുഖവിലയ്ക്കെടുക്കാൻ അത്തരം വാദങ്ങൾ കണ്ണടച്ച് വിശ്വസിക്കുന്നവർ മടികാണിക്കുന്നു.

ഹിന്ദുത്വ സംഘടനകളുടെ ഭീകരതയെ തൊട്ടറിയുന്നവർക്ക് വളരെ എളുപ്പമാണ് ഇസ്ലാമിക സംഘടനകളുടെ വക്താക്കൾ ഉന്നയിക്കുന്നവാദം കണ്ണടച്ച് വിശ്വസിക്കാൻ. എന്നാൽ, ഇടവേളകളില്ലാതെ ഇവിടെ നടന്നുവരുന്ന അക്രമ സംഭവങ്ങളും, മാനുഷിക ബുദ്ധിക്ക് പെട്ടെന്ന് ഗ്രഹിക്കാൻ കഴിയാത്ത വിധത്തിലുള്ള തന്ത്രങ്ങളുടെ ആസൂത്രണവും നടത്തിപ്പും, വിവിധ ലോകരാജ്യങ്ങളിൽ ലൈവായി കണ്ടുകൊണ്ടിരിക്കുന്ന എണ്ണമറ്റ സംഭവങ്ങളും മുതൽ, ഒട്ടേറെപ്പേർ ഐസിസ് പോലുള്ള ഭീകര സംഘടനകളിൽ പ്രവർത്തിക്കാൻ കേരളത്തിൽനിന്നുപോലും റിക്രൂട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്ന വിശ്വസനീയമായ വാർത്തയും വരെ ഇസ്ലാമിക ഭീകരതയ്ക്ക് കേരളത്തിലെ മണ്ണിലുള്ള വേരോട്ടത്തെ നൂറുതവണ ശരിവയ്ക്കുന്നു. അതിനെ ചോദ്യം ചെയ്യുമ്പോഴോ എതിർത്ത് സംസാരിക്കുമ്പോഴോ ഉടനടി കാണപ്പെടുന്ന പ്രാതിഭാസികമായ പ്രതികരണരീതികളും, മിനിറ്റുകൾക്കൊണ്ട് രൂപപ്പെടുന്ന നൂറുകണക്കിനായ അക്രമിക്കൂട്ടങ്ങളും സമീപകാലങ്ങളിലെ പതിവ് കാഴ്ചകളിൽ ചിലതാണ്.

ഒരു വര കൂടുതൽ നീട്ടി വരച്ചതുകൊണ്ടുമാത്രം മറ്റൊന്നിനെ ചെറുതെന്ന് സ്ഥാപിക്കാൻ കഴിയില്ല എന്നും, എല്ലാ കാഴ്ചകളെയും കണ്ട് വാസ്തവം ഗ്രഹിക്കാൻ കഴിവുള്ള കുറച്ചുപേർ ഇന്നും അവശേഷിക്കുന്നുണ്ട് എന്നുള്ളതും തിരിച്ചറിഞ്ഞ് കാപട്യങ്ങളിൽനിന്ന് പിന്തിരിയാൻ വർഗ്ഗീയ വാദികൾ തീരുമാനിക്കുന്നിടത്തായിരിക്കും മതേതര ഇന്ത്യ ജയിച്ചു തുടങ്ങുന്നത്. ആ ജയത്തിന് ആവശ്യം ഒന്ന് മാത്രം, തിരിച്ചറിവ്.



www.malankaralibrary.com



# സൈബർ ടെററിസം കേരളത്തിൽ പിടിമുറുക്കുന്നു

**കഴിഞ്ഞയിടെ പിടിക്കപ്പെട്ട സമാന്തര ഫോൺ എക്സ്ചേഞ്ച് പ്രതികൾക്ക് മേൽ സൈബർ ടെററിസം പ്രതിരോധിക്കാനുള്ള ഇൻഫർമേഷൻ ടെക്നോളജി ആക്ടിലെ 66 എഫ് എന്ന വകുപ്പ് ചുമത്തി കേരളാപോലീസ്.**

സമാന്തര ടെലിഫോൺ എക്സ്ചേഞ്ച് സംബന്ധമായ വാർത്തകൾ കേരളത്തിലെ മാധ്യമങ്ങളിൽ ഇടംപിടിച്ചിട്ട് ഏറെക്കാലമായില്ല. പക്ഷെ വളരെ വർഷങ്ങൾക്ക് മുമ്പ് മുതൽ ഔദ്യോഗിക ടെലിഫോൺ നെറ്റ്വർക്കുകളുടെ അന്തർദേശീയ ഗേറ്റ്വേകൾ ഒഴിവാക്കി കുറഞ്ഞ ചെലവിൽ ഫോൺ വിളിക്കാനുള്ള നിയമവിരുദ്ധ സംവിധാനങ്ങൾ പലതുണ്ടായിരുന്നു. ISD കോളുകൾക്ക് വലിയ പണച്ചെലവുണ്ടായിരുന്ന ഒരു കാലത്ത് വിദേശ രാജ്യങ്ങളിൽ, പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിൽ ജോലിചെയ്തിരുന്ന സാധാരണക്കാരായ മലയാളികൾ നാട്ടിലേയ്ക്ക് കുറഞ്ഞ ചെലവിൽ വിളിക്കാനായി ഇത്തരം സംവിധാനങ്ങൾ ഉപയോഗിച്ചിരുന്നത് നമുക്കറിയാം. എന്നാൽ, കഴിഞ്ഞ ചില വർഷങ്ങൾക്കിടയിൽ ഇന്റർനാഷണൽ കോളുകളുടെ റേറ്റ് വളരെ താഴുകയും കൂടുതൽ സൗകര്യപ്രദമായ മറ്റു ധാരാളം സംവിധാനങ്ങൾ ലഭ്യമാവുകയും ചെയ്തു. വാട്ട്സ്ആപ്പ് കോൾ, ഫേസ്ബുക്ക് മെസഞ്ചർ, ആപ്പിൾ ഫോണുകൾക്കിടയിൽ സൗജന്യമായി ഉപയോഗിക്കാൻ കഴിയുന്ന ഫേസ്ടൈം തുടങ്ങിയവ ഉദാഹരണങ്ങളാണ്. മികച്ച ക്വാളിറ്റിയിൽ നേരിൽ കണ്ടു സംസാരിക്കാൻ പ്രത്യേകിച്ച് പണച്ചെലവില്ല എന്ന ഇന്നത്തെ സാഹചര്യത്തിൽ (അപൂർവ്വം ചില രാജ്യങ്ങളിൽ ഇത്തരം സംവിധാനങ്ങൾക്ക് വിലക്കുണ്ട്) നിയമവിരുദ്ധമായി സമാന്തര ടെലിഫോൺ എക്സ്ചേഞ്ചുകൾ നമുക്കിടയിൽ ധാരാളമായി പ്രവർത്തിക്കുന്നു എന്ന യാഥാർഥ്യം മറ്റുചില സൂചനകളാണ് നൽകുന്നത്. കേരളത്തിൽ സൈബർ തീവ്രവാദത്തിന്റെ കണ്ണികൾ സജീവമാണ് എന്നതാണത്.

സൈബർ തീവ്രവാദം എന്നാൽ മറ്റ് തീവ്രവാദ പ്രവർത്തനങ്ങളിൽ നിന്ന് സ്വതന്ത്രമായ മറ്റൊന്നല്ല. അടിസ്ഥാനപരമായി വിവിധ തീവ്രവാദ പ്രവർത്തനങ്ങൾക്കുള്ള സൗകര്യം ഒരുക്കി നൽകലാണ് അത്. തീവ്രവാദികൾ തമ്മിലുള്ള ആശയവിനിമയം ട്രാക്ക് ചെയ്ത് കുറ്റം തടയാനും കുറ്റവാളികളെ കണ്ടെത്താനുമുള്ള സാദ്ധ്യതകൾ അത് ഇല്ലാതാക്കുന്നു. അത്തരം പ്രവർത്തനങ്ങളുടെ ഭാഗമായി ഔദ്യോഗിക സംവിധാനങ്ങൾക്കുള്ളിൽ ഹാക്കിംഗ് വഴി അതിക്രമിച്ചു കടന്ന് തകരാറു വരുത്തുന്നതും വിവരങ്ങൾ ചോർത്തുന്നതും സൈബർ ടെററിസത്തിന്റെ




www.malankaralibrary.com

പരിധിയിൽ വരുന്ന കുറ്റകൃത്യങ്ങളാണ്. സമാന്തര ടെലിഫോൺ എക്സ്ചേഞ്ചുകൾ ഇന്റർനെറ്റ് സംവിധാനങ്ങൾ ഉപയോഗിച്ചാണ് പ്രവർത്തിക്കുന്നത് എന്നതിനാൽ തീവ്രവാദ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കപ്പെടുന്ന പക്ഷം സൈബർ ടെററിസത്തിന്റെ നിർവചനത്തിൽ അതും ഉൾപ്പെടും.

സൈബർ ടെററിസത്തെ പ്രതിരോധിക്കുന്നതിനായി 2000ത്തിലെ ഇൻഫർമേഷൻ ടെക്നോളജി ആക്ടിൽ 66 എഫ് എന്ന വകുപ്പ് കൂട്ടിച്ചേർക്കപ്പെട്ടിട്ടുണ്ട്. അതനുസരിച്ച് ഇത്തരം കുറ്റകൃത്യങ്ങൾ തെളിയിക്കപ്പെട്ടാൽ ജീവപര്യന്തം തടവ് ശിക്ഷ ലഭിക്കാം. കഴിഞ്ഞ ദിവസം പുറത്തുവന്ന വാർത്തകൾ പ്രകാരം, കേരളത്തിൽ കഴിഞ്ഞയിടെ പിടിക്കപ്പെട്ട സമാന്തര ഫോൺ എക്സ്ചേഞ്ച് പ്രതികൾക്ക് മേൽ ഈ വകുപ്പ് ചുമത്തപ്പെട്ടിട്ടുണ്ട്. കോഴിക്കോട്, ബംഗളൂരു സമാന്തര എക്സ്ചേഞ്ച് കേസുകളിലെ പ്രതിയായ ഇബ്രാഹിം എന്ന വ്യക്തി 168 പാക്കിസ്ഥാൻ പൗരന്മാരുമായി ബന്ധപ്പെട്ടതിന്റെ തെളിവുകൾ പോലീസിന് ലഭിച്ചിട്ടുള്ളതായാണ് റിപ്പോർട്ടുകൾ. പാക്കിസ്ഥാൻ, ചൈന സ്വദേശികൾക്ക് ഇന്ത്യയിലേക്കുള്ള 'റൂട്ട്' വിൽപ്പന നടത്തിയിട്ടുണ്ടെന്ന് അയാൾ മൊഴി നൽകുകയും ചെയ്തിട്ടുണ്ട്. ഇത്തരം റൂട്ടുകൾ വിൽപ്പന നടന്നിരിക്കുന്നത് ചാരപ്രവർത്തനങ്ങളും തീവ്രവാദ പ്രവർത്തനങ്ങളും ഇവിടെ നടക്കുന്നതിന്റെ തെളിവുകളാണ്. സമാന്തര എക്സ്ചേഞ്ചുകൾക്ക് ആവശ്യമായ നൂറുകണക്കിന് സിംകാർഡുകളിൽ പലതും വ്യാജ ആധാർകാർഡുകൾ നിർമ്മിച്ച് കൃത്രിമമായി സമ്പാദിച്ചിട്ടുള്ളതും ബംഗാൾ, ജാർഖണ്ഡ് സ്വദേശികളുടെ പേരിൽ ഉള്ളവയുമാണ്. ഈ സംഭവത്തിൽ ജുറൈസ് എന്ന വ്യക്തിയാണ് വ്യാജ ആധാർകാർഡ് നിർമ്മിച്ചിട്ടുള്ളതായി മൊഴി നൽകിയിരിക്കുന്നത്.

സമാനമായ നിരവധി കേസുകൾ എൻഐഎ, മിലിട്ടറി ഇന്റലിജൻസ് തുടങ്ങിയ ഏജൻസികളുടെ അന്വേഷണത്തിലാണ് എന്നുള്ള റിപ്പോർട്ടുകളുമുണ്ട്. കോഴിക്കോടും പാലക്കാടും മലപ്പുറത്തും ഇത്തരം കേസുകൾ പിടിക്കപ്പെട്ടിട്ടുണ്ട്. ഏതാനും മാസങ്ങൾക്ക് മുമ്പ് പാലക്കാട് ഒരു ആയുർവേദ കടയുടെ മറവിൽ നടന്നുവന്നിരുന്ന സമാന്തര ടെലിഫോൺ എക്സ്ചേഞ്ച് ആണ് രഹസ്യ വിവരത്തെ തുടർന്ന് പിടിക്കപ്പെടുന്നത്. ഇനിയും പിടിക്കപ്പെടാതെ തുടരുന്ന ഇത്തരം സംവിധാനങ്ങൾ അനവധിയുണ്ടെന്ന് തീർച്ച. ഇത്തരമൊരു സംവിധാനം ഒരുക്കുന്നതിന് ആവശ്യമായ ഉപകരണങ്ങൾ വളരെ എളുപ്പത്തിൽ ഓൺലൈൻ ഷോപ്പുകളിൽനിന്നും മറ്റും വാങ്ങാവുന്നവയാണ് എന്നുള്ളതാണ് വാസ്തവം. ഇത്തരം കാര്യങ്ങൾ അന്വേഷണങ്ങൾ ദുഷ്കരമാക്കുകയും തീവ്രവാദികളുടെ പ്രവർത്തനങ്ങൾ എളുപ്പമുള്ളതാക്കുകയും ചെയ്യുന്നു.

അതീവഗുരുതരമായ ഒരു സാഹചര്യത്തിലൂടെയാണ് നാം കടന്നുപോകുന്നത് എന്നുള്ളതിന്റെ ഏറ്റവും പുതിയ തെളിവാണ് സൈബർ ടെററിസം സംബന്ധിച്ച് കേരളാപോലീസ് നടത്തിയ വെളിപ്പെടുത്തലുകൾ. തീവ്രവാദ പ്രവർത്തനങ്ങളും, സ്ലീപ്പർ സെല്ലുകളും കേരളത്തിൽ സജീവമാണ് എന്നുള്ള വെളിപ്പെടുത്തലുകൾ പലപ്പോഴും ഉണ്ടായിട്ടും വേണ്ടത്ര മാധ്യമ ശ്രദ്ധപോലും ആ വിഷയത്തിൽ ഉണ്ടായിട്ടില്ലാത്ത സാഹചര്യവും, തീവ്രവാദ പ്രവർത്തനങ്ങൾ സംബന്ധിച്ച മുന്നറിയിപ്പുകൾ നൽകുന്നവർ കുറ്റപ്പെടുത്തലുകൾ നേരിടേണ്ടിവരുന്ന വൈരുദ്ധ്യവുമാണ് ഇന്നത്തെ കേരളത്തിലെ മറ്റുചില നേർക്കാഴ്ചകൾ. ജനങ്ങളുടെ ആശങ്കകൾ നീക്കാനും, സമഗ്രമായ അന്വേഷണങ്ങൾ നടത്തി തീവ്രവാദ പ്രവർത്തനങ്ങളുടെ വേരുകളും ശിഖരങ്ങളും കണ്ടെത്തി മുറിച്ചുനീക്കാനും സർക്കാർ ഇനിയെങ്കിലും തയ്യാറാകാത്തപക്ഷം നമ്മെ കാത്തിരിക്കുന്നത് തീരെയും ശുഭകരമല്ലാത്ത ഒരു ഭാവി ആയിരിക്കുമെന്ന് തീർച്ച.



www.malankaralibrary.com



## ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ വർദ്ധിക്കുന്ന വർഗ്ഗീയ അതിക്രമങ്ങൾ: സർക്കാർ ഇടപെടൽ അനിവാര്യം

സാഗർ രൂപതയുടെ പരിധിയിലുള്ള ഗഞ്ച് ബസോദയിലുള്ള സെന്റ് ജോസഫ് സ്കൂൾ ആക്രമിക്കപ്പെട്ട സംഭവം ഒരുമാസത്തിനിടെ ക്രൈസ്തവ സ്ഥാപനങ്ങൾക്ക് എതിരെ മധ്യപ്രദേശിൽമാത്രം നടന്ന നാലാമത്തെ അതിക്രമമാണ്. പതിവുപോലെ വ്യാജപ്രചാരണങ്ങളും വ്യാജവാർത്തകളുമാണ് ഇവിടെയും ആൾക്കൂട്ടത്തെ ഇളക്കിവിട്ട് അക്രമണത്തിന് വഴിയൊരുക്കിയത്. അടിസ്ഥാനരഹിതമായ ദുരാരോപണങ്ങൾ സമൂഹ മാധ്യമങ്ങൾ വഴിയായി പ്രചരിപ്പിക്കപ്പെട്ടതിനെത്തുടർന്ന് ഡിസംബർ ആറ് തിങ്കളാഴ്ച ഉച്ചയോടെ ബജ്റംഗ്ദൾ, വിശ്വഹിന്ദു പരിഷത്ത് പ്രവർത്തകരായ നൂറുകണക്കിന് അക്രമികളാണ് സെന്റ് ജോസഫ് സ്കൂളിലേയ്ക്ക് അതിക്രമിച്ചുകയറി ആക്രമണം അഴിച്ചുവിട്ടത്. സ്കൂളിന്റെ ഗേറ്റും മതിലും ജനലുകളും വാതിലുകളും വാഹനങ്ങളും തകർത്ത അക്രമികൾ കടുത്ത ഭീകരാന്തരീക്ഷമാണ് സൃഷ്ടിച്ചത്. മുമ്പ് പല അവസരങ്ങളിലും സംഭവിച്ചതുപോലെ മതപരിവർത്തനമെന്ന കുറ്റമാണ് ഇവിടെയും ആരോപിക്കപ്പെട്ടിരുന്നത്. ആക്രമണത്തിന് വർഗീയ സംഘടനകൾ പദ്ധതിയിടുന്നതായി മനസിലാക്കിയ സ്കൂൾ അധികൃതർ ജില്ലാ ഭരണകൂടത്തിനും പോലീസ് അധികാരികൾക്കും പരാതി നൽകിയിരുന്നെങ്കിലും ഫലമുണ്ടായില്ല. അക്രമികളെ തടയാനോ അക്രമം ഒഴിവാക്കാനോ വ്യാജപ്രചാരണങ്ങളിൽ ഇടപെടാനോ അധികൃതർ ശ്രമിക്കാതിരുന്നത് ദുരൂഹത വർദ്ധിപ്പിക്കുന്നു. ഇത്തരം അതിക്രമങ്ങൾ ദിനം പ്രതി ഉയരുന്ന ഇന്നത്തെ ഉത്തരേന്ത്യൻ സാഹചര്യങ്ങളിൽ ക്രിയാത്മകമായ സർക്കാർ ഇടപെടലുകൾ അനിവാര്യമാണ്. ആർക്കും എന്തു വിധത്തിലുള്ള വ്യാജവാർത്തകളും സമൂഹമാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കാനും കലാപങ്ങൾ സൃഷ്ടിക്കാനും കഴിയുമെന്ന സ്ഥിതിക്ക് മാറ്റം ആവശ്യമാണ്. ഇന്ത്യയുടെ ചരിത്രത്തിൽ ഇന്നോളവും കാത്തുപാലിക്കപ്പെട്ടു പോന്നിട്ടുള്ള മതനിരപേക്ഷതയും സാമുദായിക സൗഹാർദ്ദവും ഇല്ലാതാക്കാനുള്ള തൽപരകക്ഷികളുടെ ഗൂഢശ്രമങ്ങളെ വേണ്ടിവന്നാൽ നിയമ നിർമ്മാണത്തിലൂടെ ഫലപ്രദമായി പ്രതിരോധിക്കാൻ കേന്ദ്ര സംസ്ഥാന സർക്കാരുകൾ തയ്യാറാകണം. ഐടി റൂൾസ് 2021 ശരിയായ രീതിയിൽ പ്രാബല്യത്തിൽ കൊണ്ടുവന്ന് സമൂഹമാധ്യമങ്ങളുടെ ദുരുപയോഗത്തെ നിയന്ത്രിക്കാനുള്ള നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ സർക്കാരുകൾ സ്വീകരിക്കുകയും കുറ്റവാളികൾ മാതൃകാപരമായി ശിക്ഷിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുകയും വേണം. രാജ്യത്തിന്റെ സമാധാനം കെടുത്തുന്ന മതമൗലികവാദത്തിന്റെയുംതീവ്രവാദത്തിന്റെയും വേരോട്ടത്തെ നിയന്ത്രിക്കാനുള്ള വലിയ ഉത്തരവാദിത്തം അതർഹിക്കുന്ന ഗൗരവത്തോടെ സർക്കാരുകൾ ഏറ്റെടുക്കുകയും, സാധാരണക്കാർക്ക് സ്വൈര്യ ജീവിതവും, ന്യൂനപക്ഷ സമുദായങ്ങൾക്ക് പ്രവർത്തന സ്വാതന്ത്ര്യവും ഉറപ്പുവരുത്തുകയും വേണം. (7/12/2021)



www.malankaralibrary.com

## ക്രൈസ്തവ ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ സർക്കാരിനെ ബോധ്യപ്പെടുത്തും: ജസ്റ്റീസ് ജെ.ബി കോശി

ആലപ്പുഴ: കേരളത്തിലെ ക്രൈസ്തവസമൂഹങ്ങളിൽ ലത്തീൻ കത്തോലിക്കർ, ദലിത് ക്രൈസ്തവർ, മത്സ്യത്തൊഴിലാളികൾ, മലയോര കർഷകർ എന്നിവരുടെ പ്രശ്നങ്ങൾ പ്രത്യേകമായി പഠിച്ച് സർക്കാരിനെ ബോധ്യപ്പെടുത്തുമെന്ന് ക്രൈസ്തവ ന്യൂനപക്ഷാവകാശ കമ്മീഷൻ ചെയർമാൻ ജസ്റ്റീസ് ജെ.ബി കോശി. കേരളത്തിലെ ലത്തീൻ രൂപതകളിലെ മെത്രാന്മാരുമായി കമ്മീഷൻ അംഗങ്ങളായ ജസ്റ്റീസ് ജെ.ബി. കോശി ഡോ. ജേക്കബ് പുന്നൂസ്, ഡോ. ക്രിസ്റ്റി ഫെർണാണ്ടസ് എന്നിവർ നടത്തിയ ചർച്ചയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

പ്രശ്നങ്ങളെ ആഴത്തിലും പരപ്പിലും ഗൗരവത്തോടെയാണ് കമ്മീഷൻ പഠിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. ലത്തീൻ കത്തോലിക്കരെ ക്രൈസ്തവർക്കിടയിലെ പിന്നാക്ക ന്യൂനപക്ഷമായി പ്രത്യേകം പരിഗണിക്കണമെന്ന് കെആർഎൽസിബിസി പ്രസിഡന്റ് ബിഷപ്പ് ഡോ. ജോസഫ് കരിയിൽ ആവശ്യപ്പെട്ടു. പിന്നാക്ക ക്രൈസ്തവർക്കുള്ള സ്കോളർഷിപ്പ് നീതിപൂർവകമായി നൽകണം. പുതുതായി കൊണ്ടുവരുന്ന ക്രിസ്ത്യൻ വിവാഹ നിയമത്തിൽ ആശങ്കയുണ്ട്. അതിന്റെ ഉദ്ദേശ്യം എന്തെന്നു മനസിലാകുന്നില്ല. പ്രഫഷണൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലത്തീൻ കത്തോലിക്കാ പെൺകുട്ടികൾക്ക് സ്കോളർഷിപ്പ് ലഭ്യമാക്കണമെ ന്നും ബിഷപ്പ് ഡോ. ജോസഫ് കരിയിൽ ആവശ്യപ്പെട്ടു.

ആർച്ച്ബിഷപ്പുമാരായ ഡോ. എം. സൂസപാക്യം, ഡോ. ജോസഫ് കളത്തിൽ, ഡോ. ഫ്രാൻസിസ് കല്ലറയ്ക്കൽ, ബിഷപ്പുമാരായ ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ, ഡോ. സെബാസ്റ്റ്യൻ തെക്കച്ചേരിൽ, ഡോ. വിൻസന്റ് സാമുവൽ, ഡോ.വർഗീ ചക്കാലക്കൽ, ഡോ.അലക്സ് വടക്കുംതല, ഡോ. ആർ. ക്രിസ്തുദാസ്, ഡോ. ജെയിംസ് ആനാപറമ്പിൽ, ഫാ തോമസ് തറയിൽ, ജോസഫ് ജൂഡ്, മോൺ. ജോയി പുത്തൻവീട്ടിൽ പുഷ്പ ക്രിസ്റ്റി തുടങ്ങിയവർ പങ്കെടുത്തു. (8/01/2022)

---

## ഇതുവരെ 6,66,500 പരാതികൾ ലഭിച്ചതായി ജസ്റ്റിസ് ജെ.ബി കോശി കമ്മീഷൻ

കണ്ണൂർ: ക്രൈസ്തവരുടെ പിന്നോക്കാവസ്ഥ പഠിക്കാൻ നിയമിക്കപ്പെട്ട ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ മുൻപാകെ ഇതുവരെ ലഭിച്ചതു 6,66,500 പരാതികൾ. ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ പഠിക്കാൻ നിയോഗിച്ച ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ കണ്ണൂർ ഗവ. ഗെസ്റ്റ് ഹൗസിൽ നടത്തിയ സിറ്റിങ്ങിൽ വിവിധ ക്രൈസ്തവ സംഘടനാ പ്രതിനിധികൾ കാര്യമായ ഇടപെടലിനായി ആവശ്യം ഉന്നയിച്ചു. കമ്മീഷൻ രൂപവത്കരിച്ചശേഷം സംസ്ഥാനത്ത് നിന്നാകെ ഇതുവരെ 6,66,500 പരാതികൾ ലഭിച്ചതായി ചെയർമാൻ ജസ്റ്റിസ് ജെ.ബി. കോശി പറഞ്ഞു. ഇതിൽ ഒരു ലക്ഷത്തിലേറെ പരാതികൾ ഇനിയും തരം തിരിക്കാനുണ്ടെന്നും സിറ്റിങ്ങിന് ശേഷം മാധ്യമപ്രവർത്തകരോട് അദ്ദേഹം പറഞ്ഞു.

ജില്ലയിൽ 19 ക്രൈസ്തവ സംഘടനകളെ പ്രതിനിധാനം ചെയ്ത് 36 പേർ സിറ്റിങ്ങിൽ പങ്കെടുത്തു. ലത്തീൻ കത്തോലിക്ക വിഭാഗക്കാരുടെ ലത്തീൻ സംഘടനകൾ കമ്മീഷനെ അറിയിച്ചു. 20 ശതമാനം പേർക്കും സംവരണത്തോത് കൂട്ടണമെന്ന് ഭൂമിയില്ല. 10 ശതമാനം പേർക്ക് മൂന്ന് സെന്റിൽ താഴെ മാത്രമാണ് ഭൂമി. പട്ടയപ്രശ്നമുള്ളതിനാൽ വായ്പ ലഭിക്കാനും പ്രശ്നമുണ്ട്. ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ ഇടപെടണമെന്ന് പ്രതിനിധികൾ ആവശ്യപ്പെട്ടു.

കാർഷികോൽപന്നങ്ങളുടെ വിലത്തകർച്ചയും വിപണി സാധ്യതകൾ കുറഞ്ഞതും മലയോര കർഷകരുടെ ജീവിതം ദുരിതത്തിലാക്കിയതായി സീറോ മലബാർ സഭക്ക് കീഴിലെ വിവിധ സംഘടനാനേതാക്കളും വൈദികരും കമ്മീഷനെ അറിയിച്ചു. കൃഷിസ്ഥലങ്ങളിൽനിന്നും നിയമാനുസൃതം വെടിവെക്കുന്ന പന്നികളെ ഭക്ഷിക്കാൻ അനുവദിക്കണം. കാർഷിക വായ്പാനയം ഉദാരമാക്കണം. മലയോര മേഖലയിൽ സർക്കാർ തൊഴിൽപരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കണം. സംഘടനകളുടെ അഭിപ്രായങ്ങളും നിർദേശങ്ങളും ക്രോഡീകരിച്ച് കമ്മീഷൻ സർക്കാറിന് റിപ്പോർട്ട് നൽകും. ചെയർമാന് പുറമെ കമ്മീഷൻ അംഗങ്ങളായ ഡോ. ക്രിസ്റ്റി ഫെർണ്ടസ്, ജേക്കബ് പുന്നൂസ് എന്നിവരും പങ്കെടുത്തു. (13/01/2022)

(പ്രവാചകശബ്ദം)

www.malankaralibrary.com



# സന്യാസം ചോദ്യം ചെയ്യപ്പെടുന്നതിന് പിന്നിൽ...

**ക്രൈ**സ്തവ സന്യാസജീവിതത്തെ അനാവശ്യമായി കുറ്റപ്പെടുത്തുന്നതിലും തരം താഴ്ത്തി ചിത്രീകരിക്കുന്നതിലും ലോകത്തിൽ ഏറ്റവും മുമ്പിൽ പ്രബുദ്ധർ എന്ന വിശേഷണം ആഗ്രഹിക്കുന്ന മലയാളികളാവും. മലയാളികളെപ്പോലെ സന്യസ്തരുടെ മഹിമയും സേവനങ്ങളും ഇത്രമാത്രം അടുത്തറിയുകയും അനുഭവിക്കുകയും ചെയ്തിട്ടുള്ള മറ്റൊരു ജനതയും ലോകത്തിൽ ഉണ്ടാവില്ല എന്നുള്ളതാണ് ഒരു വൈരുധ്യം. ജീവിതത്തിന്റെ ഏതെങ്കിലുമൊരു നിർണ്ണായക ഘട്ടത്തിൽ ഒരു കത്തോലിക്കാ സന്യാസിനിയുടെ സ്പർശമുണ്ടാകാത്ത മലയാളികൾ വളരെ അപൂർവ്വമായിരിക്കും. ഒന്നുകിൽ വിദ്യാഭ്യാസ കാലഘട്ടത്തിൽ അടുത്തിരുന്ന് അറിവ് പകർന്നവളായാവാം, അല്ലെങ്കിൽ രോഗബാധിതരായിരിക്കവേ സാന്ത്വന സ്പർശമായാവാം, അതുമല്ലെങ്കിൽ വാർദ്ധക്യത്തിലും രോഗാവസ്ഥയിലും അനാഥത്വത്തിലും എല്ലാവരും കൈയൊഴിയുമ്പോൾ അഭയമേകിയ മനുഷ്യരൂപമുള്ള മാലാഖയുടെ രൂപത്തിലോ, ജയിൽവാസികളായിരിക്കെ ആശ്വാസ ദൂതുമായി കടന്നുവന്നവളായോ, നിരാശയുടെ കയങ്ങളിൽ മുങ്ങിത്താണപ്പോൾ സങ്കടം ശ്രവിക്കാൻ സന്നദ്ധയായവളായോ ആകാം.

ഈ കാലഘട്ടത്തിൽ പ്രവർത്തന നിരതരായി ലോകമെമ്പാടുമുള്ള സന്യസ്തരായി ഓരോ ദേശത്തുനിന്നുള്ളവരുടെ കണക്കെടുത്താൽ ആനുപാതികമായി ഏറ്റവുമധികം മലയാളികളായിരിക്കും എന്ന് തീർച്ചയാണ്. ക്രൈസ്തവർ കേവലം 14 ശതമാനത്തിൽ താഴെ മാത്രമുള്ള കേരളത്തിന്റെ ജനസംഖ്യയിൽ ആയിരത്തിലൊരാൾ ഒരു കത്തോലിക്കാ സന്യാസിനിയാണ്. കത്തോലിക്കാ വിശ്വാസികളിൽ നൂറിൽ ഒരാൾ ഒരു സന്യാസിനിയാണ്. വിവിധ സന്യാസ സമൂഹങ്ങളിൽ അംഗങ്ങളായുള്ള നാൽപ്പത്തിനായിരത്തില് പരം സന്യസ്തർ മലയാളികളായുണ്ട്. അവരിൽ എല്ലാവരും എല്ലാം തികഞ്ഞവരാണെന്ന് അവകാശപ്പെടാൻ ആർക്കുമാവില്ലെങ്കിലും മറ്റാർക്കും കഴിയാത്ത ഒട്ടേറെ സേവന മേഖലകൾക്കായി ജീവിതം മുഴുവൻ സമർപ്പിച്ചിട്ടുള്ളവരാണ് ബഹുഭൂരിപക്ഷവും. മാനുഷികമായ ബലഹീനതകളും പരിമിതികളും പോരായ്മകളും മനുഷ്യൻ ഉള്ളിടത്തോളം കാലം മാനുഷികമായ എല്ലാ സംവിധാനങ്ങളിലും ഏറ്റക്കുറച്ചിലുകളോടെയെങ്കിലും ഉണ്ടാകുമെന്നുള്ളത് നിശ്ചയം. അത്തരം ചില ആശയങ്ങൾ ഉയർത്തിയാണ് സമീപകാലങ്ങളായി കത്തോലിക്കാ സന്യസ്തർക്കും സന്യാസ സമൂഹങ്ങൾക്കും സഭയ്ക്കും എതിരെ ചിലർ വ്യാപകമായ പ്രചാരണങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്.



വ്യക്തമായും ചില സ്ഥാപിത താല്പര്യങ്ങളോടെയാണ് ചില പ്രത്യേക കേന്ദ്രങ്ങളിൽനിന്ന് ദുഷ്പ്രചരണങ്ങളും ആശയക്കുഴപ്പങ്ങൾ സൃഷ്ടിക്കും വിധം വളച്ചൊടിക്കപ്പെട്ട ആഖ്യാനങ്ങളും ഉത്ഭവിക്കുന്നത് എന്നുള്ളത് വ്യക്തമാണ്. ഒറ്റപ്പെട്ട ചില സംഭവങ്ങളെയും, ചില വ്യക്തികളെയും സംബന്ധിച്ചുള്ള വ്യാപകമായ പ്രചാരണങ്ങൾ എന്നതിനപ്പുറം, മറ്റു ചില രീതികളിലും ഇക്കാലത്ത് ചിലർ സമൂഹ മാധ്യമങ്ങളിലും മറ്റും പ്രചരണങ്ങൾ നടത്തി വരുന്നത് കാണാറുണ്ട്. അതിൽ പ്രധാനമാണ് സന്യാസ സഭകളിൽ കുട്ടികൾ ചേരുന്ന പ്രായത്തെ ചൊല്ലിയുള്ള അനാവശ്യ കോലാഹലങ്ങൾ. വാസ്തവങ്ങൾ തീരെയും മനസിലാക്കാത്തതുകൊണ്ടോ, മനസ്സിലാക്കിയിട്ടും മറ്റുചില ലക്ഷ്യങ്ങളാലോ ചിലർ ഉയർത്തുന്ന വാദഗതികൾ വിവാദങ്ങൾക്കും ആശയക്കുഴപ്പങ്ങൾക്കും വഴിയൊരുക്കുന്നത് കാണാറുണ്ട്.

വിവാഹിതരാകാൻ നിയമം അനുവദിക്കുന്ന പ്രായം പതിനെട്ടുവയസായിരിക്കെ പത്താംക്ലാസ് കഴിഞ്ഞാൽ മഠത്തിൽ പ്രവേശിപ്പിക്കുന്നത് നിയമ വിരുദ്ധമാണ്; പതിനെട്ട് വയസും ഇരുപത്തൊന്ന് വയസും കഴിഞ്ഞു മാത്രമേ മഠത്തിൽ കുട്ടികളെ സ്വീകരിക്കാവൂ എന്നിങ്ങനെയൊക്കെ ശക്തിയുക്തം വാദിക്കുന്ന ചിലരെ കാണാം. പ്രായം സംബന്ധിച്ച ഇത്തരം വാദഗതികൾ തികച്ചും ബാലിശമാണ് എന്നു

www.malankaralibrary.com

തന്നെ പറയാം. ഏതൊരു സന്യാസ സഭയിലും ഒരു വ്യക്തി പൂർണ്ണമായി അംഗമാകുന്നത് പരിശീലന കാലയളവിന് ശേഷം മാത്രമാണ്. ശരാശരി എട്ടുവർഷത്തെ പരിശീലനത്തിന് ശേഷം, അതായത് ഇരുപത്തിനാല് വയസെങ്കിലുമാകാതെ ആരും നിത്യവ്രത വാഗ്ദാനം നടത്തി സന്യാസിനീ സമൂഹത്തിൽ അംഗമായി മാറുന്നില്ല. അതുവരെയുള്ള പരിശീലന കാലഘട്ടത്തിൽ ആത്മീയ പരിശീലനം മാത്രമല്ല, ഹയർ സെക്കൻഡറി, ഡിഗ്രി, പ്രൊഫഷണൽ കോഴ്സുകൾ, തൊഴിലധിഷ്ഠിത കോഴ്സുകൾ തുടങ്ങിയവയെല്ലാം ഉൾപ്പെടും. ആ കാലഘട്ടത്തിൽ എപ്പോൾ വേണമെങ്കിലും സന്യാസപരിശീലനം മതിയാക്കി മടങ്ങാൻ അർത്ഥിനിക്ക് പൂർണ്ണ സ്വാതന്ത്ര്യമുണ്ട്. ആരും അവരെ നിർബ്ബന്ധമായി പിടിച്ചു നിർത്തുന്നില്ല. ഒരുപക്ഷെ, നിത്യവ്രത വാഗ്ദാനം കഴിഞ്ഞിട്ടാണെങ്കിൽ പോലും സന്യാസ ജീവിതം മതിയാക്കാൻ ആരെങ്കിലും ആഗ്രഹിക്കുന്നുണ്ടെങ്കിൽ അതിനും സന്യാസ സമൂഹമോ അധികാരികളോ എതിര് നിൽക്കാറില്ല. അത്തരത്തിൽ വിട്ടുപോയിട്ടുള്ള ഒട്ടേറെപ്പേർ നമുക്കിടയിൽ വിവാഹജീവിതം നയിക്കുന്നവരായുണ്ട്.

അതേസമയം, പതിനെട്ടാം വയസിൽ വിവാഹിതയാകുന്ന ഒരു യുവതിയുടെ കാര്യം ഇതിൽനിന്നെല്ലാം വ്യത്യസ്തമാണ്. ഒരിക്കൽ വിവാഹിതയായാൽ തനിക്ക് യോജിച്ച ബന്ധമില്ലെന്ന് ഒരു പെൺകുട്ടിക്ക് വ്യക്തമായാൽപ്പോലും സങ്കീർണ്ണമായ നിയമ നടപടികളിലൂടെയേ പരിഹാരം കണ്ടെത്താൻ കഴിയൂ. കേരളത്തിന്റെ പശ്ചാത്തലത്തിൽ വിവാഹബന്ധം ഉപേക്ഷിച്ചവൾ എന്നത് ഒരു ദുഷ്പേരായിത്തന്നെ എക്കാലവും നിലനിൽക്കുകയും ചെയ്യും. എന്നാൽ, ഇത്തരത്തിലുള്ള യാതൊരുവിധ ആശങ്കകൾക്കും സന്യാസ ജീവിതം ആഗ്രഹിക്കുന്ന ഒരു പെൺകുട്ടിയുടെ ജീവിതത്തിൽ സ്ഥാനമില്ല. പൊതുസമൂഹത്തിന്റെ കാഴ്ചപ്പാടുകളിൽ ആരോഗ്യകരമായ ചില മാറ്റങ്ങൾക്കൂടി ഉണ്ടാകുന്നപക്ഷം സന്യാസ ജീവിതം സ്വതന്ത്രമായി തെരഞ്ഞെടുക്കാനോ, തനിക്ക് യോജിച്ചതല്ലെന്ന് തോന്നുന്നപക്ഷം മറ്റൊരു ജീവിതാന്തസ്സിലേയ്ക്ക് പ്രവേശിക്കാനോ ഒരു പെൺകുട്ടിയും ഭയക്കേണ്ടതായില്ല.

അപൂർവ്വം ചില വ്യക്തികൾ തങ്ങൾക്ക് യോജിച്ച ജീവിതമല്ലെന്ന് മനസ്സിലാക്കിയിട്ടും ശരിയായ തീരുമാനമെടുക്കാൻ മടിക്കുന്നതും ശത്രുതാപരമായ രീതിയിൽ സഹസന്യസ്തരോടും അധികാരികളോടും പ്രവർത്തിക്കുന്നതും സഭാവിരുദ്ധരും നിരീശ്വരവാദികളുമായ ചിലർക്കൊപ്പം ചേരുന്നതും മറ്റുമാണ് ഇക്കാലത്ത് അനാവശ്യ വിവാദങ്ങൾ ഉണ്ടാകാൻ മുഖ്യമായും കാരണമായി മാറുന്നത്. മനഃസാക്ഷിക്കും സാമാന്യനീതിക്കും വിരുദ്ധമായി കള്ളം പറയാനും, മഹത്തരവും ഫലസമ്പൂർണ്ണവുമായ കത്തോലിക്കാ സന്യാസത്തെയും കത്തോലിക്കാ സഭയെയും കരിവാരിത്തേക്കാനും മടികാണിക്കാത്ത ഒരു ചെറിയ വിഭാഗമാണ് ഇന്നു നാം കാണുന്ന പല അനാവശ്യ വിവാദങ്ങൾക്കും പിന്നിൽ. എന്തുകൊണ്ടാണ് അഥവാ ആരുടെ നിർദ്ദേശപ്രകാരമാണ് ഇത്തരക്കാർ ധാരാളം പണം ചെലവഴിച്ച് ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത് എന്നത് ശരിയായ അന്വേഷണത്തിലൂടെ ഉത്തരം ലഭിക്കേണ്ട ഒരു ചോദ്യമാണ്.

സന്യാസത്തിന്റെയും സന്യസ്തരുടെയും ശോഭ ഒരിക്കലും കെട്ടുപോകുന്ന ഒന്നല്ല. തിരക്കേറിയ ഉദ്യമങ്ങൾക്കിടയിൽ തങ്ങൾക്കെതിരെ അടിസ്ഥാനരഹിതമായ പ്രചരിക്കുന്ന അവാസ്തവങ്ങൾക്ക് ചെവിയോർക്കാനോ, അതിന് മറുപടി പറയാനോ പലർക്കും കഴിയാതെ പോകുന്നുണ്ടാവാം. പകൽവെളിച്ചത്തിലെന്നതുപോലെ തങ്ങളുടെ പ്രവർത്തനങ്ങളെ അടുത്തറിയുന്ന പൊതുസമൂഹത്തിന് വ്യാജപ്രചാരണങ്ങളുടെ സത്യാവസ്ഥ തിരിച്ചറിയാൻ കഴിയുമെന്ന ആത്മവിശ്വാസം അവരിൽ പലരെയും ഇപ്പോഴും ഭരിക്കുന്നുണ്ടാവാം. ഇവിടെ ശരിതെറ്റുകളും വാസ്തവങ്ങളും തിരിച്ചറിഞ്ഞ് ക്രിയാത്മകമായി പ്രതികരിക്കാനും, വ്യാജാരോപണങ്ങളും വിദ്വേഷ പ്രചരണങ്ങളും സോഷ്യൽമീഡിയയിൽ ഉയർത്തിപ്പിടിക്കുന്നവരെ അകറ്റിനിർത്താനും പൊതുസമൂഹവും ക്രൈസ്തവരും തയ്യാറാവുകയാണ് ആവശ്യം.



www.malankaralibrary.com



## സഭാംഗങ്ങളുടെ പ്രവർത്തനങ്ങൾ സഭയുടെ മുഖം പ്രകാശിതമാക്കുന്നതാകണം: കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി

കൊച്ചി: സഭയിൽ എക്കാലത്തും സംവദനത്തിനും ചർച്ചകൾക്കും സാധ്യതകളും സാഹചര്യങ്ങളും വ്യവസ്ഥാപിത മാർഗങ്ങളും ഉണ്ടെന്നും സഭാംഗങ്ങളുടെ ഇടപെടലുകളും നിലപാടുകളും സഭയുടെ മുഖം പൊതുസമൂഹത്തിൽ പ്രകാശിതമാക്കുന്നതാകണമെന്നും കെസിബിസി പ്രസിഡന്റ് കർദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി അഭിപ്രായപ്പെട്ടു. കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെയും കേരളാ കാത്തലിക് കൗൺസിലിന്റെയും സംയുക്ത സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കെസിബിസി വൈസ് പ്രസിഡന്റ് ബിഷപ് ഡോ. വർഗീസ് ചക്കാലക്കൽ അധ്യക്ഷത വഹിച്ച യോഗത്തിൽ, സെക്രട്ടറി ജനറൽ ബിഷപ് ജോസഫ് മാർ തോമസ് അനുഗ്രഹപ്രഭാഷണം നടത്തി. ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി സ്വാഗതം ആശംസിച്ചു. കെസിസി സെക്രട്ടറി അഡ്വ. ജോജി ചിറയിൽ പതിനൊന്നാമത് വാർഷികയോഗത്തിന്റെ റിപ്പോർട്ട് അവതരിപ്പിച്ചു. 2023 ഒക്ടോബറിൽ റോമിൽ നടക്കുന്ന സിസഡിന്റെ മുഖ്യപ്രമേയമായ സഭയിലെ സിനഡാലിറ്റി എന്ന വിഷയം സംബന്ധിച്ച് റവ. ഡോ. ജേക്കബ് പ്രസാദ് ക്ലാസ് നയിച്ചു.



ഉച്ചകഴിഞ്ഞ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം കെസിസിയുടെ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. സെക്രട്ടറിയായി ശ്രീമതി ജെസ്സി ജെയിംസ് തെരഞ്ഞെടുക്കപ്പെട്ടു. തുടർദിവസങ്ങളിൽ നടക്കുന്ന കെസിബിസി സമ്മേളനം പരിഗണിക്കേണ്ട സഭാ, സാമുദായിക, സാമൂഹിക വിഷയങ്ങളെ സംബന്ധിച്ച് പൊതു ചർച്ചകൾ നടന്നു. നിയമപരിഷ്കരണകമ്മീഷൻ ശുപാർശചെയ്തിട്ടുള്ള വിവാഹ രജിസ്ട്രേഷൻ ബിൽ പിൻവലിക്കണമെന്നും റവന്യൂ ഭൂമികളും, ജനവാസകേന്ദ്രങ്ങളും ഒഴിവാക്കി കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിജ്ഞാപനം ഇറക്കണമെന്നും, പ്രമേയങ്ങളിലൂടെ കേരള സർക്കാരിനോട് ആവശ്യപ്പെട്ടു.

വിശ്വഹിന്ദ് പരിഷത്ത്, ബംജരഗ്ദൾ പ്രവർത്തകർ സാഗർ രൂപതയിലെ ഗഞ്ച്ബസോദ എം.എം.ബി. മിഷൻ സ്റ്റേഷനിലെ സെന്റ് ജോസഫ് സ്കൂളിൽ അതിക്രമിച്ചുകയറുകയും നാശനഷ്ടങ്ങൾ വരുത്തുകയും ചെയ്തതിൽ കേരള കാത്തലിക് കൗൺസിൽ അതിയായ ഉത്ക്കണ്ഠയും ഖേദവും രേഖപ്പെടുത്തി. കുറ്റക്കാർക്കെതിരേ ഉചിതമായ നടപടി എടുക്കാൻ സർക്കാർ തയ്യാറാകണമെന്നും സമിതി ആവശ്യപ്പെട്ടു. (7/12/2021)

www.malankaralibrary.com



# ആഗോള സിനഡിന് ഒരുക്കമായി "സഭാനവീകരണകാലം" ആചരിക്കും: കെസിബിസി

കൊച്ചി: സിനഡാത്മക സഭയ്ക്കുവേണ്ടി ഫ്രാൻസിസ് മാർപാപ്പ പ്രഖ്യാപിച്ചിട്ടുള്ള 2021-2023-ലെ സിനഡിന്റെ പശ്ചാത്തലത്തിൽ കേരള കത്തോലിക്കാസഭയിൽ നവീകരണ വർഷങ്ങൾ ആചരിക്കാൻ കെസിബിസിയുടെ ശീതകാലസമ്മേളനം തീരുമാനിച്ചു. സിനഡാത്മകതയും സഭാനവീകരണവും, 2022-2025 എന്ന പേരിലായിരിക്കും ഈ ആചരണം നടത്തുക. ഇതേക്കുറിച്ചുള്ള വിശദമായ അറിയിപ്പ് പിന്നീട് നല്കുന്നതാണ്. വിശുദ്ധ പൗലോസ് ശ്ലീഹ എഫേസൂസിലെ സഭയ്ക്ക് എഴുതിയ ലേഖനത്തെ അടിസ്ഥാനപ്പെടുത്തി സഭയെകുറിച്ച് കൂടുതൽ ആഴത്തിൽ പഠിക്കുന്നതിന് വൈദികർക്കും സന്യസ്തർക്കും അല്മായർക്കും ഇത് അവസരം ഒരുക്കും. വ്യക്തികളിലും ഇടവകകളിലും സ്ഥാപനങ്ങളിലും സഭയുടെ മറ്റ് എല്ലാ തലങ്ങളിലും ആത്മീയ നവീകരണം സാധ്യമാക്കുകയെന്നതാണ് ഇതിന്റെ ലക്ഷ്യം.

കേരളത്തിലെ ക്രൈസ്തവർക്കു മാത്രമായി ഒരു വിവാഹ നിയമം ഉണ്ടാക്കേണ്ട സാഹചര്യം നിലവിലില്ലാതിരിക്കെ, സംസ്ഥാന നിയമപരിഷ്ക്കരണ കമ്മീഷൻ ക്രൈസ്തവ വിവാഹ നിയമ നിർമ്മാണത്തിനുവേണ്ടി ഒരു ബില്ല് തയ്യാറാക്കി നൽകിയിരിക്കുന്നത് ദുരുദ്ദേശപരമാണ്. നാളിതുവരെ ക്രൈസ്തവർ ആരും തന്നെ നിലവിലെ വിവാഹനിയമത്തെ ചോദ്യം ചെയ്തിട്ടില്ല. പൗരന്റെ മതസ്വാതന്ത്ര്യത്തെ ഹനിക്കുന്നതും അനാവശ്യവുമാണ് ഈ നീക്കം. ക്രൈസ്തവ സമൂഹത്തിന്റെ കെട്ടുറപ്പിനെ ശിഥിലമാക്കാനുള്ള ചില ശക്തികളുടെ ശ്രമം ഇതിന്റെ പിന്നിലുണ്ടെന്നു സംശയിക്കുന്നതിൽ തെറ്റില്ല.

തീരദേശനിവാസികളുടെ ആശങ്കകൾ ഗൗരവമായി കാണുവാൻ ബന്ധപ്പെട്ടവർ താല്പര്യമെടുക്കണം. കേരള ഹൈക്കോടതി ഈ അടുത്തകാലത്ത് പുറപ്പെടുവിച്ച വിധി ശ്രദ്ധേയമാണ്. തീരശോഷണത്തിന്റെ കാരണങ്ങളും അത് ഉയർത്തുന്ന പ്രത്യാഘാതങ്ങളും തീരപരിപാലന വിജ്ഞാപനം ഉയർത്തുന്ന പ്രതിസന്ധികളും പരിഗണിച്ച കോടതി സർക്കാരിനോട് പരാതികളിന്മേൽ സത്വരമായ നടപടികൾ സ്വീകരിച്ച് തീരദേശവാസികളുടെ ആശങ്ക ശാശ്വതമായി പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടു. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട സർക്കാർ ഇക്കാര്യത്തിൽ പെട്ടന്നു തന്നെ തീരുമാനമെടുക്കണം.

മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷയെക്കുറിച്ചുള്ള ജനങ്ങളുടെ ആശങ്ക പരിഹരിക്കേണ്ട ഉത്തരവാദിത്വം സർക്കാരിനുണ്ട്. കേരളത്തിലെ ജനങ്ങളുടെ സുരക്ഷതത്വം ഉറപ്പുവരുത്താൻ ആവശ്യമായ നടപടികൾ സത്വരമായി സ്വീകരിക്കാൻ സർക്കാർ തയ്യാറാകണം.

ആലുവ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സുവർണജൂബിലി അർത്ഥവത്തായി ആചരിക്കാൻവേണ്ട നിർദേശങ്ങൾ പ്രസിഡന്റ് ഫാ. സുജൻ അമൃതത്തിന് നല്കി.

പൗരോഹിത്യ സുവർണജൂബിലിയുടെയും മെത്രാഭിഷേക രജതജൂബിലിയുടെയും നിറവിൽ ആയിരിക്കുന്ന മേജർ ആർച്ചുബിഷപ് മാർ ജോർജ് ആലഞ്ചേരി, പൗരോഹിത്യ സുവർണജൂബിലി നിറവിൽ ആയിരിക്കുന്ന ആർച്ചുബിഷപ് മാർ ജോർജ് ഞറളക്കാട്ട്, ബിഷപ് മാർ ജേക്കബ് മനത്തോടത്ത്, മെത്രാഭിഷേക രജതജൂബിലി ആഘോഷിക്കുന്ന ബിഷപ് വിൻസന്റ് സാമുവൽ എന്നിവരെ പൊന്നാട അണിയിച്ച് ആദരിച്ചു.

ഇന്ത്യയുടെ സംയുക്ത സേനാതലവൻ ശ്രീ വിപിൻ റാവത്തിന്റെ അപകടമരണത്തിൽ കെസിബിസി അനുശോചനം രേഖപ്പെടുത്തി.

കാലാവധി പൂർത്തിയായതിനാൽ സ്ഥാനമൊഴിയുന്ന കമ്മീഷൻ സെക്രട്ടറിമാർക്ക് കെസിബിസി സമ്മേളനം നന്ദി രേഖപ്പെടുത്തി. ഒഴിവുകളിലേക്ക് പുതിയ സെക്രട്ടറിമാരെ തെരഞ്ഞെടുത്തു. ഹെൽത്ത് കമ്മീഷൻ സെക്രട്ടറിയായി റവ. സി. ഡോ. ലില്ലിസ SABS, ബൈബിൾ കമ്മീഷൻ സെക്രട്ടറിയായി റവ. ഫാ. ജോജു കൊക്കാട്ട്, ഫാമിലി കമ്മീഷൻ സെക്രട്ടറിയായി റവ. ഫാ. ക്ലീറ്റസ് കതിർപറമ്പിൽ, അൽമായ കമ്മീഷൻ സെക്രട്ടറിയായി പ്രൊഫ. കെ. എം. ഫ്രാൻസീസ്, സാരഥിയുടെ ഡയറക്ടറായി റവ. ഫാ. ഷിന്റോ, ജീസസ് ഫ്രട്ടേർണിറ്റിറ്റിയുടെ ഡയറക്ടറായി റവ. ഫാ. മാർട്ടിൻ തട്ടിൽ, ഇഘഇ യുടെ പ്രമോട്ടറായി റവ. ഫാ. ഫ്രജോ വാഴപ്പിള്ളി, പാസ്റ്ററൽ ട്രെയിനിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡീൻ ഓഫ് സ്റ്റഡീസ് ആയി റവ. ഫാ. ടോണി കോഴിമണ്ണിൽ, എന്നിവരെ പുതുതായി നിയമിച്ചു. വനിതാ കമ്മീഷൻ മീഡിയാ കമ്മീഷൻ, ലേബർ കമ്മീഷൻ, യൂത്ത് കമ്മീഷൻ, കെസിഎസ്എൽ എന്നീ കമ്മീഷൻ സെക്രട്ടറിമാരുടെ സേവന കാലാവധി അടുത്ത മൂന്നുവർഷത്തേക്കു കൂടി ദീർഘിപ്പിച്ചു നല്കി. (9/12/2021)

www.malankaralibrary.com



## കെസിബിസി മാധ്യമ അവാർഡുകൾ വിതരണം ചെയ്തു



കൊച്ചി: കെസിബിസി മാധ്യമ അവാർഡുകൾ വിതരണം ചെയ്തു.പാലാരിവട്ടം പിഒസിയിൽ നടന്ന ചടങ്ങിൽ കെസിബിസി പ്രസിഡന്റ് കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി അവാർഡ് ദാന ചടങ്ങ് ഉദ്ഘാടനം ചെയ്തു.സർഗശേഷി നന്മയുടെ സംസ്കാരം പ്രകാശിപ്പിക്കണമെന്നും കലാ,സാഹിത്യ നൈപുണ്യം സമൂഹത്തിൽ നന്മയുടെ സംസ്കാരം പ്രകാശിപ്പിക്കുന്നതിന് പ്രയോജനപ്പെടുത്തണമെന്നും അദ്ദേഹം പറഞ്ഞു.മാധ്യമ രംഗത്ത് സമൂഹം കൈവരിച്ച മുന്നേറ്റം ശ്രദ്ധേയമാണെന്നും അദ്ദേഹം പറഞ്ഞു.കെസിബിസി മാധ്യമ കമ്മീഷൻ ചെയർമാൻ മാർ ജോസഫ് പാംബ്ലാനി യോഗത്തിൽ അധ്യക്ഷത വഹിച്ചു.സന്തോഷ് ജോർജ്ജ് കുളങ്ങര (മാധ്യമം),ഫാ.ഡോ.പയസ് മലേക്കണ്ടത്തിൽ (മാർ സെബാസ്റ്റിയൻ മങ്കുഴിക്കരി ദാർശനിക വൈജ്ഞാനികം ) പ്രൊഫസർ.എസ്.ജോസഫ് (സാഹിത്യം),കമാൻഡർ അഭിലാഷ് ടോമി(യുവപ്രതിഭാ),കെ.ജി.ജോർജ്ജ്,സി.ഡോ വിനീത സി.എസ്.എസ്.ടി,ആൻണി പുത്തുർ ചാത്യാത്ത്,ടോമി ഈപ്പൻ (ഗുരുപൂജ) എന്നിവരാണ് 2020-2021 ലെ കെസിബിസി മാധ്യമപുര്സകാരങ്ങൾ ഏറ്റുവാങ്ങിയത്.കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ.ജേക്കബ് ജി പാലക്കാപ്പിള്ളി,തിരക്കഥാകൃത്ത് ജോൺപോൾ,കെസിബിസി മാധ്യമ കമ്മീഷൻ സെക്രട്ടറി ഫാ.ഡോ.ഏബ്രഹാം ഇരിമ്പിനിക്കൽ,ജോയിന്റ് സെക്രട്ടറി ഫാ.അലക്സ് ഓണമ്പിള്ളി എന്നിവർ ചടങ്ങിൽ പ്രസംഗിച്ചു.ചടങ്ങിന് ശേഷം അമ്പലപ്പുഴ അക്ഷരജാലയുടെ നാടകം സ്വർണ്ണമുഖിയുടെ അവതരണവും ഉണ്ടായിരുന്നു. (19/12/2021)

---

## രാഷട്രീയ കൊലപാതകങ്ങൾ അവസാനിപ്പിക്കണം: കർദിനാൾ മാർ ആലഞ്ചേരി

കൊച്ചി: രാഷ്ട്രീയത്തിന്റെ പേരിലുള്ള അക്രമങ്ങളും കൊലപാതകങ്ങളും അവസാനിപ്പിക്കണമെന്ന് കെസിബിസി പ്രസിഡന്റ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി. കൊലപാതക രാഷ്ട്രീയത്തിനെതിരേ പൊതുമനസാക്ഷി ഉണരണം. അതു വ്യക്തികളെയും രാഷട്രീയ പാർട്ടികളെയും സ്വാധീനിക്കണമെന്നും അദ്ദേഹം പറഞ്ഞു.

കെസിബിസി ആസ്ഥാനമായ പാലാരിവട്ടം പിഒസിയിൽ നടന്ന ക്രിസ്മസ് ആഘോഷത്തിൽ സന്ദേശം നൽകുകയായിരുന്നു അദ്ദേഹം. രാഷ്ട്രീയ വിഷയങ്ങളുടെ പേരിലുള്ള പ്രശ്നങ്ങൾ മതസംഘർഷമായി വ്യാഖ്യാനിച്ചു വളർത്തരുത്. രാഷട്രീയത്തിൽ വർഗീയത കടന്നുവരുന്ന പ്രവണത ഭാരതത്തിലുണ്ട്. ജനാധിപത്യത്തിന്റെ സംശുദ്ധി വളർത്താനുള്ള പ്രവർത്തനങ്ങളാണു വേണ്ടത്. സന്തോഷവും സമാധാനവുമാണു ക്രിസ്മസിന്റെ സന്ദേശമെന്നു കർദിനാൾ ഓർമിപ്പിച്ചു. സമൂഹത്തിൽ സമാധാനം നഷ്ടപ്പെടുന്ന സ്ഥിതി മാറണം. പ്രതിസന്ധികളിൽ തളരാതെ പ്രത്യാശയോടെ മുന്നോട്ടു നീങ്ങാൻ ക്രിസ്മസ് ഓർമിപ്പിക്കുന്നതായും മാർ ആലഞ്ചേരി പറഞ്ഞു. (ദീപിക, 21/12/21)

www.malankaralibrary.com



# സ്വന്തം ശരീരത്തോടുള്ള സ്നേഹം തെറ്റാണോ?

**നിഷ ജോസ്**
വാതിൽ ഫൗണ്ടേഷൻ, കോട്ടയം



**പ്ല**സ് വൺ വിദ്യാർഥിയായ മനു (പേര് സാങ്കല്പികം ) അമ്മയുമായുള്ള നിരന്തര വഴക്കുകൾ കയ്യാങ്കളിയിലേക്ക് എത്തിയപ്പോഴാണ് കൗൺസിലിംഗിനായി കൊണ്ടുവരുന്നത്. മനുവിന്റെയും അമ്മയുടെയും വഴക്കുകൾക്ക് മുഖ്യ കാരണം ടീനേജിലേക്ക് കയറിയപ്പോൾ മുതൽ മനു തന്റെ ശരീരത്തിനും സൗന്ദര്യത്തിനും കൊടുത്തുതുടങ്ങിയ അധിക ശ്രദ്ധയായിരുന്നു. സ്കൂളിൽ പോകുന്നതിന് മുൻപേ അവൻ ഏറെനേരം കണ്ണാടിയുടെ മുൻപിൽ ചിലവഴിക്കുന്നു. സൗന്ദര്യ വർദ്ധക വസ്തുക്കൾ ഉപയോഗിക്കുന്നു, പല പല വസ്ത്രങ്ങൾ മാറി ധരിച്ചിട്ടും തൃപ്തനാകാതെ വരുന്നു. ഇതൊന്നും ഭക്തയായ അമ്മയ്ക്ക് ഉൾകൊള്ളാൻ കഴിഞ്ഞില്ല. ശരീരത്തിന് കൊടുക്കുന്ന ഈ അധിക പ്രാധാന്യം വലിയ തെറ്റാണെന്നായിരുന്നു അമ്മയുടെ ചിന്ത. ഇത് അവർ തമ്മിലുള്ള വലിയ വഴക്കുകളിലേയ്ക്ക് നയിച്ചു. ഇത് മനുവിന്റെ മാത്രം അനുഭവമല്ല. സമാനമായ അനുഭവങ്ങളിലൂടെ കടന്നുപോകുന്ന യുവതീയുവാക്കളെയും പ്രായമായവരെയും കാണാം. സ്വന്തം ശരീരത്തെ സ്നേഹിക്കുന്നതും കരുതുന്നതുമൊക്കെ തെറ്റാണെന്നു കരുതി വിഷമിക്കുകയും മറ്റുള്ളവരെ വിഷമിപ്പിക്കുകയും ചെയ്യുന്നവർ. കുറ്റബോധവും വെറുപ്പും ഉള്ളിൽ പേറി നടക്കുന്നവർ.

ശരീരവും ആത്മാവും പരസ്പര വിരുദ്ധമാണെന്നും, ശരീരത്തെ സ്നേഹിച്ചാൽ ആത്മാവ് നഷ്ടപ്പെടും എന്നുമുള്ള ചിന്തയിൽനിന്നാണ് ഇത്തരം അസ്വസ്ഥതകൾ ഉളവാകുന്നത്. ക്രിസ്തീയ വിശ്വാസം ശരീരത്തെ ത്യജിക്കാൻ ആവശ്യപ്പെടുന്നു എന്നതാണ് പല വിശ്വാസികളുടെയും ധാരണ. എന്നാൽ ഈ ധാരണയുടെ ഉറവിടം ചികഞ്ഞു ചെന്നാൽ നമ്മൾ എത്തിനിൽക്കുക പ്ലേറ്റോയുടെ ദ്വൈതവാദത്തിലാണ്. ആത്മാവ് മാത്രമാണ് യാഥാർത്ഥ്യമെന്നും ശരീരവും ലോകവും മിഥ്യയാണെന്നും ശരീരത്തിൽ ബന്ധിക്കപ്പെട്ട കൂട്ടിലടക്കപ്പെട്ട ഒന്നാണ് ആത്മാവെന്നും അവ പരസ്പര വിരുദ്ധമാണെന്നും ചിന്തിച്ചത് പ്ലേറ്റോ ആയിരുന്നു. ഈ പ്ലേറ്റോണിയൻ തത്വ ശാസ്ത്രത്തിന്റെ സ്വാധീനം മധ്യകാല തത്വചിന്തകരിൽ പ്രമുഖനായിരുന്ന വി. അഗസ്റ്റിനിലും കാണാം. വിശ്വാസത്തിലേക്ക് കടന്നു വരുന്നതിന് മുൻപ് അദ്ദേഹം പിന്തുർന്നിരുന്ന ജീവിത ശൈലിയും അനുഭവങ്ങളും ഈ ദ്വൈതവാദത്തെ സ്വീകരിക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചിട്ടുണ്ടാകാം. ആധുനിക കാലഘട്ടത്തിലും അനേകരിൽ ഈ ചിന്തയുടെ ശക്തമായ സ്വാധീനം നിലനിൽക്കുന്നതായി കാണാം.



### എന്താണ് ഈ ദ്വൈത ചിന്തയുടെ അനന്തരഫലം?

ഏറ്റവും പ്രധാനമായി അത് ഒരു വ്യക്തിയുടെ ശരീര ബോധത്തെ (Body image) നെഗറ്റീവ് ആയി ബാധിക്കുന്നു. സ്വന്തം ശരീരത്തെക്കുറിച്ച് ഒരു വ്യക്തിയുടെ കാഴ്ചപ്പാടിനെയും മനോഭാവത്തെയുമാണ് ഏറ്റവും ലളിതമായി പറഞ്ഞാൽ Body image എന്ന പദം കൊണ്ടുദ്ദേശിക്കുന്നത്. പോസിറ്റീവ് ബോഡി ഇമേജ്, ഒരു വ്യക്തിയുടെ ആത്മവിശ്വാസത്തിനും (self confidence ) സ്വയം മതിപ്പിനും (self esteem) ഏറ്റവും അടിസ്ഥാനപരമായി വേണ്ട ഘടകമാണ്. സ്വന്തം ശരീരത്തെ അംഗീകരിക്കുകയും സ്നേഹിക്കുകയും വിലമതിക്കുകയും ചെയ്യുന്ന മനോഭാവമാണ് പോസിറ്റീവ് ബോഡി ഇമേജ്. എന്നാൽ

www.malankaralibrary.com

ശരീരത്തെ അംഗീകരിക്കാനോ ഇഷ്ടപ്പെടാനോ കഴിയാത്ത മനോഭാവമാണ് നെഗറ്റീവ് ബോഡി ഇമേജ്. ഇത്തരത്തിൽ നെഗറ്റീവ് ആയ ശരീരബോധം അപകർഷതയ്ക്കും വിഷാദത്തിനും ആകുലതയ്ക്കുമൊക്കെ വഴി വയ്ക്കുന്നു. മാത്രമല്ല സ്വന്തം ശരീരത്തെ ഉൾക്കൊള്ളാൻ കഴിയാത്തവർക്ക് അപരന്റെ ശരീരത്തെയും മാനിക്കാൻ കഴിയാതെ വരും. ഇത് ഒരുവന്റെ ആത്മീയതയെയും നെഗറ്റീവ് ആയി സ്വാധീനിക്കും. അപകർഷതയും വിഷാദവും കുമിഞ്ഞു കൂടിയ മനസ്സിന് ഒരിക്കലും ദൈവത്തിന്റെ സ്നേഹം അനുഭവിക്കാൻ കഴിയില്ല. നന്മകളിൽ സന്തോഷിക്കാനോ കൃതജ്ഞത പ്രകടിപ്പിക്കാനോ കഴിയില്ല. വികലമായ കാഴ്ചപ്പാടുകളിലൂടെ അവനവനെത്തന്നെയും മറ്റുള്ളവരെയും കാണുകയും പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്തുകൊണ്ടിരിക്കും.

### എന്താണ് ക്രൈസ്തവമായ കാഴ്ചപ്പാട്?

വി. അഗസ്റ്റിന്റെ ചിന്തകളിൽ സ്വാധീനം ചെലുത്തിയത് പ്ലേറ്റോയുടെ തത്വങ്ങളായിരുന്നു എന്ന് തുടക്കത്തിൽ സൂചിപ്പിച്ചുവല്ലോ. അഗസ്റ്റിന് ശേഷം വന്ന തത്വചിന്തകനും വിശുദ്ധനുമായ തോമസ് അക്വീനാസ് ഈ ദ്വൈതവാദത്തെ തള്ളിക്കളഞ്ഞു. പൂർണ്ണ മനുഷ്യൻ, ആത്മാവിന്റെയും ശരീരത്തിന്റെയും സംയോജിത രൂപമാണ് എന്ന തോമസ് അക്വീനാസിന്റെ കാഴ്ചപ്പാടാണ് ക്രൈസ്തവ വിശ്വാസ പ്രമാണങ്ങളിൽ കാണുന്നതും. ആത്മാവ് മരണത്തിലൂടെ താൽക്കാലികമായി വേർപെട്ടാലും ശരീരം ഉയിർത്തെഴുന്നേൽക്കുമെന്നും രൂപാന്തരപ്പെടുമെന്നുമുള്ള വിശ്വാസം. ജീവിച്ചിരിക്കുന്ന ശരീരങ്ങൾ ദൈവാത്മാവ് കുടികൊള്ളുന്ന ആലയങ്ങളാണെന്നുള്ള ദർശനം. ഈ ദർശനങ്ങൾ ശരീരത്തെ നിഷേധാത്മകമായി കാണാനും വെറുക്കാനുമല്ല മറിച്ച് ബഹുമാനത്തോടെ കാണാനും സ്നേഹിക്കാനുമാണ് നമ്മെ പഠിപ്പിക്കുന്നത്.

ആരംഭത്തിൽ വിവരിച്ച മനുവിന്റെ ജീവിതത്തിൽ, കൗമാരത്തിലേക്ക് കയറുമ്പോൾ സ്വാഭാവികമായുണ്ടാകുന്ന പ്രശ്നങ്ങളായിരുന്നു അവൻ അനുഭവിച്ചത്. തന്റെ ശരീരത്തെക്കുറിച്ചും സൗന്ദര്യത്തെക്കുറിച്ചും ഉള്ളിൽ രൂപപ്പെട്ട അപകർഷതയാണ് അവനെ അമിതമായി സൗന്ദര്യ വർദ്ധക വസ്തുക്കൾ ഉപയോഗിക്കാനും തൃപ്തി വരാതെ പല വസ്ത്രങ്ങൾ മാറി മാറി ധരിച്ചു നോക്കാനുമൊക്കെ പ്രേരിപ്പിച്ചത്.



ഇതിനെ വെറുപ്പോടെ കണ്ട അമ്മയുടെ പ്രതികരണം അവനെ കൂടുതൽ വൈകാരിക സമ്മർദ്ദത്തിലാഴ്ത്തുകയും അപകർഷത വർദ്ധിപ്പിക്കുകയുമാണ് ചെയ്തത്. ശരീരത്തെക്കുറിച്ച് ആത്മവിശ്വാസമുള്ളവരും കണ്ണാടിയുടെ മുൻപിൽ സ്വന്തം ശരീരം ആസ്വദിച്ചും വിലമതിച്ചുമൊക്കെ കൂടുതൽ സമയം ചിലവഴിച്ചെന്ന് വരാം (പ്രത്യേകിച്ച് കൗമാരപ്രായത്തിൽ). ഇവയെല്ലാം സ്വാഭാവിക വളർച്ചയുടെ ഭാഗമായിക്കണ്ട് അംഗീകരിക്കാനും ഉൾക്കൊള്ളാനും കഴിയണം. അതെ സമയം പുറംമോടിക്കപ്പുറത്തുള്ള ശരീരത്തിന്റെ മഹത്വത്തെക്കുറിച്ച് ബോധ്യങ്ങളുണ്ടാവുകയും വേണം.

ആരംഭത്തിൽ പറഞ്ഞതുപോലെ പ്രായഭേദമന്യേ അനേകർ തങ്ങളുടെ ശരീരത്തെക്കുറിച്ച് കുറ്റബോധവും ലജ്ജയും അപകർഷതയും പേറി ജീവിക്കുന്നുണ്ട്. മറ്റുള്ളവരുടെ ശരീരത്തെക്കുറിച്ചുള്ള ദയാരഹിത വിമർശനങ്ങൾ അവരിൽ സൃഷ്ടിക്കുന്ന വേദനയും സംഘർഷങ്ങളും നമ്മൾ തിരിച്ചറിയേണ്ടതുണ്ട്. സ്കൂളിൽ മാർക്ക് കുറഞ്ഞ കുട്ടിയോട്, 'ഒരുങ്ങിക്കെട്ടി നടക്കാൻ സമയമുണ്ടല്ലോ, പഠിക്കാൻ മാത്രമേ സമയമില്ലാത്തതുള്ളു' എന്ന അദ്ധ്യാപകരുടെ കമന്റുകൾ തുടങ്ങി, സ്വന്തം ശരീരത്തെ ഭംഗിയായി സൂക്ഷിക്കുന്നതും കരുതുന്നതുമൊക്കെ അത്ര നല്ലതല്ല എന്നൊരു കുറ്റബോധം മറ്റുള്ളവരിൽ സൃഷ്ടിക്കുന്ന തരത്തിലുള്ള എത്രയോ പരാമർശങ്ങളും വിമർശനങ്ങളുമാണ് നമ്മൾ മറ്റുള്ളവർക്ക് നേരെ തൊടുത്തു വിടാറ്. ശരീരം മാത്രമാണ് യാഥാർത്ഥ്യം എന്നു കരുതി അതിനെ ഉപഭോഗ വസ്തുവായി കണക്കാക്കുന്ന ഭൗതിക വാദങ്ങളോടും ഉപഭോഗ സംസ്കാരത്തോടും യോജിക്കുകയല്ല ഇവിടെ ചെയ്യുന്നത്. മനുഷ്യന്റെ ആത്മാവ് മാത്രമല്ല ശരീരവും പ്രാധാന്യമർഹിക്കുന്നു എന്നത് അംഗീകരിക്കുക. ശരീരത്തെ അനുഗ്രഹമായിക്കണ്ട് അതിന്റെ നന്മകളോടും കുറവുകളോടും കൂടി ഉൾക്കൊള്ളുകയും സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുക. അത് ആത്മവിശ്വാസവും സ്വയം മതിപ്പും വർദ്ധിപ്പിക്കുകയും, വ്യക്തികളെ കൂടുതൽ സന്തുഷ്ടരാക്കുകയും ചെയ്യും. അത്തരത്തിൽ ആരോഗ്യമുള്ള സന്തുഷ്ടമായ മനസ്സുകളാവട്ടെ കൂടുതൽ ഉറച്ചതും പക്വവുമായ ആത്മീയതയിലേക്കാണ് നമ്മെ നയിക്കുക.

www.malankaralibrary.com



## കേരളസഭയിൽ വിശുദ്ധ യൗസേപ്പിതാവിന്റെ വർഷാചരണത്തിനു സമാപനം

കൊച്ചി: കുടുംബങ്ങളുടെയും സഭയുടെയും സംരക്ഷകനായ വിശുദ്ധ യൗസേപ്പിതാവിന്റെ ദർശനങ്ങൾ ആഴത്തിൽ പഠിക്കാനും അനുഭവിക്കാനും വിശുദ്ധന്റെ വർഷാചരണത്തിലൂടെ കേരളസഭയ്ക്കു സാധിച്ചതായി കെസിബിസി പ്രസിഡന്റ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പറഞ്ഞു. പിഒസിയിൽ നടന്ന വിശുദ്ധ യൗസേപ്പിതാവിന്റെ വർഷാചരണത്തിന്റെ കേരളസഭാതലത്തിലുള്ള സമാപന സമ്മേളനത്തിൽ സന്ദേശം നൽകുകയായിരുന്നു അദ്ദേഹം. മാർപാപ്പയുടെ ആഹ്വാനമനുസരിച്ചുള്ള യൗസേപ്പിതാവിന്റെ വർഷം കേരളസഭയിലെങ്ങും സജീവമായി ആചരിച്ചു. വിവിധ രീതികളിൽ വിശുദ്ധന്റെ ജീവിതവും സന്ദേശവും അനേകരിലേക്ക് എത്തിക്കാൻ വർഷാചരണം കാരണമായിട്ടുണ്ടെന്നും മാർ ആലഞ്ചേരി പറഞ്ഞു.




കെസിബിസി വൈസ് പ്രസിഡന്റ് ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ അധ്യക്ഷത വഹിച്ചു. സെക്രട്ടറി ജനറൽ ബിഷപ് ജോസഫ് മാർ തോമസ്, ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി, കെസിഎംഎസ് പ്രസിഡന്റും ഒഎസ്ജെ കോൺഗ്രിഗേഷൻ പ്രൊവിൻഷ്യലുമായ ഫാ. സെബാസ്റ്റ്യൻ ജെക്കോബി, സിഎംഐ പ്രിയോർ ജനറാൾ റവ.ഡോ. തോമസ് ചാത്തംപറമ്പിൽ, കെസിസി സെക്രട്ടറി ശ്രീമതി ജെസി ജെയിംസ്, ഫാ. സ്റ്റാൻലി മാതിരപ്പിള്ളി എന്നിവർ പ്രസംഗിച്ചു. (7/12/2021)

.................................................................

## ജനാധിപത്യം ശക്തിപ്പെടുത്തണം: ഫ്രാൻസിസ് മാർപാപ്പ

ആഥൻസ്: വലതുപക്ഷ പ്രാദേശികവാദവും അധികാരകേന്ദ്രീകരണവും യൂറോപ്പിലും ലോകത്തെ ഇതരഭാഗങ്ങളിലും ജനാധിപത്യത്തിനു ഭീഷണി ഉയർത്തുന്നതായി ഫ്രാൻസിസ് മാർപാപ്പ. ജനാധിപത്യത്തിന്റെ പിറവിസ്ഥലമായ ഗ്രീസിൽ സന്ദർശനം ആരംഭിച്ച മാർപാപ്പ, പ്രസിഡന്റ് കാതറീന സക്കെല്ലാറോപുലുവിന്റെ ഔദ്യോഗിക വസതിയിൽ രാഷ്ട്രീയ, സാസ്കാരിക നേതാക്കളെയും നയതന്ത്രപ്രതിനിധികളെയും അഭിസംബോധന ചെയ്യുകയായിരുന്നു.

ജീവനെ ബഹുമാനിക്കുന്ന പുതിയൊരു മാനവികത പിന്തുടരാൻ യൂറോപ്യൻ നേതാക്കൾ തയാറാകണം. എല്ലാവരും ഒരുമിച്ചു പ്രവർത്തിച്ചാലേ ലോകം ഇന്നു നേരിടുന്ന പരിസ്ഥിതിനാശം, പകർച്ചവ്യാധി, ദാരിദ്ര്യം തുടങ്ങിയ വെല്ലുവിളികൾ നേരിടാനാകൂ. ആഥൻസും ഗ്രീസും ഇല്ലായിരുന്നെങ്കിൽ യൂറോപ്പും ലോകവും ഇന്നത്തെ നിലയിലെത്തുമായിരുന്നില്ലെന്നും മാർപാപ്പ കൂട്ടിച്ചേർത്തു. (ദീപിക, 5/12/2021)

www.malankaralibrary.com

# 55ാമത് ലോക സമാധാനദിനത്തോടനുബന്ധിച്ച് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ നൽകുന്ന സന്ദേശം

**ജനുവരി 1, 2022**

## തലമുറകൾ തമ്മിലുള്ള സംഭാഷണം, വിദ്യാഭ്യാസം, തൊഴിൽ: സുസ്ഥിര സമാധാന സംസ്ഥാപനത്തിനുള്ള ഉപകരണങ്ങൾ

**1. സമാധാനം വിളംബരം ചെയ്യുന്നവൻറെ പാദം മലമുകളിൽ എത്ര മനോഹരമാണ്!** (ഏശ 52:7)

ഹിംസയും പീഡനവും സഹിച്ച്, അപമാനത്തിനും മരണത്തിനും വിധേയരാക്കപ്പെട്ട്, ആശയറ്റ ദിനങ്ങൾ കഴിക്കുന്ന പ്രവാസികളുടെ നെടുവീർപ്പുകൾക്ക് ശബ്ദം നൽകുന്ന ഏശയ്യാ പ്രവാചകൻറെ ആശ്വാസ വചസ്സുകളാണിവ. ബാറൂക്ക് പ്രവാചകൻ അത്ഭുതപ്പെട്ടു: 'ഇസ്രായേലേ നീ ശത്രുരാജ്യത്ത് അകപ്പെടാൻ എന്താണ് കാരണം? വിദേശത്തു വച്ച് വാർദ്ധക്യം പ്രാപിക്കുന്നതെന്തുകൊണ്ട്? മൃതരോടൊപ്പം അശുദ്ധരാകാൻ കാരണമെന്ത്? പാതാളത്തിൽ പതിക്കുന്നവരോടൊപ്പം നീ ഗണിക്കപ്പെടുന്നതെന്തുകൊണ്ട്?' (ബാറൂക്ക് 3:10.11) ഇസ്രായേലിലെ ജനങ്ങളെ സംബന്ധിച്ച്, സമാധാന ദൂതന്റെ വരവ് അർത്ഥമാക്കിയത് ചരിത്രത്തിൻറെ അവശിഷ്ടങ്ങൾക്കിടയിൽ നിന്നുള്ള പുനർജനിയും ശോഭനമായ ഭാവിയുടെ സമാരംഭവുമാണ്.

വി. പോൾ ആറാമൻ സമാധാന മാർഗത്തിന് നൽകിയ പുതിയ പേര് സമഗ്ര പുരോഗതി എന്നാണ്. ഏറെ ദുഃഖകരമെന്ന് പറയട്ടെ, ഇന്ന് അനേകം മനുഷ്യരുടെ ദൈനംദിന ജീവിതത്തിൽനിന്ന് സമാധാനം ഏറെ അകലെയാണ്. അപ്രകാരം ഇന്ന് പൂർണമായും പരസ്പരബന്ധിതമായ മനുഷ്യമഹാകുടുംബത്തിൽനിന്ന് അത് വിദൂരത്താണ്. രാഷ്ട്രങ്ങൾക്കിടയിലുള്ള സർഗാത്മകമായ സംഭാഷണം ലക്ഷ്യംവച്ചുകൊണ്ടുള്ള എണ്ണമറ്റ ഉദ്യമങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും, യുദ്ധങ്ങളുടെയും സംഘട്ടനങ്ങളുടെയും ചെകിടടപ്പിക്കുന്ന ശബ്ദം കൂടുതൽ രൂക്ഷമാവുകയാണ്. മഹാമാരിയുടെ മാനങ്ങളുള്ള അനേകം രോഗങ്ങൾ പടർന്നുപിടിക്കുമ്പോഴും കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലങ്ങളും പരിസ്ഥിതി മലിനീകരണവും ഗുരുതരമായിക്കൊണ്ടിരിക്കുകയാണ്; വിശപ്പും ദാഹവുമെന്ന ദുരന്തം വർദ്ധിക്കുകയാണ്; ഐക്യദാർഢ്യപരമായ പങ്കുവയ്ക്കലല്ല വ്യക്തികേന്ദ്രീകൃതമായ സാമ്പത്തിക മാതൃകകളാണ് പ്രബലപ്പെട്ടുകൊണ്ടിരിക്കുന്നത്. പണ്ടത്തെ പ്രവാചകന്മാരുടെ കാലത്തെന്നപോലെ നമ്മുടെ ഇക്കാലത്തും കേൾക്കുന്നത് നീതിക്കും സമാധാനത്തിനും വേണ്ടിയുള്ള യാചനതന്നെയായ 'പാവപ്പെട്ടവരുടെ കരച്ചിലും ഭൂമിയുടെ കരച്ചിലും' ആണ്.

**വിശപ്പും ദാഹവുമെന്ന ദുരന്തം വർദ്ധിക്കുകയാണ്; ഐക്യദാർഢ്യപരമായ പങ്കുവയ്ക്കലല്ല, വ്യക്തികേന്ദ്രീകൃതമായ സാമ്പത്തിക മാതൃകകളാണ് പ്രബലപ്പെട്ടുകൊണ്ടിരിക്കുന്നത്.**

ഓരോ കാലഘട്ടത്തിലും സമാധാനം എന്നത് ഒരേ സമയം ഉന്നതങ്ങളിൽ നിന്നുള്ള ദാനവും, പങ്കുവയ്ക്കപ്പെടുന്ന പ്രതിബദ്ധതയുടെ ഫലവുമാണ്. തീർച്ചയായും നമുക്ക് സമാധാനം എന്ന ഒരു നിർമ്മിതിയെക്കുറിച്ച് സംസാരിക്കാനാവും. സമൂഹത്തിലെ വിവിധ സ്ഥാപനങ്ങൾക്ക് ഇതിലേക്ക് സംഭാവനയർപ്പിക്കാൻ സാധിക്കും. അതുപോലെ, നാം ഓരോരുത്തരും നേരിട്ട് ബന്ധപ്പെടുന്ന സമാധാനമെന്ന കലയെക്കുറിച്ചും പറയാനാവും. കൂടുതൽ ശാന്തിനിറഞ്ഞ ഒരു ലോകത്തിന്റെ സംരചനയിൽ ഏവർക്കും സഹകരിച്ച് പ്രവർത്തിക്കാനാകും. ഇത് സമാരംഭിക്കേണ്ടത് വ്യക്തികളുടെ ഹൃദയങ്ങളിൽനിന്നും കുടുംബാംഗങ്ങളുടെ പരസ്പരബന്ധങ്ങളിൽ നിന്നുമാണ്. ഒപ്പം, സമൂഹത്തിലെ വിവിധ വിഭാഗങ്ങൾക്കിടയിലുള്ള ബന്ധത്തിലും പ്രകൃതിയുമായുള്ള ബന്ധത്തിലും അതുപോലെ, ജനതകൾക്കിടയിലും രാഷ്ട്രങ്ങൾക്കിടയിലും ഈ സുസ്വരത നിലനിൽക്കണം.

നിതാന്തമായ ശാന്തി പുലരുന്നതിനുവേണ്ടി മൂന്നു മാർഗങ്ങൾ നിർദ്ദേശിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഒന്ന്, തലമുറകൾ തമ്മിലുള്ള സംഭാഷണമാണ്. പങ്കുവയ്ക്കപ്പെടുന്ന പദ്ധതികളുടെ സാക്ഷാത്കാരത്തിന് അടിസ്ഥാനമായി അത് വർത്തിക്കും. രണ്ട്, സ്വാതന്ത്ര്യം, ഉത്തരവാദിത്തം, വളർച്ച എന്നീ ഘടകങ്ങളുള്ള വിദ്യാഭ്യാസം. മൂന്നാമതായി മനുഷ്യാന്തസ്സിന്റെ

www.malankaralibrary.com

പൂർണ്ണമായ സാക്ഷാത്കാരത്തിനുതകുന്ന തൊഴിൽ. സാമൂഹികമായ ഒരു ഉടമ്പടിയുടെ സംരചനയ്ക്ക് വേണ്ട, ഒഴിച്ചുകൂടാനാവാത്ത ഘടകങ്ങളാണിവ. ഇവയുടെ അഭാവത്തിൽ ഓരോ സമാധാന പദ്ധതിയും സാരവത്തല്ലാതായിത്തീരും.

**2. സമാധാനം കെട്ടിപ്പടുക്കുന്നതിനുവേണ്ടി തലമുറകൾ തമ്മിലുള്ള സംഭാഷണം**

വിവരണാതീതമായ പ്രശ്നങ്ങൾക്ക് വഴിവച്ച മഹാമാരിയുടെ പിടിയിലമർന്ന ലോകത്ത്, ചിലർ തങ്ങളുടെ ഇടുങ്ങിയ ആവൃതിയിൽ അഭയം പ്രാപിച്ചുകൊണ്ട് യാഥാർത്ഥ്യത്തിൽ നിന്ന് ഒളിച്ചോടാൻ ശ്രമിക്കുന്നുണ്ട്. അതേസമയം, മറ്റുചിലർ അതിനോട് പ്രതികരിക്കുന്നത് വിനാശകരമായ ഹിംസയിലൂടെയാണ്. എന്നാൽ, സ്വാർത്ഥമായ നിസ്സംഗതയ്ക്കും ഹിംസാത്മകമായ പ്രതിഷേധങ്ങൾക്കുമിടയിൽ സാധ്യമായ മറ്റൊരു മാർഗം 'ഡയലോഗ്' ആണ്. തലമുറകൾ തമ്മിലുള്ള സംഭാഷണമാണത്.

സത്യസന്ധമായ എല്ലാ സംഭാഷണങ്ങൾക്കും ശരിയായ, ഭാവാത്മകമായ ആശയങ്ങളുടെയും ദർശനങ്ങളുടെയും വിനിമയം എന്നതിനു പുറമെ, പങ്കാളികൾക്കിടയിലുള്ള പരസ്പരവിശ്വാസം ആവശ്യമുണ്ട്. ഈ പരസ്പര വിശ്വാസം വീണ്ടെടുക്കാൻ നാം പഠിക്കണം. ഇക്കാലത്തെ ഈ ആരോഗ്യ പ്രതിസന്ധി നമ്മുടെ ഒറ്റപ്പെടൽ മനോഭാവത്തെയും, തന്നിലേക്ക്തന്നെ ഉൾവലിയാനുള്ള പ്രവണതയെയും വർദ്ധിപ്പിച്ചിട്ടുണ്ട്. പ്രായംചെന്നവരുടെ ഏകാന്തതയ്ക്ക് ഒപ്പം നിൽക്കുന്നതാണ് യുവതയുടെ നിസ്സഹായതയും ഭാവിയെക്കുറിച്ചുള്ള ദർശനങ്ങളുടെ അഭാവവും. ഈ പകർച്ചവ്യാധി, തീർച്ചയായും, വേദനാജനകമായിരുന്നു. എന്നാൽ, ജനങ്ങളിലുള്ള ഏറ്റവും മഹത്തായ നന്മ പുറത്തുകൊണ്ടുവരുന്നതിനും അത് സഹായകമായി. മഹാമാരിക്കാലത്ത് കരുണയുടെ ഉദാരവും ഉദാത്തവുമായ അനവധി ഉദാഹരണങ്ങൾ നാം കണ്ടു. പങ്കുവയ്ക്കലും കൂട്ടായ്മയും ലോകത്തിന്റെ എല്ലാഭാഗത്തും പ്രകടമായി.

**യുവാക്കൾക്ക് മുതിർന്നവരുടെ അറിവും അനുഭവജ്ഞാനവും ആവശ്യമായിരിക്കുന്നതുപോലെ മുതിർന്നവർക്ക് യുവാക്കളുടെ പിന്തുണയും സ്നേഹവും ഒപ്പം അവർക്കുണ്ടായിരിക്കുന്ന സർഗാത്മകതയും ചലനാത്മകതയും ആവശ്യമാണ്.**

പരസ്പരം ശ്രവിക്കൽ, വിവിധ കാഴ്ചപ്പാടുകളുടെ പങ്കുവയ്ക്കൽ, ധാരണയിൽ എത്തിച്ചേരൽ, പിന്നീടുള്ള ഒന്നിച്ചുപോകൽ എന്നിവയെല്ലാം ഡയലോഗിന്റെ അവിഭാജ്യ ഘടകങ്ങളാണ്. സംഘർഷങ്ങളുടെയും നിസ്സംഗതയുടെയും കഠിനവും ഊഷരവുമായ മണ്ണിനെ ഉഴുതുമറിച്ച് അവിടെ നിതാന്തവും പങ്കുവയ്ക്കപ്പെടുന്നതുമായ ശാന്തിയുടെ വിത്തുകൾ വിതയ്ക്കുക എന്നത് തലമുറകൾ തമ്മിലുള്ള ഇത്തരം സംഭാഷണങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗം തന്നെയാണ്.

സാങ്കേതിക വിദ്യയിലും സാമ്പത്തിക മേഖലയിലും ഉണ്ടായ വളർച്ച മൂലം, തലമുറകൾക്കിടയിൽ ഒരു വിഭജനം ഉണ്ടായിട്ടുണ്ടെങ്കിലും ഇപ്പോഴത്തെ പ്രതിസന്ധി തലമുറകളുടെ പങ്കാളിത്തത്തിന്റെ ആവശ്യകതയെയാണ് എടുത്തുകാണിക്കുന്നത്. യുവാക്കൾക്ക് മുതിർന്നവരുടെ അറിവും അനുഭവജ്ഞാനവും ആവശ്യമായിരിക്കുന്നതുപോലെ മുതിർന്നവർക്ക് യുവാക്കളുടെ പിന്തുണയും സ്നേഹവും ഒപ്പം അവർക്കുണ്ടായിരിക്കുന്ന സർഗാത്മകതയും ചലനാത്മകതയും ആവശ്യമാണ്.

സാമൂഹികമായ വലിയ വെല്ലുവിളികളും സമാധാന പ്രക്രിയകളും സ്മരണകളുടെ സൂക്ഷിപ്പുകാരായ മുതിർന്നവരും ചരിത്രത്തെ മുന്നോട്ടുനയിക്കേണ്ട യുവാക്കളും തമ്മിലുള്ള സംവാദത്തെ അത്യന്താപേക്ഷിതമാക്കുന്നു. ഇതരർക്ക് ഇടം അനുവദിക്കാൻ ഇരുകൂട്ടരും പരസ്പരം തയ്യാറാവണം. സ്വന്തം സ്ഥാപിത താല്പര്യങ്ങൾ പിന്തുടർന്ന് സമസ്ത മേഖലകളും തങ്ങളുടെ കുത്തകയാക്കണമെന്ന ചിന്തവെടിയണം. ഭൂതവും ഭാവിയും ഇല്ലെന്ന് ആരും ചിന്തിക്കാതിരിക്കട്ടെ. ആരോഗ്യകരമായ രാഷ്ട്രീയത്തിന്റെ ചാലകശക്തി തലമുറകൾ തമ്മിലുള്ള പരസ്പര സംഭാഷണമാണെന്ന വസ്തുതയാണ്, നാമിപ്പോൾ അഭിമുഖീകരിക്കുന്ന ആഗോള പ്രതിസന്ധി വ്യക്തമാക്കുന്നത്. 'ഇന്നത്തെ പ്രശ്നങ്ങൾക്ക് താൽക്കാലിക പരിഹാരമോ തട്ടിക്കൂട്ടലോ കൊണ്ടുമാത്രം ആരും തൃപ്തരല്ല', പ്രത്യുത, ഭാവിക്കുവേണ്ടിയുള്ള സുസ്ഥിരവും പങ്കുവയ്ക്കപ്പെടുന്നതുമായ പദ്ധതികൾ ആവിഷ്കരിക്കുന്ന ഉദാത്തമായ പരസ്നേഹത്തിന്റെ മഹിതമാതൃക എന്ന നിലയ്ക്കാണ് അവർ അതിനെ വീക്ഷിക്കുന്നത്.

പ്രശ്നങ്ങൾക്കും ബുദ്ധിമുട്ടുകൾക്കും ഇടയിൽ ഇപ്രകാരം തലമുറകൾ തമ്മിലുള്ള സംഭാഷണം നടത്തുകയാണെങ്കിൽ 'വർത്തമാനകാലത്ത് വേരൂന്നി നിന്നുകൊണ്ട് ഭൂതകാലത്തെ

www.malankaralibrary.com

പുനഃസന്ദർശിക്കാനും ഭാവിയെ ദർശിക്കാനും സാധിക്കും. ഭൂതകാലത്തെ നാം പുനഃസന്ദർശിക്കുന്നത് ചരിത്രത്തിൽനിന്ന് പഠിക്കുന്നതിനും ഇന്നും നമ്മെ അലട്ടുന്ന ചില പഴയ മുറിവുകൾ ഉണക്കുന്നതിനും വേണ്ടിയാണ്. ഭാവിയിലേക്ക് നോക്കുന്നത് നമ്മുടെ ഉത്സാഹത്തെ പരിപോഷിപ്പിക്കുന്നതിനും പുതിയ സ്വപ്നങ്ങൾ നെയ്തെടുക്കുന്നതിനും പുതിയ പ്രവചനങ്ങളെ ഉണർത്തുന്നതിനും പ്രത്യാശ പൂവണിയുന്നതിനും ഉപകരിക്കും. ഒരുമിച്ച് നമുക്ക് പങ്കുവച്ച് പഠിക്കാം. വേരുകളില്ലാതെ മരങ്ങൾക്ക് എങ്ങനെയാണ് വളരാനും ഫലം പുറപ്പെടുവിക്കാനും സാധിക്കുക?

നാം നമ്മുടെ പൊതു ഭവനത്തെക്കുറിച്ചുള്ള കരുതലിനെപ്പറ്റി ചിന്തിക്കുക മാത്രമേ വേണ്ടൂ. യഥാർത്ഥത്തിൽ, പരിസ്ഥിതി ഓരോതലമുറയ്ക്കും കടമായി നല്കപ്പെട്ടതാണ്, അടുത്ത തലമുറയ്ക്ക് കൈമാറാൻ വേണ്ടി. കൂടുതൽ നീതിയുക്തമായ, നീതിനിറഞ്ഞ ഒരു ലോകത്തിനു വേണ്ടി പ്രവർത്തിക്കുന്ന യുവാക്കളെ നാം ആദരിക്കുകയും പ്രോത്സാഹിപ്പിക്കുകയും വേണം. ആ ലോകം നമ്മുടെ കാവലിനും സൂക്ഷിപ്പിനുമായി ഏല്പിക്കപ്പെട്ടിട്ടുള്ള സൃഷ്ടികളോട് കരുണാർദ്രമായ കരുതലുള്ളതാണ്. തികഞ്ഞ ഉത്സാഹത്തോടും ആർജ്ജവത്തോടും കൂടിയാണ് അവർ ഇക്കാര്യം നിർവ്വഹിക്കുന്നത്. ഇന്നത്തെ ധാർമ്മിക സാമൂഹിക പാരിസ്ഥിതിക പ്രതിസന്ധികൾ ഉയർത്തുന്ന വെല്ലുവിളികൾ അനിവാര്യമാക്കുന്ന അടിയന്തരമായ ഗതിമാറ്റമാണ് അവരെ ഉത്തരവാദിത്വബോധമുള്ളവരാക്കുന്നത്.

സമാധാനത്തിന്റെ പാതകൾ കൂട്ടായി നിർമ്മിക്കാനുള്ള സാഹചര്യത്തിന് വിദ്യാഭ്യാസവും തൊഴിലും അവഗണിക്കാനാവില്ല. ഇവരണ്ടുമാണ് തലമുറകൾ തമ്മിലുള്ള ഡയലോഗിന് വേണ്ട വേദിയും പശ്ചാത്തലവും ഒരുക്കുന്നത്. വിദ്യാഭ്യാസമാണ് തലമുറകൾ തമ്മിലുള്ള ഡയലോഗിന് വേണ്ട വ്യാകരണം നൽകുന്നത്. തൊഴിലിന്റെ അനുഭവം വഴി വിവിധ തലമുറകളിലെ പുരുഷന്മാരും സ്ത്രീകളും പ്രാഗല്ഭ്യവും അനുഭവജ്ഞാനവും നൈപുണ്യവും പങ്കുവയ്ക്കുകയും പൊതുനന്മയെ കരുതി സഹകരിച്ചു പ്രവർത്തിക്കുന്നതിനുള്ള സാധ്യതയെ സാക്ഷാത്കരിക്കുകയും ചെയ്യുന്നു.

**3. സമാധാനത്തിൻറെ ചാലകശക്തിയായി അധ്യാപനവും വിദ്യാഭ്യാസവും.**

അടുത്തകാലത്ത് ലോകമാസകലം വിദ്യാഭ്യാസത്തിനും പരിശീലനത്തിനുമായി ലഭിച്ചിരുന്ന ഫണ്ടുകളിൽ നിർണ്ണായകമായ ഇടിവുണ്ടായി. ഒരു നിക്ഷേപം എന്നതിനെക്കാൾ ചെലവായിട്ടാണ് ഇവയെ കണക്കാക്കിയിരുന്നത്. എന്നിരുന്നാലും, സമഗ്രമായ മാനുഷിക വികസനത്തിന്റെ പ്രാഥമികമായ ഉപകരണമാണത്. വ്യക്തികളെ കൂടുതൽ സ്വതന്ത്രരും ഉത്തരവാദിത്തമുള്ളവരും ആക്കുന്നത് വിദ്യാഭ്യാസമാണ്. സമാധാനത്തിന്റെ സാധൂകരണത്തിനും ഉന്നമനത്തിനും അത്യന്താപേക്ഷിതമാണത്. ചുരുക്കത്തിൽ, ഒത്തൊരുമയുള്ള ഒരു പൗരസമൂഹത്തിൻറെ അടിസ്ഥാനം അധ്യാപനവും വിശ്വാസവുമാണ്. അവ പ്രത്യാശയും ഐശ്വര്യവും പുരോഗതിയും സൃഷ്ടിക്കുന്നു.

നേരേമറിച്ച്, സൈനികച്ചെലവുകൾ ശീതയുദ്ധാനന്തര കാലത്തേതുമായി തട്ടിച്ചുനോക്കുമ്പോൾ പതിന്മടങ്ങ് വർദ്ധിച്ചിട്ടുണ്ട്. ഇനിയും അത് അമിതമായി വർദ്ധിക്കുമെന്ന് ഉറപ്പാണ്. സർക്കാരുകൾ സാമ്പത്തിക നയങ്ങളിൽ കാതലായ മാറ്റംവരുത്തി, വിദ്യാഭ്യാസത്തിനും ആയുധ സംഭരണത്തിനുമായി പൊതുഖജനാവിൽ നിന്ന് നീക്കിവയ്ക്കുന്ന വിഹിതങ്ങളിൽ ഒരു വിപരീതാനുപാതം നടപ്പിൽ വരുത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ആത്മാർത്ഥമായ ഒരു അന്തർദ്ദേശീയ നിരായുധീകരണ പ്രക്രിയായജ്ഞം തുടങ്ങുന്നത് ജനതതികൾക്കും രാഷ്ട്രങ്ങൾക്കും വലിയ നേട്ടമായിരിക്കും. അതുവഴി മാറ്റിവയ്ക്കാൻ കഴിയുന്ന ഫണ്ടുപയോഗിച്ച് ആരോഗ്യപരിരക്ഷ, സ്കൂളുകൾ അടിസ്ഥാന സൗകര്യ വികസനം, ഭൂമിയുടെ പരിരക്ഷ എന്നിവ ഭംഗിയായി നടത്തിക്കൊണ്ടുപോകാൻ കഴിയും.

**'ഒരു രാജ്യം തിളങ്ങിവിളങ്ങുന്നത് സർഗാത്മകമായ സംഭാഷണം സമ്പന്നമായ അതിന്റെ സാംസ്കാരിക ഘടകങ്ങൾക്കിടയിൽ നടക്കുമ്പോഴാണ്.'**

വിദ്യാഭ്യാസത്തിൽ നടത്തുന്ന മുതൽമുടക്കിനെ തുടർന്ന് കരുതലിന്റെ ഒരു സംസ്കാരം വളർത്തുന്നതിനുള്ള കൂടുതലായ ഉദ്യമങ്ങളും ഉണ്ടാകുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. സാമൂഹിക വിഭാഗീകരണങ്ങളും, നിസ്സംഗത പുലർത്തുന്ന സ്ഥാപനങ്ങളും നിലനിൽക്കുന്നതിനിടയിൽ ഇത് ഒരു പൊതുഭാഷയായി വികസിച്ച് തടസ്സങ്ങളും മതിലുകളും തട്ടിനിരത്തി പരസ്പര ധാരണയുടെ ഒരു പാലം പണിയാൻ അതിടയാക്കും. 'ഒരു രാജ്യം തിളങ്ങിവിളങ്ങുന്നത് സർഗാത്മകമായ സംഭാഷണം സമ്പന്നമായ അതിന്റെ സാംസ്കാരിക ഘടകങ്ങൾക്കിടയിൽ നടക്കുമ്പോഴാണ്. ജനപ്രിയ സംസ്കാരം, സർവ്വകലാശാലാ സംസ്കാരം, യുവജന സംസ്

www.malankaralibrary.com

കാരം, കലാസാംസ്കാരം, സാങ്കേതിക സംസ്കാരം, സാമ്പത്തിക സംസ്കാരം, കുടുംബ സംസ്കാരം, മാധ്യമ സംസ്കാരം എന്നിവ സംസ്കാരത്തിന്റെ വിവിധ ഘടകങ്ങളാണ്. ആയതിനാൽ, സംസ്കാരത്തിന്റെ ഒരു നവ മാതൃക വളർത്തിയെടുക്കേണ്ടത് അത്യന്താപേക്ഷിതമാണ്. പുതിയ തലമുറയ്ക്കുവേണ്ടി അവരോടൊപ്പംചേർന്നുള്ള ഒരു അന്തർദേശീയ ഉടമ്പടിയിലൂടെ ഇത് സാധ്യമാണ്. സമഗ്ര വളർച്ച പ്രാപിക്കുന്ന യുവതീയുവാക്കളെ പരിശീലിപ്പിക്കുന്നതിന് പ്രതിബദ്ധതയോടെ പ്രവർത്തിക്കാൻ കുടുംബങ്ങളെയും സമൂഹത്തെയും സ്കൂളുകളെയും സർവ്വകലാശാലകളെയും സ്ഥാപനങ്ങളെയും മതങ്ങളെയും സർക്കാരുകളെയും മനുഷ്യമഹാകുടുംബത്തെ തന്നെയും ഇതിൽ ഭാഗഭാക്കുകളാക്കണം. സമഗ്രമായ ഈ വിദ്യാഭ്യാസ പദ്ധതിയിൽ, സമഗ്ര പരിസ്ഥിതിശാസ്ത്രം, സമാധാനത്തിന്റെ സാംസ്കാരിക മാതൃക, സാഹോദര്യ കേന്ദ്രിതമായ സുസ്ഥിരവികസനം, മനുഷ്യനും പരിസ്ഥിതിയുമായുള്ള ഉടമ്പടി എന്നീ വിഷയങ്ങൾ ഉൾപ്പെടുന്നു.

പുതിയ തലമുറയുടെ വിദ്യാഭ്യാസത്തിലും പരിശീലനത്തിലും നാം നിക്ഷേപങ്ങൾ നടത്തുക വഴി, അവരുടെ സ്വഭാവ രൂപീകരണത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച് അവരെ നമുക്ക് സഹായിക്കാനാകും. അപ്രകാരം, അവർ അർഹിക്കുന്ന തൊഴിൽ അവർക്ക് സംലഭ്യമാവുകയും ചെയ്യും.

**4. തൊഴിൽ സൃഷ്ടിക്കുകയും ഉറപ്പാക്കുകയും വഴി സമാധാനം സംജാതമാക്കാം**

സമാധാനം സൃഷ്ടിക്കുന്നതിലും പരിപാലിക്കുന്നതിലും തൊഴിൽ ഒഴിച്ചുകൂടാനാവാത്ത ഒരു ഘടകമാണ്. നമ്മുടെയും നമ്മുടെ താലന്തുകളുടെയും പ്രതിബദ്ധതയുടെയും നിക്ഷേപങ്ങളുടെയും സഹകരണത്തിന്റെയും പ്രകാശനമാണ് നാം ചെയ്യുന്ന തൊഴിൽ. മറ്റുള്ളവർക്കൊപ്പമോ മറ്റൊരാൾക്കുവേണ്ടിയോ ആണല്ലോ നാം സാധാരണയായി ജോലി ചെയ്യുക. ഈ സാമൂഹിക പരിപ്രേക്ഷ്യത്തിലൂടെ നോക്കുമ്പോൾ കൂടുതൽ സുന്ദരവും ജീവിക്കാൻ ഉതകുന്നതുമായ ലോകത്തിന്റെ സംരചനയിൽ സംഭാവനകളർപ്പിക്കാൻ നമ്മുടെ തൊഴിലിടം നമ്മെ പ്രാപ്തരാക്കും.

കോവിഡ് 19 എന്ന മഹാമാരി നമ്മുടെ തൊഴിൽമേഖലകളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. അനവധി വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുന്ന ഒരു രംഗമാണിത്. ദശലക്ഷക്കണക്കിന് വരുന്ന സാമ്പത്തിക ഉൽപ്പാദന സംരംഭങ്ങൾ പാടേ പരാജയപ്പെട്ടു. ദിവസ വേതനക്കാരായ തൊഴിലാളികൾ കൂടുതൽ കഷ്ടത്തിലായി. അവശ്യ സേവന മേഖലകളിൽ തൊഴിലെടുത്തിരുന്നവരുടെ സാമൂഹിക സ്ഥിതി കൂടുതൽ പരിതാപകരമാണ്. വിദൂരവിദ്യാഭ്യാസം മൂലം പഠനത്തിൽ പോരായ്മകളുണ്ടായി. കോഴ്സുകൾ സമയബന്ധിതമായി പൂർത്തിയാക്കാനായില്ല. തൊഴിൽമേഖലയിൽ പ്രവേശിക്കാൻ കാത്തിരിക്കുന്നവരും തൊഴിലില്ലാതായിത്തീർന്ന യുവാക്കളും അഭിമുഖീകരിക്കുന്നത് ഇരുണ്ട ഭാവിയെയാണ്.

> **ഏതൊരുസമൂഹത്തിലും നീതിയും അഖണ്ഡതയും വളർത്തിയെടുക്കേണ്ടത് തൊഴിലിന്റെ അടിസ്ഥാനത്തിലായിരിക്കണം.**

അനൗപചാരിക സാമ്പത്തിക മേഖലയിലും സവിശേഷമായ രീതിയിൽ ഈ പ്രതിസന്ധിയുടെ ആഘാതം ഏറെ നാശം വിതച്ചു. അതിഥിത്തൊഴിലാളികളാണ് ഇതിന്റെ ആഘാതം ഏറ്റവുമധികം ഏറ്റുവാങ്ങിയത്. പലരാജ്യങ്ങളും അതിഥിത്തൊഴിലാളികളെ അംഗീകരിച്ചുകൊണ്ടുള്ള നിയമനിർമ്മാണം നടത്തിയിട്ടില്ലാത്തതിനാൽ അവർക്ക് അസ്തിത്വമില്ലാത്ത സ്ഥിതിയാണുള്ളത്. അവരും അവരുടെ കുടുംബങ്ങളും ജീവിക്കുന്നത് വളരെ ദയനീയമായ അവസ്ഥയിലാണ്. പലതരത്തിലുള്ള അടിമത്തങ്ങൾക്കും ഇരയാണവർ. അവരെ സംരക്ഷിക്കുന്നതിനുള്ള യാതൊരുവിധ ക്ഷേമപദ്ധതികളും പലയിടങ്ങളിലുമില്ല. ലോകത്തിലെ തൊഴിലാളികളിൽ മൂന്നിൽ ഒരാൾക്ക് മാത്രമേ സാമൂഹിക സുരക്ഷയുടെ പ്രയോജനം ലഭിക്കുന്നുള്ളൂ. ഹിംസയും സംഘടിതമായ കുറ്റകൃത്യങ്ങളും പലരാജ്യങ്ങളിലും വർദ്ധിച്ചുവരുന്നത് പ്രതികൂലമായി ബാധിക്കുന്നത് മനുഷ്യന്റെ സ്വാതന്ത്ര്യത്തെയും അന്തസ്സിനെയുമാണ്. അത് സാമ്പത്തിക വ്യവസ്ഥയെ വിഷലിപ്തമാക്കുകയും പൊതുനന്മയുടെ വളർച്ചയെ തടസ്സപ്പെടുത്തുകയും ചെയ്യുന്നു. ഇതിനുള്ള ഏക പരിഹാരം അന്തസ്സുള്ള തൊഴിലവസരങ്ങളുടെ വികാസമാണ്.

ഏതൊരുസമൂഹത്തിലും നീതിയും അഖണ്ഡതയും വളർത്തിയെടുക്കേണ്ടത് തൊഴിലിന്റെ അടിസ്ഥാനത്തിലായിരിക്കണം. ഇക്കാരണത്താൽ, മനുഷ്യാദ്ധ്വാനത്തെ പാടേ ഇല്ലാതാക്കുന്ന സാങ്കേതിക വളർച്ച ഉണ്ടാകണമെന്ന ലക്ഷ്യം നാം മുന്നിൽ വയ്ക്കരുത്. അത് മനുഷ്യവംശത്തിനുതന്നെ നാശകരമായിരിക്കും. തൊഴിൽ ഒഴിച്ചുകൂടാനാവാത്തതാണ്. ഈ ഭൂമിയിലെ ജീവിതത്തിന് അർത്ഥം നൽകുന്ന മുഖ്യ ഘടകമാണത്. വളർച്ചയിലേക്കും മാനുഷികമായ വികാസത്തിലേക്കും വ്യക്തിപരമായ സാഫല്യത്തിലേക്കുമുള്ള പാതയാണത്.


www.malankaralibrary.com

നമ്മുടെ ആശയങ്ങളും പരിശ്രമങ്ങളും സമന്വയിപ്പിച്ചുകൊണ്ട് പ്രശ്നങ്ങൾക്കുള്ള പരിഹാരം കണ്ടെത്തി തൊഴിലെടുക്കാൻ തക്ക പ്രായമുള്ളവർക്കൊക്കെ തൊഴിൽ ചെയ്യാനുള്ള അവസരം ലഭ്യമാക്കണം. അപ്രകാരം ഓരോരുത്തരുടെയും കുടുംബജീവിതത്തിലേക്കും സമൂഹത്തിന് മൊത്തത്തിലും സേവനമർപ്പിക്കാൻ സാഹചര്യം സൃഷ്ടിക്കപ്പെടും.

മറ്റെല്ലാ കാലത്തെയുംകാൾ ലോകത്താകമാനം മെച്ചപ്പെട്ടതും അന്തസ്സാർന്നതുമായ തൊഴിൽസാഹചര്യം ഉറപ്പാക്കുന്നതിന് അടിയന്തിര പ്രാധാന്യമുണ്ട്. അത് പൊതു നന്മയെ ലക്ഷ്യം വെയ്ക്കുന്നതും സൃഷ്ടിയെ ആകെ പരിപാലിക്കുന്നതുമായിരിക്കണം. ബിസിനസ് സംരംഭകരുടെ ഉദ്യമങ്ങളെ ഉറപ്പാക്കുകയും പിന്തുണയ്ക്കുകയും വേണം. അതേസമയം, സാമൂഹിക ഉത്തരവാദിത്വത്തെക്കുറിച്ച് നവമായൊരു അവബോധം അത്യാവശ്യമായും പ്രോത്സാഹിക്കപ്പെടണം. അതുവഴി ലാഭം മാത്രമാണ് ഏകചാലകശക്തി എന്ന മാനദണ്ഡം ഇല്ലാതാവും.

ഇതിന്റെ വെളിച്ചത്തിൽ തൊഴിലാളികളുടെ മൗലികാവകാശങ്ങളെ ആദരിക്കുന്നതിലേക്കു നയിക്കുന്ന എല്ലാ ഉദ്യമങ്ങളെയും പ്രോത്സാഹിപ്പിക്കുകയും സ്വാഗതംചെയ്യുകയും പിന്തുണയ്ക്കുകയും വേണം. ഇതിനെക്കുറിച്ചുള്ള അവബോധം, കമ്പനികളിലും സ്ഥാപനങ്ങളിലും ഉപഭോക്താക്കളിലും പൗരസമൂഹത്തിലും സംരംഭകരുടെ തലത്തിലും വളർത്തിയെടുക്കണം. സമൂഹത്തിൽ തങ്ങളുടെ സ്ഥാനം ശരിയായി മനസ്സിലാക്കുന്ന സംരംഭകർ തങ്ങളുടെ സ്ഥാപനങ്ങളെ മനുഷ്യാന്തസ്സിനെ ആദരിക്കുന്ന ഇടങ്ങളായി കണക്കാക്കും. അതുവഴി അവരും സമാധാന സംസ്ഥാപനത്തിൽ പങ്കാളികളാവും. ഇവിടെ രാഷ്ട്രീയത്തിന് നിർണായകമായ പങ്കുവഹിക്കാനാവും. സാമ്പത്തിക സ്വാതന്ത്ര്യവും സാമൂഹികനീതിയും തമ്മിലുള്ള നീതിപൂർവ്വകമായ ഒരു പൊരുത്തം ഉണ്ടാവണം. കത്തോലിക്കാ തൊഴിലാളികൾ, സംരംഭകർ തുടങ്ങി ഈ മേഖലയിലുള്ളഎല്ലാവർക്കും മാർഗദർശനം നല്കാൻ പര്യാപ്തമാണ് സഭയുടെ സാമൂഹിക പ്രബോധനങ്ങൾ.

പ്രിയ സഹോദരീസഹോദരന്മാരേ, മഹാമാരിയിൽ നിന്നും രക്ഷനേടാൻ നാം സഹകരിച്ച് സംഘാതമായി നമ്മുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് മുന്നോട്ടു പോകുമ്പോൾ ഉദാരമായി ഉത്തരവാദിത്വത്തോടെ പ്രവർത്തിക്കുന്ന എല്ലവരോടുമുള്ള എന്റെ കൃതജ്ഞത ഞാൻ വീണ്ടും നവീകരിക്കുന്നു. വിദ്യാഭ്യാസം, സുരക്ഷ, അവകാശസംരക്ഷണം ആരോഗ്യപരിരക്ഷ, കുടുംബങ്ങളുടെയും രോഗികളുടെയും ശുശ്രൂഷ, ജീവകാരുണ്യ പ്രവർത്തനം, തൊഴിൽ നഷ്ടപ്പെട്ടവരുടെ പുനരധിവാസം എന്നീ മേഖലകളിൽ സേവനം ചെയ്യുന്ന സർവരെയും നന്ദിപൂർവം സ്മരിക്കുന്നു. കഷ്ടപ്പാടനുഭവിക്കുന്ന സകലരെയും അവരുടെ കുടുംബങ്ങളെയും എന്റെ പ്രാർത്ഥനകളിൽ ഓർമ്മിക്കുന്നു.



സർക്കാരിലെ നേതാക്കളോടും രാഷ്ട്രീയ സാമൂഹികമേഖലകളിലെ ഉത്തരവാദിത്വപ്പെട്ടവരോടും പുരോഹിതരോടും അജപാലകരോടും സന്മനസ്സുള്ള സകല സ്ത്രീപുരുഷന്മാരോടും ഞാൻ അഭ്യർത്ഥിക്കുന്നു. ധീരതയോടും സർഗാത്മകതയോടും തലമുറകൾ തമ്മിലുള്ള സംവാദത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും തൊഴിലിന്റെയും പാതയിൽ ഒന്നിച്ചു നടന്നു നീങ്ങാം. എളിമയോടും ധീരതയോടും കൂടെ കൂടുതൽ കൂടുതൽ പുരുഷന്മാരും സ്ത്രീകളും സമാധാനത്തിൻറെ ശില്പികളായിത്തീരട്ടെ! സാമാധാനത്തിന്റെദൈവം അവരെ പ്രചോദിപ്പിക്കുകയും അവരിൽ അനുഗ്രഹം വർഷിക്കുകയും ചെയ്യട്ടെ!

**വത്തിക്കാനിൽ നിന്ന്,**
**8 ഡിസംബർ 2021,**
**ഫ്രാൻസിസ് പാപ്പാ**

www.malankaralibrary.com

# മതനിയമങ്ങൾ കാലത്തിനൊത്തു മാറ്റാനാവുമോ?

ഫാ. വർഗീസ് വള്ളിക്കാട്ട്



**പു**രാതന ഭാരതത്തിലെന്നപോലെ, മത നിയമങ്ങൾ മനുഷ്യ ജീവിതത്തിന്റെ സർവതലങ്ങളെയും നിയന്ത്രിച്ചിരുന്ന യഹൂദ സമൂഹത്തിലാണ് യേശുക്രിസ്തു ജനിച്ചതും ജീവിച്ചതും. നിയമജ്ഞരോടും ഫരിസേയരോടും നിയമാനുഷ്ഠാനങ്ങളുടെ പേരിൽ യേശു പലപ്പോഴും ഏറ്റുമുട്ടിയിട്ടുണ്ട്. മത നിയമങ്ങൾക്കുമേൽ മനുഷ്യാന്തസ്സിനെ പ്രതിഷ്ഠിക്കുകയും, മത നിയമങ്ങളിൽ നിന്നു വ്യത്യസ്തമായ രാഷ്ട്രനിയമങ്ങൾ പാലിക്കുന്നതിന് തന്റെ ശിഷ്യരെ ഉപദേശിക്കുകയും ചെയ്യുന്ന സന്ദർഭങ്ങൾ യേശുവിന്റെ ജീവിതത്തിൽ കാണാം.

മനുഷ്യജീവിതത്തിന്റെ ആത്മീയധാർമ്മിക മേഖലകളിൽ, ദൈവദത്തമായ നിയമങ്ങൾ പാലിക്കുമ്പോൾത്തന്നെ, പൗരജീവിതത്തിന്റെ സാമൂഹ്യരാഷ്ട്രീയ മേഖലകളിൽ രാഷ്ട്രത്തിന്റെ നിയമങ്ങൾ പാലിക്കപ്പെടുന്നതിനെ അനുകൂലിക്കുന്ന നിലപാടായിരുന്നു യേശുവിന്റേത്. അതാണ്, 'ദൈവത്തിന്റേതു ദൈവത്തിനും സീസറിന്റേത് സീസറിനും' എന്ന ക്രിസ്തു വചനത്തിൽ വെളിപ്പെടുന്നത്. ഇത്, മോശയുടെ 'മതരാഷ്ട്ര' നിയമങ്ങളുടെ കാലത്തിനൊത്ത പൊളിച്ചെഴുത്തായിരുന്നു എന്നു പറയുന്നതിൽ, അതിശയോക്തിയില്ല.

കാലത്തിനൊത്തു മാറാവുന്നതും അല്ലാത്തതുമായ നിയമങ്ങളുണ്ട് എന്ന ദർശനമാണ് ക്രിസ്തു അവതരിപ്പിക്കുന്നത്. മതത്തിന്റെ സമഗ്രാധിപത്യത്തിൽനിന്നും മനുഷ്യനെ വിമോചിപ്പിക്കുകയും, രാഷ്ട്രത്തിനു സാമൂഹ്യസാമ്പത്തികരാഷ്ട്രീയ മേഖലകളിൽ നിയമ നിർമ്മാണത്തിനുള്ള അവകാശത്തെ സാധൂകരിക്കുകയും ചെയ്യുന്ന നിലപാടാണ് ക്രിസ്തു സ്വീകരിക്കുന്നത്. ഈ നിലപാടാണ്, പൗരസമൂഹത്തിനു രാഷ്ട്രനിർമ്മാണത്തിലുള്ള പരമാധികാരം എന്ന ആശയത്തെ ക്രൈസ്തവ ലോകത്തു സ്വീകാര്യമാക്കിയത്.

റിപ്പബ്ലിക് എന്ന ആശയം പ്രസക്തമാകുന്നത് ജനങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന ഈ നിയമ നിർമ്മാണ അധികാരത്തിന്റെ പശ്ചാത്തലത്തിൽ മാത്രമാണ്. സമ്പൂർണ്ണമായ അർത്ഥത്തിൽ, ഒരു 'ദൈവീക റിപ്പബ്ലിക്' ഉണ്ടാവുക അസാധ്യമാണ്. ഇക്കാര്യത്തിൽ, യഹൂദ സാമുദായിക രീതികളോടെന്നതിനേക്കാൾ, ഗ്രീക്കുകാരുടെ ചിന്താരീതിയോടാണ്, യേശുവിന്റെ നിലപാട് ചേർന്നുപോകുന്നത് എന്നു കാണാവുന്നതാണ്. ഇത് എ. ഡി. ഒന്നാം നൂറ്റാണ്ടിൽ റോമൻ ആധിപത്യത്തിലായിരുന്ന പലസ്തീനയിൽ ഉണ്ടായ സംഭവമാണ്. ചരിത്ര വഴിയിൽ, ക്രൈസ്തവ ലോകം ഇക്കാര്യത്തിൽ പിന്നാക്കം പോവുകയും 'ക്രൈസ്തവ' സാമ്രാജ്യങ്ങൾ സ്ഥാപിച്ചുകൊണ്ട് ദൈവാധിപത്യത്തിന്റെ (തിയോക്രസിയുടെ) രാഷ്ട്രീയ രൂപങ്ങൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും, ജനങ്ങൾക്ക് നിയമ നിർമ്മാണത്തിലുള്ള പരമാധികാരത്തെ അംഗീകരിക്കുന്ന 'ജനാധിപത്യം' എന്ന രാഷ്ട്രീയ രൂപത്തിന് ക്രൈസ്തവ ലോകത്തു സ്വീകാര്യത ലഭിക്കാൻ ഇടയാക്കിയതിനുപിന്നിൽ, ഈ ക്രിസ്തു ദർശനം തന്നെയാണുള്ളത്.

ദൈവിക നിയമങ്ങൾ, മനുഷ്യന്റെ ആത്മീയ ധാർമിക മണ്ഡലങ്ങളെ ദീപ്തമാക്കുകയും, അതിന്റെ വെളിച്ചം ജീവിതത്തിന്റെ സമസ്ത മേഖലകളെയും പ്രകാശപൂരിതമാക്കുകയും വേണം എന്ന കാഴ്ചപ്പാട് ഇതിനോട് ചേർന്നു പോകുന്നതാണ്. മാറുന്ന കാലത്തിനും സാഹചര്യങ്ങൾക്കുമനുസരിച്ചു മനുഷ്യന്റെ രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക മണ്ഡലങ്ങളെ നിയന്ത്രിക്കുന്ന നിയമങ്ങൾ നിർമ്മിക്കാൻ മനുഷ്യ യുക്തി പര്യാപ്തമാണ് എന്ന നിലപാടാണ് ഈ കാഴ്ചപ്പാടിനു പിന്നിലുള്ളത്. 'പരിഷ്കൃത സമൂഹം' എന്ന പരികല്പന സാധ്യമാകുന്നത് ഈ നിലപാടിന്റെയും കാഴ്ചപ്പാടിന്റെയും ഫലമായാണ്.

ആധുനിക ഇന്ത്യൻ സമൂഹത്തെ, പരിഷ്കൃത ആശയങ്ങൾ സ്വാഗതം ചെയ്യുന്ന ഒരു സമൂഹമായാണ് ലോകം മനസ്സിലാക്കുന്നത്. സമഗ്രാധിപത്യ പ്രവണതയുള്ള മത നിയമങ്ങളല്ല ഇന്ത്യൻ സമൂഹ നിർമ്മിതിയുടെ പ്രേരണാശക്തി. ജനാധിപത്യത്തിന്റെ ചട്ടക്കൂടിൽ, സാമൂഹിക സാമ്പത്തിക രാഷ്ട്രീയ മണ്ഡലങ്ങളെ, ഭരണഘടനാപരമായി രൂപപ്പെടുത്തുകയും, നൈയ്യാമികമായി ചിട്ടപ്പെടുത്തുകയും ചെയ്യുന്നതാണ് സ്വതന്ത്ര ഇന്ത്യയുടെ

www.malankaralibrary.com

നയ്യാമിക സ്വത്വം. അതിനെ അംഗീകരിക്കുന്ന വരാണ് ഇന്ത്യയിലെ പൗരസമൂഹത്തിലുള്ളത്.

സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ മണ്ഡലങ്ങളിൽ, രാഷ്ട്രത്തിന്റെ നിയമങ്ങളാണ് വ്യക്തികളെയും സമൂഹങ്ങളെയും അവയുടെ പ്രവർത്തന മണ്ഡലങ്ങളെയും നിയന്ത്രിക്കുന്ന മുഖ്യ ഘടകം. എന്നാൽ, വ്യക്തികളുടെയും സമൂഹങ്ങളുടെയും ആത്മീയവും, ധാർമികവുമായ മണ്ഡലങ്ങളിൽ മനസ്സാക്ഷിയുടെ ധാർമ്മിക ശബ്ദത്തിനാണ് പ്രാമുഖ്യം. അതിനെ കുച്ചുവിലങ്ങിടുന്ന നിയമ നിർമ്മാണങ്ങൾ ഭരണഘടനാ വിരുദ്ധവും മൗലിക അവകാശങ്ങളുടെ ലംഘനവും മനുഷ്യാവകാശ വിരുദ്ധവുമാണ്. രാഷ്ട്രീയ ലക്ഷ്യങ്ങളോടെ ഈ മേഖലയിലേക്ക് കടന്നു കയറി നിയമ നിർമ്മാണം നടത്തുന്നത്, ഭരണഘടനാപരവും ധാർമ്മികവും മനുഷ്യാവകാശപരവുമായ പ്രതിസന്ധികൾ സൃഷ്ടിക്കും എന്നതിൽ സംശയമില്ല.




സങ്കുചിത താല്പര്യങ്ങളുള്ളവർ നിയമനിർമ്മാണ സഭകളിൽ ആധിപത്യംനേടിയാൽ, വ്യക്തികളുടെ മനസ്സാക്ഷിയുടെയും സമൂഹത്തിന്റെ ധാർമികതയുടെയുംശബ്ദങ്ങൾവനരോദനങ്ങളായി ഭവിക്കാം...! മനുഷ്യത്വ വിരുദ്ധവും മനസാക്ഷിക്ക് നിരക്കാത്തതും അധാർമ്മികവുമായ നിയമങ്ങൾ നിർമ്മിച്ചുകൊണ്ട്, സ്വേച്ഛാധിപത്യത്തിന്റെ പുത്തൻ രൂപങ്ങൾ ആവിഷ്കരിച്ചു എന്നു വരാം. സ്വാതന്ത്ര്യത്തിന്റെ വില നിതാന്ത ജാഗ്രതയാണ് എന്നു മറക്കാതിരിക്കാം.

# വികലമായ മദ്യനയം പിൻവലിക്കണം: കെസിബിസി മദ്യവിരുദ്ധ സമിതി

കൊച്ചി: സർക്കാരിന്റെ മദ്യനയം പ്രഖ്യാപിക്കുമ്പോൾ യുവജനങ്ങളെയും കുട്ടികളെയും ലഹരിയിൽ മുക്കിക്കൊല്ലാതിരിക്കാനും സമൂഹത്തിന്റെ ഭാവിയെക്കരുതി ലഭ്യത കുറയ്ക്കാനും വികലമായ മദ്യനയം പിൻവലിക്കാൻ സാധ്യമാകുന്ന തീരുമാനവും ഉണ്ടാകണമെന്ന് കെസിബിസി മദ്യവിരുദ്ധസമിതി സംസ്ഥാന നേതൃസമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് കെസിബിസി മദ്യവിരുദ്ധ സമിതി സംസ്ഥാന ജനറൽ സെക്രട്ടറി സർക്കാരിനോടാവശ്യപ്പെട്ടു.

റീജനൽ ഡയറക്ടർ ഫാ. ആന്റണി അറയ്ക്കലിന്റെ അധ്യക്ഷതയിൽ പാലാരിവട്ടം പിഒസി യിൽ കൂടിയ യോഗത്തിൽ ഫാ. ദേവസ്യ പന്തലുക്കാരൻ ആമുഖ പ്രസംഗം നടത്തി. 23-ാമത് സംസ്ഥാനസമ്മേളനം ഏപ്രിൽ 27, 28 തീയതികളിൽ തലശ്ശേരി അതിരൂപതയുടെ ആതിഥേയത്വത്തിൽ നടത്തുവാനും മികച്ച മദ്യവിരുദ്ധപ്രവർത്തകൻ, രൂപത എന്നിവരെ തെരഞ്ഞെടുക്കുവാനും തീരുമാനിച്ചു. യോഗത്തിൽ ഫാ. ജോൺ വടക്കേക്കളം, ഫാ. ഷൈജു ചിറയിൽ, തോമസ്കുട്ടി മണക്കുന്നേൽ, അജിത് ശംഖുമുഖം, ബോണി സി.എക്സ്, ജെസ്സി ഷാജി എന്നിവർ സംസാരിച്ചു. (13/01/2022)



കെസിബിസി മദ്യവിരുദ്ധ സമിതി സംസ്ഥാന നേതൃസമ്മേളനം സംസ്ഥാന ജനറൽ സെക്രട്ടറി ഫാ. ജോൺ അരീക്കൽ ഉദ്ഘാടനം ചെയ്യുന്നു. ഫാ. ദേവസ്യ പന്തലൂക്കാരൻ, ഫാ. ആന്റണി അറയ്ക്കൽ, തോമസ്കുട്ടി മണക്കുന്നേൽ, ഫാ. ഷൈജു ചിറയിൽ, ജെസ്സി ഷാജി, അജിത്, വർഗീസ് എന്നിവർ സമീപം.

www.malankaralibrary.com

**സാമൂഹിക മാധ്യമങ്ങളിൽ കാലാനുസൃത ഇടപെടലുകളുമായി**
**കെസിബിസി ഐക്യജാഗ്രതാ കമ്മീഷൻ**

സാമൂഹ്യജാഗ്രത സംബന്ധമായി സഭയുടെ നിലപാടുകൾ, കെസിബിസി പ്രസ്താവനകൾ, ആനുകാലിക സംഭവവികാസങ്ങളുമായി ബന്ധപ്പെട്ട പ്രതികരണങ്ങൾ, വാർത്തകൾ തുടങ്ങിയവ യഥാസമയം അറിയുവാനും പ്രതികരണങ്ങൾ അറിയിക്കുവാനും കെസിബിസി ഐക്യജാഗ്രതാ കമ്മീഷന്റെ ഫേസ്ബുക്ക് പേജ് സന്ദർശിക്കുക:

**https://www.facebook.com/kcbcvigilance**

. . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .

ഔദ്യോഗിക വാട്ട്സാപ്പ് നമ്പർ: +917594900555
വാർത്തകളും പ്രതികരണങ്ങളും തത്സമയം ലഭിക്കാൻ
കമ്മീഷന്റെ വാട്ട്സാപ്പ് ഗ്രൂപ്പിൽ അംഗമാകാവുന്നതാണ്.

. . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .

**Scan QR Code to Join**

FaceBook Page

YouTube Channel

## KCBC SOCIAL HARMONY AND VIGILANCE COMMISSION

**Chairman:** Rt. Rev. Dr. Joseph Kariyil
**Vice Chairmen:** Abp. Mar Andrews Thazhath, Bp. Mar Pauly Kannookkadan
**Secretary:** Fr. Michael Pulickal CMI

**Pastoral Orientation Centre (POC), Palarivattom**
**Vennala PO, Kochi - 682028**

**Email:** kcbcshvc@gmail.com **Website:** www.kcbcjagratha.com

www.malankaralibrary.com

“നിതാന്തമായ ശാന്തി പുലരുന്നതിനുവേണ്ടി മൂന്നു മാർഗങ്ങൾ നിർദ്ദേശിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഒന്ന്, തലമുറകൾ തമ്മിലുള്ള സംഭാഷണമാണ്. പങ്കുവയ്ക്കപ്പെടുന്ന പദ്ധതികളുടെ സാക്ഷാത്കാരത്തിന് അടിസ്ഥാനമായി അത് വർത്തിക്കും. രണ്ട്, സ്വാതന്ത്ര്യം, ഉത്തരവാദിത്തം, വളർച്ച എന്നീ ഘടകങ്ങളുള്ള വിദ്യാഭ്യാസം. മൂന്നാമതായി മനുഷ്യാന്തസ്സിന്റെ പൂർണ്ണമായ സാക്ഷാത്കാരത്തിനുതകുന്ന തൊഴിൽ. സാമൂഹികമായ ഒരു ഉടമ്പടിയുടെ സംരചനയ്ക്ക് വേണ്ട, ഒഴിച്ചുകൂടാനാവാത്ത ഘടകങ്ങളാണിവ. ഇവയുടെ അഭാവത്തിൽ ഓരോ സമാധാന പദ്ധതിയും സാരവത്തല്ലാതായിത്തീരും.”

*Pope Francis*



Published by: Fr. Michael Pulickal, Secretary, KCBC Commission for Social Harmony and Vigilance
POC, Palarivattom, Kochi - 28